# TRICHUR ARCHDIOCESAN BULLETIN

February 2017



തൃശ്ശൂർ
അതിരൂപതയിലെ
നവവൈദികർ



Fr. Chakkalakkal
Seejan



Fr. Chiramel
Christeen



Fr. Emmatty
Jomon



Fr.Kaippullyparamban
Benny



Fr. Kallarakkal
Pratheesh



Fr. Koothur Vellattukara
Anish



Fr. Mandumpal
Taison



Fr. Olakkengil
Dunstan



Fr.Poozhikkunnel
Justin

നവവൈദികർക്ക്
ആശംസകൾ



Fr. Vazhappilly
Jibi

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
ഫെബ്രുവരി 2017
ലക്കം : 2


*Imprimatur*
(Sd)
**Mar Andrews Thazhath**
Archbishop of Trichur


***Chief Editor***
**Fr. Francis Aloor**

***Executive Editor***
**Fr. Dominic Thalakkoden**
**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org


## ഈ ലക്കത്തിൽ


- ❖ സർക്കുലർ 5
- ❖ കച്ചേരികാര്യം 31
- ❖ അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ - ഫെബ്രുവരി 35
- ❖ സഹായമെത്രാന്റെ പരിപാടികൾ - ഫെബ്രുവരി 36
- ❖ നാളാഗമം 37
- ❖ നാമകരണ നടപടികൾ 41
- ❖ സാമ്പത്തിക കാര്യാലയം 42
- ❖ വൈദികർ 44
- ❖ സന്യസ്തർ 45
- ❖ സ്ഥാപനങ്ങൾ 49
- ❖ സാന്ത്വനം 80
- ❖ സംഘടനകൾ 86

Ref: 2998 /K 35/OL/KCBC/DS 3.1.2017

# ഇരുപത്തഞ്ചാം ആഗോള രോഗീദിനാചരണസന്ദേശം
# 11 ഫെബ്രുവരി 2017

### ഫ്രാൻസിസ് മാർപാപ്പാ

### ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം

*"സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു" (ലൂക്കാ 1:49)*

പ്രീയസഹോദരീസഹാദരന്മാരേ,

ഇരുപത്തഞ്ചാം ആഗോളരോഗീദിനം സഭ മുഴുവനിലും സവിശേഷമാംവിധം ലൂർദിലും ഫെബ്രുവരി 11-ന് ആഘോഷിക്കും. ഈ വർഷത്തെ ചിന്താവിഷയം "ദൈവം ചെയ്ത വലിയ കാര്യങ്ങളെക്കുറിച്ചുള്ള വിസ്മയം: സർവശക്തൻ എനിക്കായി വലിയ കാര്യങ്ങൾ ചെയ്തിരിക്കുന്നു..." (ലൂക്കാ 1:49) എന്നതായിരിക്കും. ഈ ദിനാചരണം എന്റെ മുൻഗാമി വിശുദ്ധ ജോൺ പോൾ 2-ാമൻ 1992 -ൽ സ്ഥാപിച്ചതും 1993 ഫെബ്രുവരി 11-ന് ആദ്യമായി ലൂർദിൽ ആരംഭിച്ചതുമാണ്. വേദനിക്കുന്നവരായ എല്ലാവരെയും വിശിഷ്യ രോഗികളുടെ പ്രത്യേക ആവശ്യങ്ങളെക്കുറിച്ച് ചിന്തിക്കാനുള്ള പ്രത്യേക ഒരവസരമാണിത്. രോഗികളെ ഉദാരതയോടെ സഹായിക്കുന്ന കുടുംബാംഗങ്ങൾ ആരോഗ്യമേഖലയിൽ ജോലിചെയ്യുന്നവർ സന്നദ്ധസേവകർ എന്നിവർക്ക് ദൈവത്തോടു നന്ദി പറയാനുള്ള ഒരവസരം കൂടിയാണിത്. കാരണം രോഗികളായ സഹോദരീസഹോദരന്മാരുടെ കൂടെയായിരിക്കാൻ അവരെ ദൈവം വിളിച്ചല്ലോ. ദരിദ്രരെയും രോഗികളെയും വേദനിക്കുന്നവരെയും സമുദായഭ്രഷ്ടരെയും പാർശ്വവത്കരിക്കപ്പെട്ടവരെയും സഹായിക്കുകയെന്നത് സഭയുടെ മൗലിക

ദൗത്യത്തിന്റെ ഒരു ഭാഗമാണ്. അതുകൊണ്ട് ഈ ആചരണം സഭയ്ക്ക് തന്റെ മൗലിക ദൗത്യം കൂടുതൽ പൂർണമായി വഹിക്കാനുള്ള നവീകൃതമായ ആത്മീയ ഊർജം നല്കുന്ന ഒരു സന്ദർഭം കൂടുയാണിത് (cf John Paul II, Motu Proprio Dolentium Hominum 2 Feb. 1985, 1). ഈ ദിവസങ്ങളിൽ ലൂർദിൽ നടത്തുന്ന പ്രാർത്ഥന കുർബാനയാചരണം രോഗീലേപനം രോഗികളുമായുള്ള പങ്കുവയ്ക്കൽ, ജീവ-ധർമ്മശാസ്ത്രപരവും ദൈവശാസ്ത്രപരവും അജപാലനപരവുമായ ശില്പശാലകൾ എന്നിവ ഈ സേവനരംഗത്ത് തീർച്ചയായും നവീനവും ശ്രദ്ധേയവുമായ സംഭാവനകൾ കാഴ്ചവയ്ക്കും.

ഞാൻ ഇപ്പോഴും മസാബില്ലേയിലെ ഗ്രോട്ടോയിൽ, അമലോദ്ഭവ മാതാവിന്റെ രൂപത്തിന്റെ മുമ്പിൽ, ആത്മീയമായി സന്നിഹിതനാണ്. മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി സർവശക്തൻ വലിയ കാര്യങ്ങൾ ആ മാതാവിലാണല്ലോ പ്രവർത്തിച്ചത്.

വേദനയനുഭവിക്കുന്ന സഹോദരീസഹോദരന്മാരേ, നിങ്ങളോടും നിങ്ങളുടെ കുടുംബങ്ങളോടുമുള്ള എന്റെ ആത്മബന്ധം ഞാൻ പ്രകാശിപ്പിക്കുന്നു. വിവിധ സേവനരംഗങ്ങളിലും, ആരോഗ്യശുശ്രൂഷാസ്ഥാപനങ്ങളിലും ലോകത്ത് എവിടെയും പ്രവർത്തിക്കുന്ന എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. വൈദഗ്ധ്യത്തോടും ഉത്തരവാദിത്വബോധത്തോടും കൂടിയുള്ള സമർപ്പിത ശുശ്രൂഷയും ചികിത്സയും ചെയ്യുന്ന, അനുദിനക്ഷേമപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന നിങ്ങളെ എല്ലാവരെയും ഞാൻ അഭിനന്ദിക്കുന്നു. ദൈവത്തിന് ഓരോ മനുഷ്യനോടുമുള്ള സ്നേഹത്തിന്റെ സുനിശ്ചിതമായ അടയാളവും ദൈവേഷ്ടത്തിനു കീഴ്വഴങ്ങുന്നതിന്റെ മാതൃകയും "രോഗികളുടെ ആരോഗ്യവും" ആയ മറിയത്തിൽ കണ്ടെത്തുവാൻ രോഗികളും പീഡസഹിക്കുന്നവരും, ചികിത്സകരും, നേഴ്സുമാരും കുടുംബാംഗങ്ങളും സന്നദ്ധസേവകരുമായ നിങ്ങളെയെല്ലാവരെയും ഞാൻ പ്രോത്സാഹിപ്പിക്കുന്നു. ദിവ്യവചനംകൊണ്ടും കൂദാശകൾകൊണ്ടും

പോഷിപ്പിക്കപ്പെട്ട്, വിശ്വാസത്തിൽ, രോഗാവസ്ഥയിലും ദൈവത്തെ സ്നേഹിക്കാനുള്ള ശക്തി നിങ്ങൾ നേടാൻ ഇടയാകട്ടെ.

വിശുദ്ധ ബർണദീത്തയെപ്പോലെ നമ്മൾ പരിശുദ്ധ മറിയത്തിന്റെ സൂക്ഷ്മമായ നോട്ടത്തിൻ കീഴിൽ നില്ക്കുന്നു. താൻ സ്നേഹ പൂർണയായ നാഥ എന്നു വിളിക്കുന്ന പരിശുദ്ധ കന്യകാമറിയം ഒരാൾ മറ്റൊരാളെ നോക്കുന്നതുപോലെ തന്റെ നേരേ നോക്കിയെന്ന് ലൂർദിലെ വിനീത കന്യകയായ ബർണദീത്ത പറയുന്നു. ലളിതമായ ആ വാക്കുകൾ ഒരു ബന്ധത്തിന്റെ പൂർണതയെ വിവരിക്കുന്നുണ്ട്. മറിയം ഒരു വ്യക്തിയെന്ന നിലയിൽ തന്റെ നേരേ നോക്കുകയായിരുന്നുവെന്ന് ദരിദ്രയും അക്ഷരജ്ഞാനമില്ലാത്തവളും രോഗിണിയുമായ ബർണദീത്തായ്ക്കു തോന്നി. സ്നേഹപൂർണയായ കന്യകാമറിയം അവളോട് വലിയ ബഹുമാനത്തോടും ഗൗരവം വെടിഞ്ഞ് ദാക്ഷിണ്യത്തോടെയും സംസാരിച്ചു. ഇത് ഒരു വസ്തുത നമ്മെ ഓർമ്മിപ്പിക്കുന്നു. ഓരോ വ്യക്തിയും എപ്പോഴും ഒരു മനുഷ്യനാണ്. അങ്ങനെ നിലകൊള്ളുകയും ചെയ്യുന്നു. അതുകൊണ്ട് അതനുസരിച്ച് നാം ഓരോ വ്യക്തിയോടും പെരുമാറണം എന്നതാണ് ആ വസ്തുത. രോഗികൾക്കും അംഗപരിമിതർക്കും അവരുടെ ജീവിതത്തിൽ അന്യവത്കരിക്കാനാവാത്ത അതിയായ മഹത്ത്വവും ദൗത്യവുമുണ്ട്. അവർ ഒരിക്കലും നിസ്സാര വസ്തുക്കളായിത്തീരുന്നില്ല. ചിലപ്പോൾ അവർ നിഷ്ക്രിയരായി കാണപ്പെട്ടാമെങ്കിലും യഥാർത്ഥത്തിൽ നിഷ്ക്രിയരല്ല.

ബർണദീത്ത, ഗ്രോട്ടോ സന്ദർശിച്ചതിനുശേഷം, അവളുടെ പ്രാർത്ഥനയുടെ സഹായത്താൽ, തന്റെ ദൗർബല്യത്തെ മറ്റുള്ളവർക്കു സഹായകരമാക്കി മാറ്റി. തന്റെ അയൽക്കാരെ ശക്തിപ്പെടുത്താൻ സ്നേഹം മൂലം അവൾക്കു കഴിഞ്ഞു. സർവോപരി, മനുഷ്യവംശത്തിന്റെ രക്ഷയ്ക്കുവേണ്ടി തന്റെ ജീവൻ സമർപ്പിക്കാനും സാധിച്ചു. പാപികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ സ്നേഹപൂർണയായ കന്യകാമറിയം അവളോട് ആവശ്യപ്പെട്ടു. ഈ യാഥാർത്ഥ്യം നമ്മെ ഒരു കാര്യം ഓർമ്മിപ്പിക്കുന്നുണ്ട്. അതായത്, രോഗികളും സഹിക്കുന്നവരും സൗഖ്യം

ലഭിക്കാൻ മാത്രമല്ല അവർ യഥാർത്ഥ ക്രൈസ്തവരായി ജീവിക്കാനും, ക്രിസ്തുവിന്റെ യഥാർത്ഥ പ്രേഷിതശിഷ്യന്മാരെപ്പോലെ ജീവിതം സമർപ്പിക്കാൻപോലും, ആഗ്രഹിക്കുന്നുണ്ട്. കന്യകാമറിയം ബർണദീത്തായ്ക്ക് രോഗികളെ ശുശ്രൂഷിക്കാനുള്ള വിളി നല്കി. പരസ്നേഹത്തിന്റെ സഹോദരിയാകാൻ അവളെ വിളിച്ചു. ആ ദൗത്യം അവർ ഏറെ മാതൃകാപരമായ രീതിയിൽ നിർവഹിച്ചു. ആരോഗ്യശുശ്രൂഷ നിർവഹിക്കുന്നവർക്കെല്ലാം അത് മാതൃകയായിത്തീർന്നു. തീർച്ചയായും സഹായം ആവശ്യമുള്ള വ്യക്തികളായി രോഗികളെ കണ്ട് അവരോട് എപ്പോഴും ബന്ധപ്പെടാനുള്ള അനുഗ്രഹത്തിനായി അമലോദ്ഭവമറിയത്തോട് നമുക്കു പ്രാർത്ഥിക്കാം. രോഗികൾക്ക് ചിലപ്പോൾ ചെറിയ സഹായങ്ങളായിരിക്കും ആവശ്യമുള്ളത് എന്നാലും മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ സ്വന്തമായ ഒരു ദാനം അവർക്കുണ്ട്.

പീഡിതരോടും ദരിദ്രരോടുമുള്ള സഭയുടെ അനുദിനസമർപ്പണത്തിൽ "പീഡിതരുടെ ആശ്വാസ"മായ മറിയത്തിന്റെ നോട്ടം സഭയുടെ മുഖത്തെ പ്രകാശിപ്പിക്കുന്നു. സഹനത്തിന്റെയും രോഗത്തിന്റെയും ലോകത്തോടുള്ള ഈ താത്പര്യത്തിന്റെ അമൂല്യഫലങ്ങൾ കർത്താവായ യേശുവിനോട് നന്ദിപറയാനുള്ള ഒരു കാരണമാണ്. അവിടന്ന് പിതാവിന്റെ ഇഷ്ടമനുസരിച്ച് നമ്മിൽ ഒരാളായിത്തീർന്നു. മനുഷ്യവംശത്തെ വീണ്ടെടുക്കാൻവേണ്ടി കുരിശുമരണം സഹിക്കുക കൂടി ചെയ്തു. മറിയത്തിൽ നിന്നു ജനിച്ച ദൈവപുത്രനായ ക്രിസ്തു പ്രദർശിപ്പിച്ച ഐക്യദാർഢ്യം ദൈവത്തിന്റെ കരുണാപൂർണമായ സർവശക്തിയുടെ ഒരു പ്രകാശനമാണ്. അതാകട്ടെ നമ്മുടെ ജീവിതത്തിൽത്തന്നെ – സർവോപരി ജവിതം ദുർബലവും വേദനാപൂർണവും അപമാനിതവും പാർശ്വവത്കൃതവും സഹനപൂർണവുമായിത്തീരുമ്പോൾ – വെളിവാക്കപ്പെട്ടിട്ടുണ്ട്. നമ്മെ പിടിച്ചുനിറുത്താനും വീണ്ടും എഴുന്നേല്ക്കാനും സഹായിക്കുന്ന പ്രത്യാശയുടെ ശക്തികൊണ്ട് അതു ജീവിതം നിറയ്ക്കുകയും ചെയ്യുന്നു.

മനുഷ്യത്വത്തിന്റെ മഹാസമ്പത്തും വിശ്വാസവും ദുർവ്യയം ചെയ്തുകളയരുത്. മറിച്ച്, മാനുഷിക ദൗർബല്യത്തെക്കുറിച്ച് തുറന്നു പറയാനും ഇന്നത്തെ ആരോഗ്യസംരക്ഷണത്തിന്റെയും സാങ്കേതികവിദ്യയുടെയും വെല്ലുവിളികളെ നേരിടാനും അത് നമ്മെ പ്രചോദിപ്പിക്കണം. ഈ ആഗോളരോഗീദിനാചരണ ദിവസം ജീവനോടും ആരോഗ്യത്തോടും പരിസ്ഥിതിയോടും ബഹുമാനം കാണിക്കുന്ന ഒരു സംസ്കാരത്തിനുവേണ്ടി അധ്വാനിക്കാൻ പുതിയ പ്രചോദനം നമുക്കു കണ്ടെത്താം. വ്യക്തികളുടെ സമഗ്രതയും മഹത്ത്വവും സംരക്ഷിക്കുന്നതിന് നവീന പരിശ്രമങ്ങൾ ചെയ്യാൻ ഈ ദിവസം നമ്മെ പ്രചോദിപ്പിക്കട്ടെ. ജീവ-ധർമ്മശാസ്ത്രപരമായ പ്രശ്നങ്ങളോടും ദുർബലർക്കുള്ള സംരക്ഷണത്തോടും പരിസ്ഥിതി സംരക്ഷണത്തോടും ശരിയായ സമീപനം പുലർത്താൻ അതു ഉത്തേജനം നല്കട്ടെ.

ഈ ഇരുപത്തഞ്ചാം ആഗോളരോഗീദിനാചരണദിവസം ചികിത്സകർക്കും നേഴ്സുമാർക്കും സന്നദ്ധസേവകർക്കും രോഗികളെയും ദരിദ്രരെയും സേവിക്കാൻ സ്വയം സമർപ്പിച്ച സന്ന്യാസിനീസന്ന്യാസികൾക്കും ഒരിക്കൽകൂടി എന്റെ പ്രാർത്ഥനാപൂർവകമായ പിന്തുണയും പ്രോത്സാഹനവും ഞാൻ നല്കുന്നു. ഈ ലക്ഷ്യത്തിനായി അധ്വാനിക്കുന്ന സഭാസ്ഥാപനങ്ങളെയും സിവിൽ സ്ഥാപനങ്ങളെയും രോഗികളെയും സ്നേഹപൂർവം പരിചരിക്കുന്ന കുടുംബങ്ങളെയും ഞാൻ സ്നേഹപൂർവം ആശ്ലേഷിക്കുന്നു. അവയെല്ലാം ദൈവസ്നേഹത്തിനുള്ള സാന്നിധ്യത്തിന്റെ സന്തോഷപൂർണമായ അടയാളങ്ങളായിരിക്കട്ടെയെന്നു ഞാൻ പ്രാർത്ഥിക്കുന്നു. ആശുപത്രികളുടെയും ആരോഗ്യപാലകരുടെയും രക്ഷാധികാരികളായ വിശുദ്ധ ജോൺ ഓഫ് ഗോഡ്, വിശുദ്ധ കമില്ലൂസ് ഡി ലെല്ലീസ് ദൈവസ്നേഹത്തിന്റെ പ്രേഷിതയായ കൽക്കട്ടയിലെ മദർ തെരേസ എന്നിവർ ഉൾപ്പെടുന്ന ദൈവത്തിന്റെ അനേക സുഹൃത്തുക്കൾ നല്കിയ പ്രഭാപൂരിതമായ സാക്ഷ്യത്തെ അവർ അനുകരിക്കട്ടെ.

പ്രിയ സഹോദരീസഹോദരന്മാരേ, രോഗികളേ, ആരോഗ്യപാലകരേ, സന്നദ്ധസേവകരേ, നിങ്ങൾ എന്നോടൊപ്പം കന്യകാമറിയ

ത്തോടു പ്രാർത്ഥിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമ്മുടെ വിശ്വാസത്തോടൊപ്പമുണ്ടായിരിക്കുകയും നമ്മെ സംരക്ഷിക്കുകയും ചെയ്യട്ടെ. സുഖപ്പെടുത്തലിന്റെയും ആരോഗ്യപാലനത്തിന്റെയും യാത്രയിൽ അവൾ തന്റെ പുത്രനായ ക്രിസ്തുവിൽ നിന്ന് പ്രത്യാശ നേടിത്തരട്ടെ. സാഹോദര്യത്തെയും ഉത്തരവാദിത്വത്തെയും സംബന്ധിച്ച ബോധവും സമഗ്രമാനുഷിക വികസനത്തെക്കുറിച്ചുള്ള സമർപ്പണബോധവും ദൈവം തന്റെ വിശ്വസ്തതയും കാരുണ്യവും വഴി നമ്മെ വിസ്മയിപ്പിക്കുന്നിടത്തെല്ലാം കൃതജ്ഞത തോന്നുന്നതിന്റെ സന്തോഷവും സംലബ്ധമാക്കട്ടെ.

ഞങ്ങളുടെ അമ്മയായ മറിയമേ, ഞങ്ങളിൽ ഓരോരുത്തരെയും പുത്രനോ പുത്രിയോ ആയി ക്രിസ്തുവിൽ സ്വാഗതം ചെയ്യണമേ. ആത്മവിശ്വസത്തോടെയുള്ള ഞങ്ങളുടെ ഹൃദയങ്ങളുടെ പ്രതീക്ഷകളെ നിലനിറുത്തണമെ. ഞങ്ങളുടെ രോഗങ്ങളിലും സഹനങ്ങളിലും ഞങ്ങളെ സഹായിക്കണമേ. നിന്റെ പുത്രനും ഞങ്ങളുടെ സഹോദരനുമായ ക്രിസ്തുവിലേക്കു ഞങ്ങളെ നയിക്കണമേ. മഹാകാര്യങ്ങൾ ചെയ്യുന്ന പിതാവിന് സ്വയം സമർപ്പിക്കാൻ ഞങ്ങളെ സഹായിക്കണമേ.

എന്റെ പ്രാർത്ഥനയിൽ സ്ഥിരം ഓർമ്മിച്ചുകൊള്ളാമെന്ന് ഉറപ്പുനല്കിക്കൊണ്ട്, ഹൃദയപൂർവം നിങ്ങൾക്ക് എല്ലാവർക്കും ഞാൻ അപ്പസ്തോലികാശീർവാദം തരുന്നു.

8 ഡിസംബർ 2016, അമലോദ്ഭവത്തിരുന്നാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

## സർക്കുലർ

യേശുവിൽ വാത്സല്യമുള്ള മക്കളെ,

നമ്മുടെ അതിരൂപതയുടെ ഭാഗമായി നാം ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയാണല്ലോ എക്സൽ പ്രോഗ്രാം കേന്ദ്ര-കേരള സർക്കാരുകളുടെ ഉന്നത ജോലി സാധ്യതകളിലേക്ക് നമ്മുടെ കുട്ടികളെ സജ്ജരാക്കുന്ന വിദ്യാഭ്യാസ പദ്ധതിയാണിത്. ഉത്തമജീവിത മൂല്യങ്ങളെ ഉയർത്തിപിടിക്കുന്ന നല്ല ഒരു തലമുറയെ വാർത്തെടുക്കാനുള്ള ഉദ്യമമാണിത്.

ഈ വർഷം മുതൽ കാര്യക്ഷമമായി അതിന്റെ പ്രവർത്തനങ്ങളെ മുന്നോട്ടുകൊണ്ടുപോകാൻ ആഗ്രഹിക്കുന്നു. അതിന്റെ ഭാഗമായി ഡി.ബി.സി.എൽ. സിയിൽ എക്സലിന്റെ കേന്ദ്ര ഓഫീസ് ജനുവരി 6 മുതൽ പ്രവർത്തന സജ്ജമായി. ഈ ഓഫീസ് അനുബന്ധമായി മെഡിക്കൽ, എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് റഗുലർ ബാച്ചുകൾ ആരംഭിക്കുവാനുള്ള ക്ലാസ്സുമുറികളും സജ്ജമായിട്ടുണ്ട്.

സിവിൽ സർവ്വീസ് പരീക്ഷയ്ക്കുള്ള റസിഡൻഷ്യൽ കോച്ചിംഗ് സെന്റർ അവണിശ്ശേരി ഓർഫനേജ് കേന്ദ്രീകൃതമായി ഒരുക്കിക്കൊണ്ടിരിക്കുന്നു.

കത്തോലിക്കാ കുട്ടികൾക്കാണ് ഈ പരിശീലനത്തിൽ മുൻഗണന നൽകുന്നത്. ഇതര സമുദായങ്ങളിലെ കുട്ടികളെ സാഹചര്യങ്ങൾക്കനുസരിച്ച് ഉൾപ്പെടുത്തുന്നു.

നമ്മുടെ സമുദായത്തിലെ കുട്ടികൾക്ക് പ്രാധാന്യം നൽകുന്നതിനായി മതബോധന തലത്തിൽ നിന്നാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. അതിനാൽ ഈ വരുന്ന ഫെബ്രുവരി മാസം 24-ാം തിയ്യതി നടത്തുന്ന അപ്റ്റിറ്റ്യൂഡ് പരീക്ഷയിൽ നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്ന് താൽപ്പര്യപ്പെടുന്നു. ഇതിനെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ എക്സൽ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

നമ്മുടെ കുട്ടികളുടേയും അതുവഴി സമുദായത്തിന്റെയും ബൗദ്ധികമായ വളർച്ചയ്ക്ക് വേണ്ടി നാം ഏറ്റെടുക്കുന്ന ഈ ശുശ്രൂഷയെ സർവ്വാത്മനാ പ്രോത്സാഹിപ്പിക്കണമെന്ന് സ്നേഹപൂർവ്വം എല്ലാവരോടും ആഹ്വാനം ചെയ്യുന്നു.

സ്നേഹത്തോടെ,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

Ref: 3000/K 35/OL/KCBC/DS 18.01.2017

## 2017 ഫെബ്രുവരി 12

# തിരുബാലസഖ്യദിനം

## കെസിബിസി വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരെ,

മറ്റൊരു തിരുബാലസഖ്യദിനം കൂടി സമാഗതമായിരിക്കുന്നു. നസ്രായനായ യേശുവിന്റെ ബാല്യത്തെ സ്മരിച്ചുകൊണ്ട് നമുക്കു ചുറ്റുമുള്ള ഓരോ ബാല്യവും തിരുബാല്യങ്ങളാക്കി മാറ്റേണ്ട ആവശ്യകതയെക്കുറിച്ചാണ് നാം ധ്യാനിക്കേണ്ടത്. കുട്ടികളെ വളർത്തി വലുതാക്കി സഭയ്ക്കും സമൂഹത്തിനും ഉപകാരപ്രദവും പരമോന്നതനായ ദൈവത്തിന്റെ ഉപരി മഹത്വത്തിനായി സമർപ്പിക്കുകയെന്നതുമാണ് മാതാപിതാക്കളുടെയും മുതിർന്ന വരുടെയും കടമ. അതിനാൽത്തന്നെ തിരുബാലസഖ്യദിനം ആചരിക്കുമ്പോൾ തിരുബാലസഖ്യകൂട്ടായ്മയിലെ എല്ലാ കുട്ടികൾക്കും അവരെ നയിക്കുന്നവർക്കും ആശംസകൾ നേരുന്നതോടൊപ്പം സഭാഗാത്രത്തിലെ എല്ലാ മാതാപിതാക്കൾക്കും മുതിർന്നവർക്കുമായി ചില ചിന്തകൾ ധ്യാനപൂർവ്വം പങ്കുവയ്ക്കുക കൂടി ചെയ്യട്ടെ.

നാലാം പ്രമാണത്തിന്റെ അന്തഃസത്ത മനസ്സിലാക്കിക്കൊണ്ട് കത്തോലിക്കാസഭയുടെ മതബോധനങ്ങൾ അനുശാസിക്കുന്ന തനുസരിച്ച് തിരുവചനത്തിലധിഷ്ഠിതമായ ചിന്താ ശകലങ്ങളാണ് ഇവിടെ ധ്യാനവിഷയമാകുന്നത്.

മത്താ. 2,11: അവർ ഭവനത്തിൽ പ്രവേശിച്ച് ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കാണുകയും അവനെ കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും കുന്തുരുക്കവും മീറയും കാഴ്ചയർപ്പിച്ചു.

മത്താ. 2,21: അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രയേൽ ദേശത്തേക്കു പുറപ്പെട്ടു.

ലോകരക്ഷകൻ ഇല്ലായ്മയുടെയും ഭീതിയുടെയും നിഴലിൽ ഭൂമിയെ പുൽകുന്ന ഒരു രംഗത്തിലെ രണ്ടു ഭാവങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്. ഈ തിരുവചന ഭാഗങ്ങൾ നല്കുന്ന ചില പ്രകാശകിരണങ്ങൾ നമുക്ക് പരിശോധിക്കാം.

1. ജ്ഞാനികൾ ഭവനത്തിൽ പ്രവേശിച്ചു: ഭവനമെന്ന രീതിയിൽ ഇവിടെ പരാമർശിക്കുന്നത് ഒരു കാലി സങ്കേതമാണെന്നും ഒരു സത്രമൊ, സ്വന്തം ഭവനമൊ അല്ലാ എന്നും തിരുവചനം സൂചന നല്കുന്നു. സമ്പത്തിന്റെയോ സ്ഥലമഹിമയുടെയൊ പാരമ്പര്യത്തിന്റെയൊ പ്രഭാവമല്ല ഭവനമെന്ന ഒരു ഇടം സമ്മാനിക്കുന്നത്. മറിച്ച് അപ്പനും അമ്മയും പൈതലും സ്നേഹത്തിൽ ഒരുമിക്കുന്ന ഇടമാണ്. അത്തരത്തിൽ തെരുവിന്റെ തീരങ്ങൾ വരെ സ്നേഹഭവനമാവുകയും മണി മാളികകൾ സ്പന്ദനം നിലച്ച് ശൈത്യം പിടിച്ചുപോയ കെട്ടിടകൂട്ടങ്ങൾ ആകുകയും ചെയ്യുന്നുണ്ട്. ജ്ഞാനികൾക്ക് കടന്നു വരുവാൻ സാധിക്കുംവിധം നമ്മുടെ കുടുംബങ്ങളെ ഭവനങ്ങളാക്കേണ്ടതുണ്ട്. ഓരോ കുടുംബത്തിലും വളർന്നു വരുന്ന പൈതങ്ങളും കുട്ടികളും ജ്ഞാനികളുടെയും ദൈവ വീക്ഷണമുള്ളവരുടെയും കാഴ്ചപ്പാടിൽ യോഗ്യതയുള്ളവരാക്കുകയും ചെയ്യേണ്ടതുണ്ട്. വിവേകമുള്ളവർ തിരിച്ചറിയും, വളർന്നു വരുന്നത് തിരുബാല്യങ്ങൾ തന്നെയാണോ എന്ന്.

2. യേശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു: ആധുനിക സമൂഹത്തിലെ ഒരു വലിയ വെല്ലുവിളിയായി ഇത് മാറിയിട്ടുണ്ടെന്നാണ് നിഗമനം. പല കാരണങ്ങളാൽ കുട്ടികളിൽ നിന്നും അകന്നു ജീവിക്കുന്ന അമ്മമാരുടെ എണ്ണം ക്രമാനുഗതമായി വർദ്ധിച്ചു വരുന്നുണ്ട്. കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷിതത്വത്തിനുവേണ്ടി മറുനാടുകളിലും അകലങ്ങളിലും ജീവിക്കുന്ന അമ്മമാർക്ക് ഈ അകലം തികച്ചും വേദനാജനകം തന്നെയാവാം. എന്നാൽ അതോടൊപ്പം സാമ്പ ത്തിക ഭദ്രതയ്ക്കും സോഷ്യൽ സ്റ്റാറ്റസിനുംവേണ്ടി അകന്നു താമസിക്കുന്നവരുമുണ്ട്. പക്വതയോടെ മക്കളുടെ വളർച്ചയ്ക്കുവേണ്ടി തീരുമാനമെടുക്കേണ്ടി വരുമ്പോൾ ശ്രദ്ധാപൂർവ്വം അതു ചെയ്യുവാൻ സാധിക്കട്ടെയെന്നാണ് പ്രാർത്ഥന.

ഇന്നുകളുടെ നൊമ്പരമായി മാറുന്നത് ഒരേ കൂരയ്ക്കു കീഴിലായിരുന്നിട്ടും അകന്നുജീവിക്കുന്ന അമ്മമാരെയും മക്കളെയും കാണുമ്പോഴാണ്. കൊച്ചുകുട്ടികളെവരെയും ഇന്ന് കൂടുതലായി കാണുന്നത് അമ്മയുടെ കൂടെയല്ല, മറിച്ച്, ടിവിയുടെയും സ്മാർട്ട് ഫോണിന്റെയും കൂടെയാണ്. ഇവയൊക്കെയും സങ്കേതികതലത്തിൽ ഇവരുടെ ബുദ്ധി വികാസത്തിന് ഉപകരിക്കുമെങ്കിലും അനിയന്ത്രിതമായ ഉപയോഗം ശാരീരികമായും മാനസികമായും ആത്മീയമായും കുട്ടികളെ നല്ലതല്ലാത്ത രീതിയിൽ തന്നെ ബാധിക്കുന്നുണ്ട്. കൂടുതൽ സ്വാർത്ഥലോകത്തേയ്ക്ക് അവർ ഒതുങ്ങുകയും ആത്മീയതയുടെ അടിസ്ഥാനങ്ങൾ ഇല്ലാതാവുകയും ചെയ്യും. ചിന്താലോകത്തു വളർന്നുവരുന്ന കുട്ടികളുടെ ബോദ്ധ്യതലങ്ങൾ രൂപപ്പെടേണ്ടിടത്ത് വിവരസാങ്കേതികത അമ്മയ്ക്കു പകരം നിന്നാൽ ശിഥിലമാവുക കുടുംബങ്ങളായിരിക്കും. താൽക്കാലിക ലാഭത്തിനുവേണ്ടിയും സ്വസ്ഥതയ്ക്കുവേണ്ടിയും ഇത്തരം ശീലങ്ങൾ കുട്ടികളിൽ വളർത്തിയാൽ അതേ ദുഃശ്ശീലങ്ങൾ വളർന്ന് ഭാവിയുടെ കണ്ണീരായി മാറുമെന്ന തിരിച്ചറിവുണ്ടാകണം.

3. ജ്ഞാനികൾ ശിശുവിനെ ആരാധിക്കുകയും കാഴ്ചകൾ അർപ്പിക്കുകയും ചെയ്തു: ആന്തരിക ജ്ഞാനമുള്ളവർ എളിമയുടെ താഴ്ചകളിൽ പോലും ഔന്നത്യങ്ങളും യഥാർത്ഥമൂല്യങ്ങളും തിരിച്ചറിയും. ഇന്നിന്റെ സാമൂഹിക സമ്പർക്ക മാധ്യമങ്ങളിൽ സെൽഫികളും പ്രകടനങ്ങളും ഒക്കെയുണ്ട്. സ്വയം വെളിപ്പെടുത്തുക, സ്വന്ത വിചാരങ്ങൾപോലും കാറ്റത്തു വിതറുന്ന പഞ്ഞിപോലെ 'നെറ്റിൽ' ഇടുക എന്നതുമൊക്കെ ഇന്നിന്റെ രീതികളാണ്. പ്രൗഢിയുടെയും പരസ്യത്തിന്റെയും പിന്നിൽ ഒത്തിരി ഏകാന്തതകൾ ഒളിച്ചിരിക്കുന്നുണ്ടാകാം. ഉയർന്നുവരുന്ന ആത്മഹത്യാ നിരക്കുകളും വിവാഹമോചനങ്ങളും ശ്രദ്ധാപൂർവ്വം വിശകലനം ചെയ്യപ്പെടേണ്ടതാണ്. അതോടൊപ്പം എളിമയുടെയും വിനയത്തിന്റെയും നാൾവഴികളിൽ ഒരു ശിശുവിനെതേടിപ്പോലും ജ്ഞാനികൾ വരികയും ആ എളിമപ്പെട്ട ശിശുവിന്റെ മുന്നിൽ താണുവണങ്ങി ആരാധിക്കുകയും ചെയ്യുന്നു എന്നും നാം തിരിച്ചറിയുന്നു. സ്വയം പ്രദർശിപ്പിക്കുക, കിട്ടുന്ന ലൈക്കുകളുടെ എണ്ണം നോക്കി സ്വന്തം മൂല്യമളക്കുക തുടങ്ങിയ നിസ്സംഗമല്ലാത്ത പ്രവർത്തനരീതികൾ വികലമായ ഭാവിയാണ് നിർമ്മിക്കുന്നത്.

കുഞ്ഞുമക്കൾ സ്വയം പ്രദർശിപ്പിച്ച് ജനശ്രദ്ധയാകർഷിക്കുമ്പോൾ അക്കൂട്ടത്തിൽ കുട്ടികളെയും കുടുംബത്തെ തന്നെയും കൊത്തിവിഴുങ്ങാൻ കഴിവുള്ള കഴുകനയനങ്ങളും സർവ്വതും വീക്ഷിക്കുന്നുണ്ടെന്നത് തിരിച്ചറിയുന്നത് നല്ലതാണ്. ഗുരുസ്ഥാനീയരും ആത്മജ്ഞാനമുള്ളവരും ബാഹ്യപ്രവർത്തനങ്ങൾക്കുമപ്പുറം യഥാർത്ഥ മൂല്യമറിയുകയും അതിനു ചേർന്ന പരിഗണനകൾ നല്കുകയും ചെയ്യും.

4. അവൻ എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്കു പോയി: കുടുംബത്തിന്റെ ആത്മാവിഷ്ക്കാരം തെളിയുന്നത് ഒന്നിച്ചുള്ള ഈ പ്രയാണത്തിലാണ്. കൂദാശവചനങ്ങൾ പറയുന്നപോലെയും അമോറിസ് ലെത്തീസ്യയിലൂടെ (266, 267 274) ഫ്രാൻസിസ് മാർപാപ്പാ പറയുന്നതുപോലെയും ദൈനംദിന ജീവിതത്തിലെ ആത്മീയതയിലാണ് ഒരുമ കാണപ്പെടുന്നത്. സന്തോഷത്തിലും സന്താപത്തിലും ഒക്കെ ജീവിതസഖിയെയും ദൈവം തന്ന സമ്മാനമായ മക്കളെയും ഹൃദയത്തോടു ചേർത്തുനിർത്തി യാത്ര ചെയ്യാനാവുക എന്നതാണ് ദൈവനിവേശിതമായ കുടുംബത്തിൽ തെളിയേണ്ടത്. സുരക്ഷിതത്വത്തിലേയ്ക്കായാലും സമ്പത്തി ലേയ്ക്കായാലും കുടുംബത്തിലെ എല്ലാ അംഗങ്ങളും ഒന്നിച്ചുള്ള പ്രയാണം ആത്മീയതയുടെ അടയാളം തന്നെയാണ്.

പ്രിയ സഹോദരങ്ങളെ, തിരുബാലസഖ്യദിനവുമായി ബന്ധപ്പെട്ട് തിരുബാല്യങ്ങളെ കാത്തു സൂക്ഷിക്കേണ്ട ചില മേഖലകൾ ധ്യാനപുരസ്സരം സൂചിപ്പിച്ചെന്നേ ഉള്ളൂ. കൂടുതൽ കൂടുതൽ അകന്നുപോകുന്ന ശൈശവങ്ങളെ വിശ്വാസത്തിന്റെ തലത്തിലേക്കും സാന്മാർഗികതയുടെ നന്മയിലേയ്ക്കും കൈപിടിച്ച് നടത്തേണ്ടതുണ്ട്. കുട്ടികൾ വളരുന്ന സംസ്ക്കാരം വളരെ കണിശതയോടുകൂടെ പരുവപ്പെടുത്തി എടുക്കേണ്ടതാണ്. വർഗീയതയും നിരീശ്വരത്വവും ഒക്കെ വിളഞ്ഞാടുന്ന കാലഘട്ടത്തിൽ വിശ്വാസസത്യങ്ങൾ മുറുകെ പിടിക്കുവാനും സഹവർത്തി ത്തത്തിന്റെ പാതയിലൂടെ വളരുവാനും വളർത്തുവാനും നമ്മൾ ശ്രദ്ധിക്കേണ്ടതാണ്.

അമോറിസ് ലെത്തീസ്യയിൽ ഫ്രാൻസിസ് മാർപാപ്പാ ഊന്നിപറയുന്നതുപോലെ നല്ലശീലങ്ങൾ വളർത്തിയെടുക്കുവാനും

മനഃസാക്ഷിയുടെ ശരിയായ രൂപീകരണത്തിനും നല്ല ഒരു വളർച്ച സംസ്ക്കാരം നമ്മുടെ കുടുംബങ്ങളിലും ഇടവകകളിലും സ്ഥാപനങ്ങളിലും ഉണ്ടാക്കിയെടു ക്കേണ്ടതുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവും ബൗദ്ധികവും ആത്മീയവുമായ ഒരു സമഗ്ര വളർച്ച മൂല്യബന്ധിതമായി നടക്കണമെങ്കിൽ വിവരസാങ്കേതിക വിദ്യകളുടെ കൂടെ ശരിയായ മനഃസാക്ഷിയും കൂടെ രൂപപ്പെടുത്തികൊടുക്കേണ്ടതുണ്ട്. ഇതിനായി ഓരോ കുടുംബവും ഓരോ ഇടവകയും ശ്രദ്ധിക്കണം. നമ്മുടെ ഈ പ്രവർത്തനത്തെ നല്ലവനായ ദൈവം അനുഗ്രഹിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

**ബിഷപ്പ് വിൻസെന്റ് സാമുവൽ**
ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

**ബിഷപ്പ് സാമുവൽ മാർ ഐറിനോസ്**
വൈസ് ചെയർമാൻ, കെസിബിസി വൊക്കേഷൻ കമ്മീഷൻ

NB: 2017 ഫെബ്രുവരി 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

Ref: 2999/K 35/OL/KCBC/DS 3.1.2017

# മദ്യവിരുദ്ധ ഞായർ, 12 മാർച്ച് 2017
## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2017 മാർച്ച് 12-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കുവാനുള്ള സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരളകത്തോലിക്കസഭ നൽകാൻ ആഗ്രഹിക്കുന്നത്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും മറ്റു സാമൂഹിക നവോത്ഥാന രംഗങ്ങളിലും മാറ്റത്തിന്റെ ചാലകശക്തിയാകാൻ കേരളസഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നത്തേതുംപോലെ ഇന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാ സമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ഈ സാമൂഹ്യ ഇടപെടൽ.

ആഴമേറിയ ആത്മീയതയും ഉന്നതമായ സംസ്കാരവും കേരള സമൂഹത്തിന്റെ മുഖമുദ്രയാണെന്നതിൽ നമ്മൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തമാണ്. എന്നാൽ, കേരളസമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ ലഹരി സംസ്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുന്നു. സമസ്ത

സൃഷ്ടികളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ തന്നെ നിയോഗിച്ചവന്റെ വിളി മറന്ന് മദ്യപാനത്തിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും നന്മയുടെ മുഖം നഷ്ടമാക്കുന്ന ദയനീയ സമകാലിക ചിത്രങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്.

വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരിവസ്തുക്കളും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വളരെ ഭയാനകമാണ്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽനിന്നും, പാപ സാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്ന് ഓരോ നോമ്പുകാലവും ആഹ്വാനം ചെയ്യുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേയ്ക്ക് നയിക്കുന്നതാണെന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കൊറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം തന്നെ മദ്യാസക്തി എന്ന തിന്മയുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. ജീവിത ബലഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

രണ്ടു വർഷം മുമ്പ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചത് നമുക്ക് അറിവുള്ളതാണല്ലോ. 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ മദ്യനിരോധനമാണ് അന്ന് പ്രഖ്യാപിച്ചിരുന്നത്. അതിന്റെ ഭാഗമായി 10 ശതമാനം ബീവറേജ് കൺസ്യൂമർ ഔട്ട്ലറ്റുകൾ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2 ന് അടച്ചുപൂട്ടുവാനുള്ള നടപടിയും എടുത്തിരുന്നു. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടെ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് പ്രഖ്യാപിക്കുകയും പ്രതിവർഷം 10 ശതമാനം മദ്യശാലകൾ

അടച്ചുപൂട്ടാനുള്ള തീരുമാനം റദ്ദാക്കുകയും ചെയ്യുകയുണ്ടായി. അതിനാൽത്തന്നെ മുൻസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യ നിരോധന നയം നിലവിലുള്ള പുതിയ സർക്കാർ അട്ടിമറിക്കുമോ എന്ന ആശങ്ക നമുക്കുണ്ട്.

കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയ ഭാഗിക മദ്യനിരോധനം വിജയമല്ല എന്ന് സ്ഥാപിക്കാൻ പലഭാഗത്തുനിന്ന് ശ്രമിക്കുന്നുണ്ടെങ്കിലും, മദ്യനിരോധനം വിജയമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചനക്ഷത്ര ബാറുകൾ ഒഴികെയുള്ള മദ്യശാലകൾ അടച്ചുപൂട്ടിയതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദേശമദ്യവില്പന 25% കുറഞ്ഞുവെന്നാണ് കണക്ക്. ലഹരി വിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചുവെന്നത് പ്രകടമായ യാഥാർത്ഥ്യമാണ്. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിനും ശരീരത്തിനും ആരോഗ്യം, കുറ്റകൃത്യങ്ങൾ റോഡപകടങ്ങൾ, വിവാഹമോചനങ്ങൾ, ആത്മഹത്യ എന്നിവയിൽ കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം ഭാഗികമായ മദ്യനിരോധനത്തിന്റെ നന്മകൾ അനുഭവിച്ച് തുടങ്ങിയിരിക്കുന്നു. ഈ നന്മകൾ തുടരാനും കൂടുതൽ വളരാനുമുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. പ്രഖ്യാപിത മദ്യനയത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഈ നന്മകളെ തകർക്കുകയും വലിയ വിനാശത്തിന് വഴിതെളിക്കുകയും ചെയ്യും.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ രണ്ടുസമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ നന്മ ഉളവാക്കുന്നതും പ്രായോഗികവുമെന്ന് വ്യക്തമാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അത് ഒരു നയമായി സർക്കാർ സ്വീകരിക്കേണ്ടതല്ല. അതേസമയം, ഒരു വ്യക്തിയല്ല, ജനനന്മ ലക്ഷ്യമാക്കി ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരാണ് മദ്യനിരോധനം നടപ്പിൽ വരുത്തേണ്ടത്. മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുള്ള അധികാരവും കടമയും ഉത്തരവാദിത്വവും ഉള്ളത് സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാറിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്.

അതിന് മദ്യവർജ്ജനം മാത്രം പോര. രാഷ്ട്രപിതാവായ ഗാന്ധിജി 'മദ്യവർജ്ജനമല്ല, നിരോധനം തന്നെവേണം' എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പത്രലേഖകൻ ഗാന്ധിജിയോട് ചോദിച്ചു. മദ്യപനെ ഉപദേശിച്ചു പിന്മാറ്റുകല്ലേ നല്ലത്? ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു. 'നിങ്ങളുടെ കുട്ടി തീയിൽ ചാടുവാൻ പോകുകയാണെന്ന് വിചാരിക്കുക. നിങ്ങൾ എന്തുചെയ്യും? അവനെ ഉപദേശിച്ചു മാറ്റുവാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് പിന്മാറ്റുമോ?'' മദ്യം തിന്മയെന്ന് ബോധ്യമുണ്ടെങ്കിൽ മദ്യനിരോധനം തന്നെ വേണമെന്നാണ് ഗാന്ധിജി പറഞ്ഞുവച്ചത്. മദ്യവർജ്ജനം മാത്രം മതി എന്ന സമീപനം കേരളത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് സംശയിക്കണം. മദ്യാസക്തമായ ഒരു സമൂഹ ത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപയോഗത്തിലും സർക്കാർ ഏർപ്പെ ടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്ര ധാന കാൽവെപ്പ്. മദ്യനിരോധനത്തിലൂടെയും ബോധവൽക്കരണ കർമ്മ പദ്ധതികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജന മെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോ ഗികവുമായ മദ്യനയം.

വളരെക്കാലമായി ഗുജറാത്തിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനക്ഷേമ പദ്ധതികൾ ഫലംകാണാത്ത പശ്ചാത്തലത്തിൽ ബീഹാറിലും സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ നയമായി പ്രഖ്യാപിച്ച് നടപ്പിലാക്കി കഴിഞ്ഞു. തമിഴ്നാട്ടിലും ഭാഗിക മദ്യനിരോധനമുണ്ട്. വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏത് തീരുമാനവും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. കൊലപാതകം ശിക്ഷാർഹമായ കുറ്റമാണ്. കൊലപാതകിക്ക് തക്കശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല എന്നതുകൊണ്ട് പ്രസ്തുതനിയമം പ്രായോഗികമല്ലെന്ന് പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്ക്കരണം മതിയെന്നുവച്ചാൽ എന്താകും സ്ഥിതി. ഒരു നിരോധന നിയമവും പൂർണ്ണമായി സ്വാഗതം ചെയ്യപ്പെടണമെന്നില്ല. ആദ്യഘട്ട

ത്തിൽ പൂർണ്ണമായ ഫലം കിട്ടിയെന്നും വരില്ല. അതുകൊണ്ട് അപ്രയോഗികമാണ് എന്നവാദം ഉയർത്തുന്നത് യുക്തിക്ക് നിരക്കുന്ന തല്ല.

ജനാധിപത്യ സംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ

ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രധാന്യം കൊടുക്കേണ്ടത്. രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിത നിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. അത് ഒരു സർക്കാരും മറക്കരുത്.

ലഹരിവിരുദ്ധ ബോധവത്കരണപരിപാടികളുടെ അടിസ്ഥാനം ലഹരി തിന്മയാണ് എന്ന ബോധ്യമാണ്. ലഹരിക്കെതിരെ കേരളത്തെ സജ്ജമാക്കുന്നതിൽ നിലവിലെ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികളെ നമ്മൾ സ്വാഗതം ചെയ്യുന്നു. മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ പ്രവർത്തനനിരതരാകണം. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരിക്കലും അലസത കടന്നുവരരുത്. ഒരു സമൂഹവും അതിലൂടെ വരും തലമുറയും നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായി നിൽക്കുന്ന അവസ്ഥ ഇനി നമുക്കുണ്ടാകരുത്.

ഇതോടൊപ്പം ശ്രദ്ധയോടെ തിരിച്ചറിയേണ്ട മറ്റൊരു വസ്തുതയുണ്ട്. പുതിയ തലമുറ മദ്യത്തിൽനിന്ന് ഇതര ലഹരി വസ്തുക്കളിലേയ്ക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യവിരുദ്ധരിലൂടെയും ഇതര സംസ്ഥാനത്തു നിന്നുള്ളവരിലൂടെയും മയക്കുമരുന്നു ശൃംഖല ഇന്ന് വ്യാപിച്ചു വരികയാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. സുഹൃത്തുക്കളുടെ സ്വാധീനം, പരീക്ഷിച്ചറിയുവാനുള്ള ആകാംക്ഷ, ജീവിത പ്രശ്നങ്ങൾ, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള അജ്ഞത, ലഹരി വസ്തുക്കളുടെ സംലഭ്യത തുടങ്ങിയ കാരണങ്ങൾ ലഹരിയിലേയ്ക്ക് യുവജനങ്ങളെ നയിക്കുന്നുണ്ട്. മദ്യത്തെക്കാൾ ഭീകരമാണ് മയക്കുമരുന്നുകൾ.

ഒരുതവണ ഉപയോഗിച്ചാൽ പോലും ഒരു വ്യക്തി മയക്കുമരുന്നിന് അടിമയാകാൻ സാധ്യതയേറെയാണ്. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരളസമൂഹം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചരിത്രപരമായ ഒരു വിധിയാണിത്. ഓരോവർഷവും റോഡപകടംമൂലം ഒന്നര ലക്ഷത്തിലേറെ പേർ മരിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇതിന് മുഖ്യകാരണം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകളാണെന്ന കണ്ടെത്തലാണ് ഈ വിധി പുറപ്പെടുവിക്കാൻ പ്രധാന കാരണം. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നിറുത്തലാക്കുകയോ അഞ്ഞൂറ് മീറ്റർ ഉള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയോ ചെയ്യണമെന്നാണ് കോടതി വിധി. 2017 മാർച്ച് 31 നുള്ളിൽ വിധി നടപ്പാക്കി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ റിപ്പോർട്ട് നൽകണമെന്നാണ് കോടതി ഉത്തരവ്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യവില്പനശാലകളുടെ ബോർഡുകൾ പ്രദർശിപ്പിക്കരുതെന്നും നിലവിലുള്ളവ ഉടൻ നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജന നന്മയെ കരുതിയുള്ള വിധിയാണിത്. പൊതുജനം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ മദ്യനിരോധനത്തിനും സംസ്ഥാന സർക്കാർ പറയുന്ന മദ്യവർജ്ജനത്തിനും സഹായകമാണിത്. കേരളത്തെ മദ്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുവാനും കുടുംബ സാമൂഹ്യ ജീവിതത്തിൽ മദ്യ ലഹരി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കുറയ്ക്കാനും ഈ വിധി സഹായകമാകും. മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും ഈ സുപ്രീം കോടതി വിധി അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിക്കുന്നത്.

കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റ് പ്രസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത്

യാഥാർത്ഥ്യമാണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇടവക രൂപതാ തലങ്ങളിൽ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ? മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും വേണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ നാം എടുക്കണം. മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 12-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കേരളസമൂഹത്തെ മദ്യ-ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ ദൗത്യത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)
**ബിഷപ് ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

NB: 2017 മാർച്ച് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

**Final Message of**

**XI PLENARY OF THE FEDERATION OF ASIAN BISHOPS' CONFERENCES**

*Colombo, Sri Lanka*

*28 November – 4 December 2016*

To the Peoples of Asia,

*'The Catholic Family in Asia: Domestic Church of the Poor on a Mission of Mercy.'*

## Introduction

We, the delegates to the *XI Plenary Assembly of the Federation of the Asian Bishops' Conferences* gathered in Colombo, Sri Lanka from 28 November – 4 December, give praise to God for having giving us this opportunity to come together as Church in Asia. This is indeed an expression of our communion and solidarity not only with the universal Church but also with the particular Churches in Asia. We missed the presence of our brethren from the Church in China but it is our hope that this will change soon and that a gathering such as this in the futuremay truly represent a greaterdiversity and uniqueness of Asia.

We are deeply thankful to the government and the Church in Sri Lanka for having extended a cordial welcome and the warm hospitality accorded to us during our stay. Being present in a country that has in recent times been working persistently and constructively towards reconciliation, it is our prayer that God's peace may truly reign in this land and in the hearts of everyone.

## Ongoing Discussion on the Family

In the last couple of years, Pope Francis, recognizing the importance of the family to the Church and society, has initiated a 'series of conversations' on the family in the Church namely, the ThirdExtraordinary General Assembly of the Synod of Bishops on the Pastoral Challenges of the Family in the Context of Evangelization (5 - 19 October 2014), the Fourteenth Ordinary General Assembly of the Synod of Bishops on the Vocation and the Mission of the Family in the Church and in the Contemporary World (4 - 25 October 2015), the Extraordinary Jubilee Year of Mercy (8 December 2015 – 20 November 2016) and the publication of the Post-SynodalApostolic Exhortation*AmorisLaetitia*(19 March 2016). Recognizing that the impact of these conversations is varied from place to place since our "cultures are in fact quite diverse and every general principle... needs to be inculturated, if it is to be respected and applied" (AL, 3), the Federation of Asian Bishops' Conferences made the option to continue this conversation at its XI Plenary Assembly with the theme *The Catholic Family in Asia: Domestic Church of the Poor on a Mission of Mercy*

## The Joys in Family Life

During the days that we have spent together, we once again recognised how important the family is to the Asian ethos. For centuries, you have been the foundation on which societies and nations have been and will continue to be built. The beauty of your family is that you are not only made up of the nuclear family but you live in and care for the extended family whichis the bedrock of our existence. It is from this inter-connectedness that many of us have learnt the value of faith and community living in a spirit of unity and respectfor one another. Your interfaith and intercultural families, though not without challenges, have also enriched the

life of the Church and promoted the values of understanding and harmony in society.

We celebrate the fact that the sense of the Divine exists in many of our families. This provides direction, support, and inspiration to remain faithful despite challenging times. We are glad that many of our Asian families give life and sustain the faith in many communities and countries where they have chosen to begin a new life for you are indeed our missionary disciples.As we listened to one another and the testimonies of some familiesexpressing the varied experiences of family life, we are grateful to God for the gift of families to the Church in Asia for we know that the Church is indeed a communion of families modelled after the communion of the Holy Trinity.

**The Challenges to Family Life**

Even though we recognise the joys of family life, we are not oblivious to the challenges faced by many of your families. Every country in Asia is not spared of the rapid changes that are affecting the fundamental human institution – the family.At this crucial time of our history, we in Asia are confronted with realitiesthat affect the heart of family life in the areas of poverty, migration, corruption, human trafficking and prostitution, new forms of colonialism, gender inequality, violence against minorities,ecological degradation, religious extremism, broken and dysfunctional families, and the numerous other situations that are equally complex and multifaceted. These pose great strain on you as families striving to remain faithful and many families have also been left hurt and wounded. Some of thesechallenges are aggravatedgiven the greater accessibility to the numerous forms of media that seem to be changing gospel values that Asian families have given great importance to through the centuries.

Recognising the countless challenges that confront us in Asia, we acknowledge that family life has been impoverished in various ways. Though in many parts of our continent, economic poverty is a widespread reality, we are also concerned with the other forms of "poverty" – emotional, spiritual, relational, cultural, intellectual, physical and social. These new forms of poverty have been brought about due to the fast-changing landscape of Asia. Though these forms of poverty can often crippleyour outlook of life, you must not be afraid to embrace the gift of life.Children are truly a gift from God to the family.

**Moving Forward**

In these days of being together, we realised again that given the complexity of the situation before us, we do not have answers to all these challenges. However, what became clear is that we in Asia need to put our minds together, consolidate our efforts and resources, and strategize constructively with you for the sake of our families. In the words of Pope Francis, "we are not living in an era of change but a change of era"(*Decennial National Conference of the Italian Church, 2016*).This 'change of era' is profoundly affecting our families - the domestic Church.We not only need to work together but also support one another in this mission. We must together seek a 'spirituality of the family'that is founded on a personal encounter with Jesus Christ so that we can assist and sustain each otherduringthese changing and challenging times. Many of you are already rooted in our rich tradition of family prayer and bible sharing. The Holy Eucharist is central to your family for living a prophetic way of life. We strongly encourage and support you on this journey.

Though the contextsfrom which we come are different, the changing face of the family is a phenomenon that affects us all. A concrete fruit of the *XI FABC Plenary Assembly* is the document *The*

*Catholic Family in Asia: Domestic Church of the Poor on a Mission of Mercy*which we humbly offer to you. We invite local churches and families to study and reflect on this document. It is our hope that those engaged in ministering to the family will lead the way in celebrating the joys of family life, promoting the sacredness of life, marriage and the family, accompanying, supporting and sustaining families.

May the Holy Family of Nazareth inspire the Church in Asia and our families to be missionary disciples of mercy.

Oswald Cardinal Gracias
President – FABC

Fr Raymond O'Toole, SFM
Secretary General – FABC

*Given in Colombo, Sri Lanka on 4 December 2016*

*The delegates comprised of Bishops representing member Episcopal Conferences and Associate Members of the Federation of Asian Bishops' Conferences; the Holy Father's Special Envoy, His Eminence TelesphorePlacidusCardinal Toppo; the Apostolic Nuncio, His Excellency Archbishop Pierre Nguyen Van Tot; delegates from Federations of Episcopal Conferences of Oceania (FCBCO), Africa (SECAM), Europe (CCEE), the United States (USCCB), and the Council of Catholic Patriarchs of the Orient (CCPO); Bishops and Secretaries of the FABC Offices; representatives of several funding and donor partners; and invited guests. We were a total of 137 participants (11 Cardinals, 22 Archbishops, 53 Bishops, 31 priests, 2 religious and 18 laity).*

# The Intervention of His Grace Mar Andrews Thazhath, Archbishop of Trichur, in FABC

"The Asian Catholic Family: Domestic Church of the Poor on a Mission of Mercy"

## Working Document of the XI FABC Plenary Assembly, Colombo, 2016 :

## Nov. 28 – Dec 4, 2016

## Response of the Syro-Malabar Church[1]

The Working Document of the FABC XI Assembly entitled "The Asian Catholic Family: Domestic Church of the Poor on a Mission of Mercy" is a theological as well as programmatic text that the Church in Asia will receive with great evangelical enthusiasm. Congratulations to all those were involved in the drafting of this text.

A couple of months back all Syro-Malabar bishops and the representatives of priests, religious and laity from across the world (490 participants), gathered for our global Church's quinquennial assembly. One of the themes we discussed was family-witness. While working through the assembly sessions we got a powerful insight into the thick interconnection between family life *ad intra* and family's mission *ad extra*. We found out that practicing Christian families are also missionary families that bear witness to the Gospel of mercy. Indeed, God, who is calling men and women to marriage in order to build up family,

is in fact calling them to experience first in their own personal life, and then show to others, God's love and mercy. Therefore, experience of love and mercy in the family is the wellspring of family's mission of mercy. It is in this light that the Syro-Malabar Church understands and responds to the problems and possibilities presented in the document under discussion.

Family is a school of humanity[2] where persons learn human and humanitarian values including Christian values. But today we are witnessing a decline in values in all fronts in all parts of the world.[3]This entails that the Church in Asia takes immediate efforts to re-introduce and foster familial values ingrained in our Eastern psyche.[4]Church needs to condemn and resist all governmental and popular efforts at legalizing same-sex marriages, euthanasia, abortion, etc. because legalization of unspiritual practices such as these will in effect banalize long cherished Christian practices. The global context of religious as well as secular ideological competitions, wherein our young men and women live and grow, has serious impacts on Christian family. In response, we can highlight Christian family customs, social values, and special cultural norms and expectations in each traditional community.

Traditional Syro-Malabar families have some unique characteristics, such as solid faith in the sacred and inviolable nature of marital bond, special social manners and family customs, especially family prayer, family spirituality (family liturgy) and ecclesial life, system of faith formation through catechetical activities, role of grandparents in family, openness

to adopt good elements from other cultures, ability to mix easily with others, high regard for priests, consecrated people and the elderly, zeal for social action, etc.

Love is the corner stone of family as well as family's mission of mercy. But pastoral experience with families tells us that there is an increasing loss of affectivity in contemporary families. Therefore, the question of the loss of affectivity in family, and remedies thereto, could also be discussed. We need to teach families about the joy of being at home and cultivate the homing instinct in everyone. Having an exclusive family time everyday and occasional family outing not only for leisure but also for social service and pilgrimages have been found contributing to the making of mature Christian families in our Church. Family liturgy binds family members spiritually. So many Christian families are voluntarily doing a lot of acts of mercy in their neighborhood. Some families welcome orphans, the sick and the elderly to their home and take care of them. Some others render their free service in their neighbouring hospitals and homes for the poor, disabled and mentally challenged. And there are still others who provide food in the street and cloths in slums. Following such examples members of each family could put their hearts together and ask what more could they do in order to make their home a mercy home. Indeed, every Christian home should become a mercy home.

While focusing on the mission of Asian family today, we cannot ignore that the structure and sustainability of Christian family is under threat due to various factors. The idea of same-sex union and the practice of temporary cohabitation, divorce,

separation due to practical breakdown of marriage, etc., undermine the original divine plan about the indissoluble union between man and woman in marriage. A culture of temporary and a host of secular and unspiritual values which are fast finding their ways to the young minds in Asia are often the causal factors behind many of the current family problems.[5]The family-size in Christian communities is shrinking because more and more couples seem to be unwilling to accept God's gift of children and to assume their parental responsibilities. There are many attitudinal and practical reasons for couples' lack of openness to the gift of life. In order to pass on our Tradition and Faith to the new generations, we have to follow a serious system of Catechism, other than having only a preparation for the First/ Solemn Holy Communion and the Sacrament of Confirmation. An effective ongoing proclamation of the Gospel of family with reference to the biblical, patristic and magisterial sources is essential[6].

A family that evolves from Christian marriage is a domestic Church; and as a domestic Church family embodies communion and concern for all. A Syro-Malabar family that evolves under the pastoral care of an ecclesial tradition initiated by Apostle Thomas retains its specific Syro-Malabar identity in its religious and cultural practices. Just as each church community lives in and evolves through families, each family finds its Christian origin, community-identity and specific role in the common ecclesial mission under the care and guidance of its mother Church. Family is the first seminary. Our traditional family system and family prayer have greatly contributed to

missionary vocations. The Syro-Malabar Church has made substantial contributions to missionary activities, especially by providing numerous zealous personnel (to a great extent, to the Latin Church in India). [There are at present 27 Syro Malabar Bishops serving for Latin Dioceses. At one time it was about 40 bishops. After my coming for the present FABC, I have come to know that Bishop Sebastian Francis Mechery of Penang in Malasia is of Syro Malabar origin; his parents are from and born in my Archdiocese, Trichur]. The missionary zeal originates from and is kept alive by the domestic Church.

The Syro-Malabar Catholics are migrating in good numbers to big cities in Asia and especially to the Gulf countries. Since there are no sufficient structures and possibilities for the pastoral care of the Syro-Malabar migrants in the Gulf countries, faith formation has become practically dysfunctional and some migrants are even leaving the Catholic Church. The horizontal inequality experienced among Churches *sui iuris* due the lack of proper freedom given to some Churches *sui iuris* to care for their migrants spread around the globe might slow down the momentum of the mission of mercy. Therefore the Syro-Malabar Church wants to gently urge everyone concerned to establish proper structures for pastoral care in the ritual tradition of migrant families.

*Amoris Laetitia* asks the Church to train families to be "effective agents of Family Apostolate" (cf. nos. 200-202), and exhorts families to become missionary families (cf. nos. 208; 289). In fact, in various dioceses in the Syro-Malabar Church

new forms of missionary families, variously named as Couples for Christ, Legion of Apostolic Families (Consecrated Families), Evangelizing Families, Family Meetings (*Kudumbayogangal*) or Assemblies of Families by their family/blood relations and so on, have emerged and proved themselves to be helpful. In addition, domestic celebrations in connection with traditional ritual commemoration of the dead like *Sradham,* (the 7th, 11th, 30th, 40th and annual day commemorative celebrations of the death of ancestors and other family members), the observance of five fasts (*Ambathu nombu, (50 days Lent), Irupathianchu nombu (25 days Lent in the Advent), Ettu nombu (Sept. 1-8), Pathinanchu nombu (Aug 1-15), and Moonnu nombu (3 days fast of Ninivitess*) in our traditionare not only domestic ritual activities but also occasions for performing acts of mercy. Family Units or Small Christian Communities in our parishes are effective means to foster better pastoral care. However, we need strong Family Apostolate Centers for pastoral accompaniment of young families and wounded families. House visits by parish priests and home mission by sisters are very important in this regard. [The Holy Family Sisters (CHF) in my Archdiocese are running a very good training institute (FATRI) for Home Mission]. As aging groups are on the increase, Church needs to promote pro-life movements and palliative care structures for the aged and the terminally sick.

As mentioned in the working document, in most of the countries we are a small minority. But, we need to realize that Church is not a negligible minority; rather it is a very significant minority. Church is not merely a teacher of doctrines and moral

principles[7].Church is a movement and it can initiate as well as effectively lead social and spiritual movements.St. Teresa of Culcutta who lived for the abandoned poor and Bl. Kunjachan who devoted his life for poor Dalits tell us what even a single individual can accomplish in Church's mission of mercy. A diocesan weekly/monthly which reaches every Catholic family will be a very effective tool to support new movements. Lay leaders at various levels, especially in youth groups like "Jesus Youth" will be exemplary takers of God's mission of mercy. The mission of mercy that each and every family in the Asian Church involved in will soon become the cultural mission of this continent. As Pope Francis succinctly puts in *Amoris Laetitia*, "families are not a problem; they are first and foremost an opportunity" (no. 7). It is with this Christian optimism that the Church examines the factors and situations that have positive as well as negative impacts on the familial experience of the joy of love, the fullness of life, and the readiness for the mission of mercy.

(Archbishop Andrews Thazhath, Trichur,

Syro Malabar, India)

************************

**(Footnotes)**

1 Archbishop Andrews Thazhath made this intervention during the Plenary Session of FABC, Colombo, on 30th November 2016 on behalf of the Syro Malabar Church.

2 *Gaudium et Spes* , 52.

3 One of the background assumptions of the draft under discussion, which also becomes evident in some places, seems to be an outdated worldview which revolves around a contrast between *poor but religious Asia* and *rich but secular Europe* . In the present post-globalized world, distinctions such as these are not as sharp and clear as in the past.

4 The section on the Asianness of family (Part I, A) is very important section of the draft. Among the four paragraphs in this section, the fourth paragraph is well in continuity with the first one. So, they could be merged. The second and third paragraphs in the section enumerate the characteristics of Asian family. Only four characteristics are mentioned; the list could be augmented. In the third paragraph, it is stated that these characteristics are "fundamentally due to a deep Asian sense of sacredness" which is culturally transmitted. It is good to add a word about the specific characteristics of Asian Catholic families bringing out the distinctiveness of the Catholic culture in Asia in the context of religious plurality. The third paragraph of Part I. B. 1 ends with a phrase "under the sword of anti-Christian laws that do not welcome religious pluralism." The precise point of contention here is not religious pluralism; rather it is religious freedom. So one could put it as "… laws that deny religious freedom." The word *pluralism* carries a normative sense whereas the word that coveys a descriptive sense is *plurality*. There are at least three other occurrences of the word *pluralism*, which all could be replaced with *plurality*

5 At least at three crucial moments of the overall analysis of the situation of contemporary family (in the introduction; in Part I B. 4; and, in Part I B. 6) the draft holds postmodernism as responsible for the problems in the Asian culture today. This is an incorrect and objectionable treatment of postmodernism. Postmodernism is not all negative. Many Christian philosophers and theologians in the east and the west are updating their thoughts with postmodern insights. Postmodernism cannot be taken as the common source of secularism, materialism, individualism, indifferentism, etc. One way of correcting this one-sided reading is to simply avoid using the term postmodernism,if it cannot be nuanced adequately.

6 Three remarks on Part II - Faith Reflection: First, this part of the draft would be more powerful if it makes references to biblical and patristic sources. Second, in Part II B, the draft calls for "silent witness." Lest this might undermine the divine command and our apostolic task to preach the word of God, a word should be added about direct evangelization. Third, there is quite some ambiguity surrounding the category of the poor. In Christian discourses we use the term poor both as an economic category that refers to persons who are deprived of basic means for material sustenance and as a theological category that refers to the poor in spirit. Although they are mutually permeable, their distinctiveness should not be overlooked. Economic poverty has no inherent theological quality; it becomes virtuous when one voluntarily accepts it for the sake of the Gospel of Jesus who was poor. In Part III, 2 we read, "'The massive poverty of a great number of Asian families is a call by the Holy Spirit for the family to be truly a domestic Church of the Poor." As said above, voluntary poverty is a fruit of grace. But, massive poverty is not a call by the Holy Spirit; it is, as rightly said in other sections of the draft, the result of social injustice, economic imbalance, and corruption. So, if we want to save the above cited sentence in the draft, then we need to put it like: 'The massive poverty of a great number of Asian families gives an opportunity for the family to be truly a domestic Church of the Poor.

'7 Part III 6.c says that the distinctive role of the Church is "giving doctrinal and moral guidance." This brief section seems to betray a very minimalistic self-understanding of the Church.

# കച്ചേരിക്കാര്യങ്ങൾ

**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ഫെബ്രുവരി | 2 : | നമ്മുടെ കർത്താവിന്റെ ദൈവാലയപ്രവേശനം (പരി. കന്യകാമറിയത്തിന്റെ ശുദ്ധീകരണതിരുനാൾ) |
| | 3 : | ആദ്യവെള്ളി<br>വി. എസ്തപ്പാനോസ് |
| | 4 : | വി. ജോൺ ബ്രിട്ടോ |
| | 7 : | **ദനഹാ അഞ്ചാം ഞായർ**<br>മൂന്ന് നോമ്പ് |
| | 10 : | ഗ്രീക്കുസഭാപിതാക്കന്മാർ |
| | 11 : | ലൂർദ്ദ് മാതാവ് (രോഗീദിനം) |
| | 12 : | **ദനഹാ ആറാം ഞായർ** |
| | 17 : | സുറിയാനി സഭാപിതാക്കന്മാർ |
| | 19 : | **ദനഹാ ഏഴാം ഞായർ** |
| | 23 : | വി. പൊലിക്കാർപ്പ് |
| | 26 : | **നോമ്പ് ഒന്നാം ഞായർ** |
| | 27 : | വിഭൂതി (ഉപവാസദിനം) |

**2. ഫെബ്രുവരി മാസത്തെ പരിപാടികൾ**

| | | | |
|---|---|---|---|
| ഫെബ്രുവരി | 01 : | | വൈദികസമ്മേളനവും നവവൈദികർക്ക് സ്വീകരണവും |
| | 03 : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 04 : | 10:00 am | കൈക്കാരന്മാരുടെയും കണക്കെഴുത്തുകാരുടെയും സംയുക്തമീറ്റിംഗ് |
| | 08 : | | വൈദികസ്ഥലമാറ്റം |
| | 11 : | 10:00 am | സന്യസ്തജൂബിലി |
| | 13 : | 02:30 pm | വൈദികസമിതിയോഗം |
| | 23 : | 10:00 am | ആലോചനസമിതിയോഗം |
| | 28 : | 10:00 am | വൈദികമാസധ്യാനം |

**3. നോമ്പുകാലം**

ഈശോയുടെ പരസ്യജീവിതത്തിന്റെ അവസാനത്തിലാണല്ലോ രക്ഷാകരകർമ്മങ്ങളുടെ പരിസമാപ്തി കുറിക്കുന്ന അവിടുത്തെ പീഡാനുഭവവും

മരണവും ഉത്ഥാനവും. പ്രത്യക്ഷവത്കരണകാലത്തിനും ഉയിർപ്പുതിരുനാളിനും ഇടയ്ക്കുള്ള ഏഴ് ആഴ്ചകൾ പ്രാർത്ഥനയ്ക്കും പ്രായശ്ചിത്തത്തിനും ഉപവാസത്തിനുമായി നീക്കിവച്ചിരിക്കുന്നു. ഈശോയുടെ നാല്പതുദിവസത്തെ ഉപവാസമാണ് 'വലിയ നോമ്പ്' എന്ന പേരിൽ അറിയപ്പെടുന്ന ഈ കാലഘട്ടത്തിന്റെ അടിസ്ഥാനം. എങ്കിലും നാം സാധാരണയായി 'അമ്പതു നോമ്പ്' എന്നാണ് ഈ കാലത്തെ വിളിക്കുക. പക്ഷെ, മാർതോമ്മാ ക്രിസ്ത്യാനികൾ 'പേത്തുർത്താ' ഞായർ മുതൽ ഉയിർപ്പു തിരുനാൾവരെ നോമ്പു നോക്കിയിരുന്നതാകാം 'അമ്പതുനോമ്പ്' എന്നു പറയാനുള്ളകാരണം. 'പേത്തുർത്താ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം 'അവസാനിച്ചു' 'മുഴുവനായി' എന്നൊക്കെയാണ്. സുഭിക്ഷമായ ഭക്ഷണത്തിന്റെയും ആഘോഷങ്ങളുടെയും ദിനങ്ങളവസാനിച്ചു എന്നാണ് ഈ പദം കൊണ്ട് ഉദ്ദേശിക്കുന്നത്.

മാമ്മോദീസാവഴി ദൈവമക്കളും പുതിയ മനുഷ്യരുമായിത്തീർന്ന നാം പാപംവഴി ദൈവത്തിൽനിന്നകന്നു. മനുഷ്യന്റെ പാപവും അതിന്റെ അനന്തരഫലങ്ങളും അനുതാപത്തിന്റെയും മനഃപരിവർത്തനത്തിന്റെയും ആവശ്യകതയും, അനുതപിക്കുന്ന പാപികളോടു ദൈവം കാണിക്കുന്ന അനന്തമായ സ്നേഹവും കാരുണ്യവും, ഈശോമിശിഹായുടെ പീഡാനുഭവം, മരണം, സംസ്കാരം എന്നിവയും ഈ കാലത്തിലെ ചിന്താവിഷയങ്ങളാണ്.ദൈവവുമായും മനുഷ്യർ തമ്മിൽത്തമ്മിലും അനുരഞ്ജിതരാകേണ്ടതിന്റെ ആവശ്യകതയിലേക്കു നോമ്പുകാലം പ്രത്യേകമായി ശ്രദ്ധ തിരിക്കുന്നു.അതുകൊണ്ടാണ് ഈ അവസരത്തിൽ അനുരഞ്ജന കൂദാശ സ്വീകരിക്കാൻ സഭ വിശ്വാസികളെ പ്രേരിപ്പിക്കുക.

പ്രലോഭനങ്ങളെ പരാജയപ്പെടുത്തി സ്വജീവിതം പിതാവിനു സമർപ്പിച്ച ഈശോയെപ്പോലെ നമ്മുടെ ദുരാശകളെ ഉന്മൂലനം ചെയ്ത്, തീഷ്ണത നിറഞ്ഞ പ്രാർത്ഥനയിലും ആത്മാർത്ഥതയുള്ള ഉപവാസത്തിലും ഔദാര്യപൂർവ്വകമായ ദാനധർമ്മപ്രവൃത്തികളിലും ഈ കാലം ചെലവഴിക്കണമെന്ന് സഭ നമ്മെ അനുസ്മരിക്കുന്നു. മരണത്തെ പരാജയപ്പെടുത്തി ജീവിതത്തിലേക്കു പ്രവേശിച്ച ഈശോയെപ്പോലെ നമുക്ക് പാപത്തിനു മരിച്ച് നിത്യജീവിതത്തിലേക്ക് പ്രവേശിക്കാം.

**4. നോമ്പാരംഭത്തിലെ വൈദികർക്കുള്ള പൊതുവായ മാസധ്യാനം :**

വൈദികരുടെ പുതുവർഷത്തിലെ ആദ്യത്തെ പൊതു മാസധ്യാനം 2017 ഫെബ്രുവരി 28-ന് ചൊവ്വാഴ്ച നടത്തുന്നതാണ്. കാലത്ത് 10 മണിക്ക് ധ്യാനം ആരംഭിക്കും. എല്ലാ വൈദികരും പങ്കെടുക്കേണ്ടതാണ്.

**5. വലിയ നോമ്പ് :**

| | |
|---|---|
| 27.02.2017 : | വിഭൂതി തിങ്കൾ : ഉപവാസദിനം |
| 28.02.2017 : | വൈദിക മാസധ്യാനം |
| 02.04.2017 : | പാലയൂർ മഹാതീർത്ഥാടനം |
| 09.04.2017 : | ഓശാന ഞായർ |
| 10.04.2017 : | സമർപ്പിത വിശുദ്ധീകരണദിനം; മൂറോൻ കൂദാശ |
| 13.04.2017 : | പെസഹാവ്യാഴം |
| 14.04.2017 : | പീഡാനുഭവവെള്ളി : ഉപവാസദിനം |
| 16.04.2017 : | ഉയിർപ്പ് തിരുനാൾ |

**6. വിവാഹാഘോഷം മുടക്ക് :**

2017 ഫെബ്രുവരി 26 ഞായറാഴ്ച അർദ്ധരാത്രി മുതൽ ഉയിർപ്പുതിരുനാൾ വരെ വിവാഹത്തിന് മുടക്കമായിരിക്കും. ഈ വിവരം ബഹു. വൈദികർ വിശ്വാസികളെ നേരത്തെകൂട്ടി ഓർമ്മിപ്പിക്കേണ്ടതാണ്.

**7. പാലയൂർ മഹാതീർത്ഥാടനം :**

2017 ഏപ്രിൽ 2-നാണ് ഈ വർഷത്തെ പാലയൂർ മഹാതീർത്ഥാടനം. തീർത്ഥാടനം വിജയിപ്പിക്കാൻ എല്ലാവരും സഹകരിക്കണം. ഇടവകകളിലും സ്ഥാപനങ്ങളിലും സന്യാസസമൂഹങ്ങളിലും അന്നേദിവസം പ്രത്യേക പരിപാടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം.

മുൻ വർഷങ്ങളിലെപ്പോലെ നോമ്പുകാലത്തെ വെള്ളിയാഴ്ചകളിൽ പാലയൂരിലേക്ക് ഇടവകകളുടേയും ഫൊറോനകളുടേയും നേതൃത്വത്തിൽ ജാഗരണതീർത്ഥാടനങ്ങൾ സംഘടിപ്പിക്കുന്നത് ഉചിതമാണ്. ജാഗരണ തീർത്ഥാടനങ്ങൾ സംഘടിപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം താത്പര്യമെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

**8. ദൈവദർശൻ ക്യാമ്പുകൾ :**

ഈ വർഷവും വേനലവധി കാലത്ത് അതിരൂപതാവൈദികവിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഇടവകകളിൽ കുട്ടികൾക്കും യുവജനങ്ങൾക്കുമായി ദൈവദർശൻ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 5 മുതൽ എ. സി. സി. ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികളെയാണ് ക്യാമ്പുകളിൽ പ്രതീക്ഷിക്കുന്നത്. മൂന്നു ദിവസങ്ങളിലായാണ് ക്യാമ്പുകൾ നടക്കുന്നത്. ക്യാമ്പുകൾ യഥാക്രമം തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ആരംഭിക്കുകയും ബുധൻ, ശനി ദിവസങ്ങളിൽ അവസാനിക്കുകയും ചെയ്യും. 2017 ഏപ്രിൽ 3 മുതൽ മെയ് 6 വരെയാണ് (വിശുദ്ധവാരം ഒഴികെ) ക്യാമ്പുകൾ ഇടവകകളിൽ നടത്താൻ സാധിക്കുക. ദൈവദർശൻ ക്യാമ്പ് നടത്താൻ ആഗ്രഹിക്കുന്ന ഇടവകകളിൽ

ബഹു. അച്ചന്മാർ മൈനർ സെമിനാരി റെക്ടറച്ചനുമായി ബന്ധപ്പെടേണ്ട താണ്.

**9. വൈദികരുടെ നിയമനം :**

1. ഫാ. രഞ്ജിത് ചക്കാത്തിൽ OFM.Cap. - സഹായി പാലക്കൽ; സാധുത 2016 ഡിസംബർ 15 മുതൽ.
2. ഫാ. ബിജു ചിറ്റുപറമ്പൻ SDV - ആക്ടിംഗ് വികാരി കൊഴുക്കുള്ളി; സാധുത 2016 ഡിസംബർ 06 മുതൽ ഒരു മാസത്തേക്ക്.

**10. പ്രത്യേക നിയമനങ്ങൾ :**

**കൈക്കാരന്മാർ :**

| | |
|---|---|
| പീച്ചി | ബിജു പുത്തൻവീട്ടിൽ |
| | ഷാജി തുറുവേലിൽ |
| | യോഹന്നാൻ കാഞ്ഞിരത്തിങ്കൽ |
| | മേജോ പയ്യപ്പിള്ളി |
| പൂമല | മരുത്തോന്ത്ര മാണി സിറിൽ |
| | കാമശ്ശേരി ജോസ് ജെറി |
| | പതിയിൽ മത്തായി സിനോജ് |



**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്



# മെത്രാപ്പോലീത്തായുടെ പരിപാടികൾ

## FEBRUARY

| Date | Day | Time | Programme |
|---|---|---|---|
| 01 | Wed | Morning | Reception to New Priests and Priest's Conference |
| 02 | Thu | Morning | God's Own Family Meeting |
| 03 | Fri | Morning | Curia meeting |
| | | Evening | Finance council |
| 04 | Sat | Morning | Blessing at Varandarappilly kappela, Trustees meeting |
| 05 | Sun | Morning | Engaged |
| 06 | Mon | | Engaged |
| 07 | Tue | Morning | Curia meeting. |
| 08 | Wed | Morning | Holy Mass at Marymatha, Priest's transfer. |
| 09 | Thu | Morning | For the people |
| 10 | Fri | Morning | Curia meeting |
| | | Evening | Centenary of Koonamuchi U.P school |
| 11 | Sat | Morning | Sanyastha Jubilee |
| | | Evening | FCC Convent Blessing at Venginissery |
| 12 | Sun | Morning | Pastoral visit |
| 13 | Mon | Afternoon | Priest's senet |
| 14 | Tue | Morning | Curia meeting |
| 15 | Wed | Morning | Graduation ceremony at nursing college at Kachery |
| 16 | Thu | Morning | Engaged |
| 17 | Fri | Morning | Curia meeting |
| 18 | Sat | Morning | Holy Mass at minor seminary |
| 19 | Sun | Morning | Pastoral visit |

| | | | |
|---|---|---|---|
| 20 | Mon | Morning | For the people |
| 21 | Tue | Morning | Curia meeting |
| 22 | Wed | Morning | Scholarship distribution at POC |
| 23 | Thu | Morning | Alochanasamithi |
| 24 | Fri | Morning | Curia meeting |
| 25 | Sat | | Engaged |
| 26 | Sun | | Pastoral visit |
| 27 | Mon | Morning | Ash Monday- Holy mass at Lourde. |
| | | Evening | Holy mass at Palayur. |
| 28 | Tue | Morning | Curia Meeting. Priest's Monthly Recollection. |




| Date | Day | Time | Programme |
|---|---|---|---|
| 01-07 | | Morning | Ahmadabad |
| 08-10 | | Morning | Engaged . |
| 11 | Sat | Morning | Sanyastha Jubilee |
| | | Evening | Grotto Blessing at Kottapady |
| 12 | Sun | | Mariapuram church |
| 13-17 | Mon | Afternoon | Engaged |
| 18-25 | Sat | Morning | Golden jubilee celebration at SABS Chettupuzha |
| | | Evening | To Aurangabad |
| 26 | Sun | | Marathakara church |
| 27 | Mon | Morning | Ash Monday- Holy mass at Basilica. |
| 28 | Tue | | Engaged. |

# നാളാഗമം

## ഡിസംബർ 2016

01–04 അഭിവന്ദ്യ താഴത്ത് പിതാവ് FABC മീറ്റിംഗിൽ പങ്കെടുത്തു.

04 അഭിവന്ദ്യ തട്ടിൽ പിതാവ് ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് വേലൂർ ഫൊറോന പള്ളിയിൽ അർണ്ണോസ് പാതിരിയുടെ പുത്തൻപാനയുടെ 300–ാം വാർഷികാഘോഷത്തിൽ പങ്കെടുത്തു.

05–07 അഭിവന്ദ്യപിതാക്കന്മാർ KCBC യിൽ പങ്കെടുത്തു.

08 അഭിവന്ദ്യ താഴത്ത് പിതാവ് മഡോണനഗറിൽ നേഴ്സിംഗ് കോളേജിൽ Lighting Ceremonyയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

09 അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ആമ്പല്ലൂരിൽ വിവാഹഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. അതിനുശേഷം കോട്ടയം വടവാതൂർ സെമിനാരിയിലെ ഡീക്കന്മാരുടെ ധ്യാനത്തിനു നേതൃത്വം നൽകി.

10 അഭിവന്ദ്യ താഴത്ത് പിതാവ് രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായി വി. ബലിയർപ്പിച്ചു. അതിനുശേഷം സെന്റ് ക്ലെയേഴ്സ് സ്കൂളിൽ പി. ആർ. ഒ. മാരുടെ യോഗത്തിൽ പങ്കെടുത്തു.

11 അഭിവന്ദ്യ താഴത്ത് പിതാവ് പുത്തൂർ ഫൊറോന ഇടവകയിൽ സ്നേഹോത്സവം ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിച്ചു. തുടർന്ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നവദമ്പതീസംഗമത്തിന് സന്ദേശം നൽകി. അതിനുശേഷം ടൗൺ ഹാളിൽ നടന്ന വികലാംഗ അസോസിയേഷൻ വാർഷികത്തിലും തിരുത്തിപറമ്പ് ഇടവകയിലെ യൂത്ത് മീറ്റിലും പങ്കെടുത്തു. ഉച്ചക്ക് കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിലും വൈകിട്ട് എൽത്തുരുത്തും നടന്ന വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷികങ്ങളിൽ പങ്കെടുത്തു.

12 അഭിവന്ദ്യ താഴത്ത് പിതാവ് വൈകിട്ട് ബൊൻ നത്താലെയുടെ പൗരാവലി മീറ്റിംഗിൽ പങ്കെടുത്തു.

13 അഭിവന്ദ്യ താഴത്ത് പിതാവ് ലൂർദ്ദ് കത്തീഡ്രലിൽ നടന്ന അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവിന്റെ പൗരോഹിത്യ വജ്രജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് പെരിങ്ങണ്ടൂർ മേഴ്സി ഹോമിന്റെ പുതിയ കെട്ടിടം ആശീർവദിച്ചു.

14 അഭിവന്ദ്യ താഴത്ത് പിതാവ് തിരുവില്ല്വാമലയിൽ എസ്. കെ. ഡി. സിസ്റ്റേ

ഴ്സിന്റെ ജൂബിലി ബ്ലോക്കിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് പടവരാട് ഒ. സി. ഡി. ആശ്രമത്തിൽ വി. ബലിയർപ്പിച്ചു. അതിനുശേഷം പുത്തൂരിൽ നടന്ന സ്നേഹോത്സവത്തിൽ സന്ദേശം നൽകി.

15 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് അഭിവന്ദ്യപിതാക്കന്മാർ ബൊൻ നത്താലെ എക്സിബിഷന്റെ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

16 അഭിവന്ദ്യ താഴത്ത് പിതാവ് ആമ്പല്ലൂരിൽ വിവാഹഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. വൈകിട്ട് പാലക്കാട് രൂപതയിലെ പന്തലാംപാടം ഇടവകയിലെ സ്നേഹോത്സവത്തിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് കാക്കനാട് സീറോ മലബാർ മിഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

17 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരാക്കര സൗത്ത് ഉണ്ണിമിശിഹാ പള്ളിയുടെ ആശീർവാദകർമ്മം നിർവഹിച്ചു. ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്ന Joy of Love സിമ്പോസിയത്തിൽ സമാപനസന്ദേശം നൽകി. വൈകിട്ട് ചേർപ്പ് ഇടവകയിലെ ബൈബിൾ കൺവെൻഷനിൽ സമാപനസന്ദേശം നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് ഒളരിക്കര ഹോളി ഫാമിലി മഠത്തിലെ സി. ഹ്യൂബർട്ടിന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

18 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ നവീകരിച്ച കുരിയച്ചിറ ദൈവാലയത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അതിനുശേഷം വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ദമ്പതികൾക്കായി വി. ബലിയർപ്പിച്ചു. പിന്നീട് കുരിയച്ചിറ സെന്റ് പോൾസ് സ്കൂളിൽ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടന്ന കുടുംബകൂട്ടായ്മയിൽ പങ്കെടുത്തു. വൈകിട്ട് മാർ ആന്റണി കളത്തിപറമ്പിൽ പിതാവിന്റെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് വാടാനപ്പിള്ളി ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് കെ. എൽ. എം. ന്റെ വാർഷികസമ്മേളനത്തിൽ പങ്കെടുത്തു. അതിനുശേഷം പെരിങ്ങണ്ടൂർ പീസ് ഹോമിന്റെ Home Day യിൽ പങ്കെടുത്തു. തുടർന്ന് വരന്തരപ്പിള്ളി പള്ളിക്കുന്ന് ഇടവകയിൽ നടന്ന യുവജനക്യാമ്പിൽ സമാപനസന്ദേശം നൽകി.

19 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വി. ബലിയർപ്പിച്ചു.

21 അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കൊഴിഞ്ഞാമ്പാറയിൽ പണിത 6 വീടുകളുടെ വെഞ്ചരിപ്പ് കർമ്മം നടത്തി. വൈകിട്ട് ബൊൻ നത്താലെയുടെ Cake cutting ൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ്

രാവിലെ ചേറൂർ ക്രൈസ്റ്റ് വില്ലയിലും തുടർന്ന് വിമല കോളേജിലും വി. ബലിയർപ്പിച്ചു.

22 അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചക്ക് ഉത്തരേന്ത്യയിൽ നിന്നും വന്ന ജീസസ് യൂത്ത് പ്രവർത്തകരുമായി സ്നേഹസംഭാഷണം നടത്തി. അതിനുശേഷം വിയ്യൂർ സെൻട്രൽ ജയിലിൽ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് പുതുക്കാട് സെന്റ് ആന്റണീസ് സ്കൂളിൽ നടന്ന പുതുതായി നിർമ്മിച്ചു നൽകുന്ന വീടിന്റെ താക്കോൽദാനകർമ്മത്തിൽ പങ്കെടുത്തു. തുടർന്ന് ജൂബിലി മിഷൻ ആശുപത്രിയിൽ ക്രിസ്തുമസ്സ് ആഘോഷങ്ങളിൽ പങ്കുചേർന്നു.

23 അഭിവന്ദ്യ പിതാക്കന്മാർ ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന 'ക്രിസ്തുമസ്സ് ഈവ്' പരിപാടിയിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ഉർസുലൈൻ മഠത്തിൽ വി. ബലിയർപ്പിച്ചു.

24 അഭിവന്ദ്യ താഴത്ത് പിതാവ് ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ നടന്ന ബിരുദദാനചടങ്ങിൽ സംബന്ധിച്ചു.

25 അഭിവന്ദ്യ താഴത്ത് പിതാവ് തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലും അഭിവന്ദ്യ തട്ടിൽ പിതാവ് തൃശ്ശൂർ ബസിലിക്കയിലും ക്രിസ്തുമസ്സ് തിരുകർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് അന്നേദിവസം വിയ്യൂർ സെൻട്രൽ ജയിലിൽ വി. ബലിയർപ്പിച്ചു.

26 അഭിവന്ദ്യ താഴത്ത് പിതാവ് ഡീ. ബിസ്റ്റൺ കൂള സി. എം. ഐ. യുടെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് പേരകം ഇടവകയിൽ നടന്ന കരോൾ ഗാനമത്സരം ഉദ്ഘാടനം ചെയ്തു.

27 അഭിവന്ദ്യ താഴത്ത് പിതാവ് ഡീ. റാഫേൽ കോക്കാടൻ സി. എം. ഐ. യുടെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീ. ക്രിസ്റ്റീൻ ചിറമ്മലിന്റെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് അഭിവന്ദ്യപിതാക്കന്മാർ ബോൺ നത്താലെ ആഘോഷങ്ങളിൽ പങ്കെടുത്തു.

28 അഭിവന്ദ്യ താഴത്ത് പിതാവ് ഡീ. സിജോ പാവറട്ടിക്കാരന്റെയും ഡീ. ജോമോൻ ഇമ്മട്ടിയുടെയും തിരുപ്പട്ടസ്വീകരണങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് തൊറവ് പള്ളിയുടെ വൈദികമന്ദിരത്തിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീ. ജിബി വാഴപ്പിള്ളിയുടെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

29 അഭിവന്ദ്യ താഴത്ത് പിതാവ് ഡീക്കന്മാരായ പ്രദീഷ് കല്ലറക്കൽ, നിന്റോ കണ്ണമ്പുഴ, ജിന്റോ കുറ്റൂക്കാരൻ, സിജോ തയ്യാലക്കൽ എന്നിവരുടെ

തിരുപ്പട്ടസ്വീകരണങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീക്കന്മാരായ ഡൻസ്റ്റൻ ഒലക്കേങ്കിൽ, ലിജോയ് എലുവത്തിങ്കൽ സി. എം. ഐ., അനീഷ് കൂത്തൂർ വെള്ളാട്ടുകര എന്നിവരുടെ തിരുപ്പട്ടസ്വീകരണങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് വടക്കാഞ്ചേരി ഇടവകയിൽ നടന്ന യൂത്ത് മീറ്റിൽ അനുഗ്രഹപ്രഭാഷണം നടത്തി.

30 അഭിവന്ദ്യ താഴത്ത് പിതാവ് ഡീക്കന്മാരായ സെബിൻ തുമ്പമറ്റത്തിലിന്റെയും സീജൻ ചക്കാലക്കലിന്റെയും തിരുപ്പട്ടസ്വീകരണങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് കുറ്റൂർ ഇടവകയിലെ ഹാളിന്റെ ആശീർവാദകർമ്മം നിർവഹിച്ചു. അതിനുശേഷം കോട്ടപ്പടിയിൽ അഞ്ചാമത്തെ കുഞ്ഞിന് മാമ്മോദീസ നൽകി. അഭിവന്ദ്യ തട്ടിൽ പിതാവ് അരണാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു.

31 അഭിവന്ദ്യ താഴത്ത് പിതാവ് ഡീക്കന്മാരായ ബെന്നി കൈപ്പുള്ളിപറമ്പൻ ആന്റണി മണ്ണുമൽ സി. എം. ഐ., ജസ്റ്റിൻ പൂഴിക്കുന്നേൽ എന്നിവരുടെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് ഡീക്കന്മാരായ ടൈസൻ മണ്ടുംപാൽ, ഫിജോ ജോസഫ് മേലിട്ട് എന്നിവരുടെ തിരുപ്പട്ടസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

# നാമകരണ നടപടികൾ

## ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ

ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചനെ അനുസ്മരിച്ചുകൊണ്ടുള്ള ജനുവരി മാസത്തിലെ വെള്ളിയാചരണം 6-ാം ആഘോഷമായി കൊണ്ടാടി. ബഹു. സിസ്റ്റർ മേരി ചെൽസൂസ് സി. എം.സി വചനസന്ദേശം നൽകി. ദൈവാശ്രയത്തെക്കുറിച്ചും, ദൈവത്തിന്റെ പരിപാലനയെക്കുറിച്ചും സിസ്റ്റർ സംസാരിച്ചു. ചേലക്കര ഫൊറോ അസി. വികാരി ഫാ. സിജോ മുരിങ്ങാത്തേരി വി. കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. ദൈവദാസൻ അന്തോണിയച്ചന്റെ തിരുപ്പട്ട സ്വീകരണ ദിനം ഡിസംബർ മാസം 22 -ാം തിയതിയായിരുന്നു. എങ്കിലും എല്ലാവരുടേയും സൗകര്യാർത്ഥം 23-ാം തിയതി വെള്ളിയാഴ്ച ആ ദിനം അതിമനോഹരമായി അനുസ്മരിച്ചു. തച്ചുപറമ്പിലച്ചന്റെ നാമകരണ നടപടികൾക്ക് ചുക്കാൻ പിടിക്കുന്ന പോസ്റ്റുലേറ്റർ ബഹു. ഫാ. പോൾ പുളിക്കൻ വി. കുർബ്ബാനയ്ക്ക് കാർമ്മികത്വം വഹിച്ചു. അന്തോണിയച്ചനിലൂടെ ലഭിക്കുന്ന അനുഗ്രഹങ്ങളെ കുറിച്ചു, നാമകരണ നടപടികളെക്കുറിച്ചും അച്ചൻ ഹ്യസ്വമായി വിവരണം നൽകി. പ്രാർത്ഥനകൊണ്ടും ഉപവാസം കൊണ്ടും അച്ചന്റെ നാമകരണത്തിനൊരുങ്ങാൻ ചേലക്കര ഇടവകക്കാർക്കും ചേലക്കര ഫൊറോനയിൽപ്പെട്ടവർക്കം പ്രത്യേകമായ കടമയുണ്ടെന്ന് അച്ചൻ പ്രസ്താവിച്ചു.

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കൻ

രണ്ടാം ശനിയാഴ്ച ആചരണം ഡിസംബർ 10ന് നടന്നു. യേശുവിനെപ്പോലെ കാരുണ്യം കാത്തുസൂക്ഷിച്ച ഊക്കനച്ചൻ എന്നും പ്രാർത്ഥിക്കുമായിരുന്നു. 'ദൈവമേ അങ്ങയുടെ കരുണാർദ്രസ്നേഹം എന്നിൽ നിറയ്ക്കണമേ' - ആമുഖപ്രഭാഷണം നടത്തിക്കൊണ്ട് സി. സോന സി. എസ്.സി. ഇക്കാര്യംപ്രസ്താവിച്ചു. വചനസന്ദേശം നൽകിയത് ഫാ. ജോബി ചുള്ളിക്കാടനാണ്. കാഴ്ചയിലല്ല കാഴ്ചപ്പാടിലാണ് വ്യത്യാസം വരേണ്ടത്. നാം പലതും കാണുന്നുണ്ടെങ്കിലും കാഴ്ചപ്പാടിൽ മാറ്റം വരാതെ യഥാർത്ഥത്തിൽ അന്ധരെപ്പോലെ വ്യാപരിക്കുന്നു. എന്നാൽ ഊക്കനച്ചൻ എല്ലാം കണ്ണുതുറന്നു കാണുകയും ദൈവത്തോടും സഹോദരോടും ഉള്ള കാഴ്ചപ്പാടിൽ അനുദിനവും നവീകരണം വരുത്തുകയും ചെയ്തു. നമ്മുടെ കണ്ണിലെ അന്ധതയെ എടുത്തുമാറ്റാൻ ദിവ്യകാരുണ്യനാഥനോട് കണ്ണിലെഴുതുന്ന അഞ്ജനം ചോദിച്ചുവാങ്ങാം.

**ഫാ. പോൾ പുളിക്കൻ**

പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

നമ്മുടെ പള്ളികളിലെ കൈക്കാരന്മാരുടെയും (നടത്തു കൈക്കാരനും അടുത്ത ടേമിലെ കൈക്കാരനും) കണക്കെഴുത്തുക്കാരുടേയും സംയുക്ത യോഗം 2017 ഫെബ്രുവരി 4 ശനിയാഴ്ച രാവിലെ 9.30ന് ഡി.ബി.സി. എൽ. സി ഓഡിറ്റോറിയത്തിൽ വെച്ച് കൂടുന്നതാണ്. പ്രസ്തുത മീറ്റിംഗിൽ അഭി വന്ദ്യ പിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ റാഫേൽ തട്ടിൽ, വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ചാർട്ടേഡ് അക്കൗണ്ടന്റു മാർ എന്നിവർ പങ്കെടുക്കുന്നതാണ്. ഇടവകയുടെ വിവിധ സാമ്പത്തിക കാര്യ ങ്ങൾ ചർച്ച ചെയ്യുന്ന ഈ സുപ്രധാന യോഗത്തിലേക്ക് കൈക്കാരന്മാരേയും കണക്കെഴുത്തുകാരേയും ബഹുമാനപ്പെട്ട വികാരിയച്ചൻ പറഞ്ഞയക്കുന്ന തിന് ശ്രദ്ധിക്കുമല്ലോ. സഹകരണത്തിന് നന്ദി പറയുന്നു.

| | |
|---|---|
| രജിസ്ട്രേഷൻ | : 9.30 am |
| ഉദ്ഘാടനം | : 10.00 am |
| ഇടവക സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച ചർച്ച | : 10.30 am |
| സമാപനം & ഉച്ചഭക്ഷണം | : 12.30 |

### വരവ്– ചെലവ് കണക്കുകൾ ഡിസംബർ 31 ,2016

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ |
|---|---|---|---|---|
| | | | | |
| 1. | ചാഴൂർ | | | 41575 |
| 2. | ചേറൂർ | | | 134595 |
| 3. | ചേറ്റുപുഴ | | | 23900 |
| 4. | ചിയ്യാരം വിജയമാത | | | 35000 |
| 5. | കാഞ്ഞിരക്കോട് | | | 3270 |
| 6. | കുറുമാൽ | | | 3400 |
| 7. | മരത്താക്കര | | | 63454 |
| 8. | നെടുപുഴ | | | 16780 |
| 9. | നെഹ്റു നഗർ | | | 68300 |
| 10. | നെല്ലങ്കര | | | 121315 |
| 11. | നെല്ലിക്കുന്ന് | | | 117842 |
| 12. | പടവരാട് | | | 58800 |
| 13. | പാലക്കൽ | | | 58790 |

| | | | | |
|---|---|---|---|---|
| 14. | പെരുവല്ലൂർ | | | 23000 |
| 15. | പൂമല | 12427 | 14885 | |
| 16. | തലക്കോട്ടുകര | 14862 | | 26615 |
| 17. | തങ്ങാലൂർ | | | 20270 |
| 18. | വളപ്പായ | 7007 | 1000 | |
| 19. | വീണ്ടശ്ശേരി | | | 6102 |
| 20 | വെള്ളാറ്റഞ്ഞൂർ | | | 13000 |
| 21. | വെളുത്തൂർ | | | 21607 |
| 22 | വെങ്ങിണിശ്ശേരി | | | 22745 |

| നമ്പർ | പേര് | സഭാ ദിനം | പ്രത്യേക പിരിവ് | ഞായർ ഞായർ |
|---|---|---|---|---|
| 1 | പീച്ചി | 2850 | 5225 | 5700 |
| 2. | പൂമല | 3200 | 4400 | 4800 |
| 3. | വളപ്പായ | 1980 | 2607 | 2133 |
| 4. | അസ്സീസി മഠം, തൃശ്ശൂർ | | | 500 |

**മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. സരിതപുരം - 5000 2. ആറംപിള്ളി - 5000

**ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്**

1. ഭവന നിർമ്മാണം - 30000 2. ചികിത്സ - 20000

**അതിരൂപത സഹായ ഫണ്ട്**

1. ഭവനനിർമ്മാണം 1000 2. വിവാഹം 45500
3. ചികിത്സ 19500

## സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ

തണ്ടിലം - 50000

ചിറനെല്ലൂർ- 50000

**തിരുത്ത്** : ബുള്ളറ്റിൻ ജനുവരി ലക്കത്തിൽ പേജ് 46ൽ കൊടുത്ത എരനെല്ലൂർ എന്നത് ചിറനെല്ലൂർ എന്ന് വായിക്കണം

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. തോമസ് ചക്കുംപീടിക | 01 |
| ഫാ. ആന്റണി കുരുതുകുളങ്ങര | 02 |
| ഫാ. ജോൺസൻ പുലിക്കോട്ടിൽ | 02 |
| ഫാ. തോമസ് വടക്കൂട്ട് | 03 |
| ഫാ. ഫ്രാങ്ക്ളിൻ കണ്ണനായ്ക്കൽ | 03 |
| ഫാ. ജോൺസൻ ആച്ചാണ്ടി | 07 |
| ഫാ. ജോസഫ് വടക്കേത്തല | 08 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 11 |
| ഫാ. ഷോൺസൻ ആക്കാമറ്റത്തിൽ | 12 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 12 |
| ഫാ. ജോവി കുണ്ടുകുളങ്ങര | 13 |
| ഫാ. ജോർജ്ജ് വടക്കേത്തല | 13 |
| ഫാ. സാജൻ വടക്കൻ | 13 |
| ഫാ. സിറിയക് ചാലിശ്ശേരി | 14 |
| ഫാ. പോൾ ആലപ്പാട്ട് | 14 |
| ഫാ. ഡേവിസ് പുലിക്കോട്ടിൽ | 15 |
| ഫാ. പോൾ അറക്കൽ | 16 |
| ഫാ. സജീവ് ഇമ്മട്ടി | 17 |
| ഫാ. വർഗ്ഗീസ് കൂത്തൂർ | 19 |
| ഫാ. ജേക്കബ് തച്ചറാട്ടിൽ | 19 |
| ഫാ. ബാസ്റ്റിൻ ആലപ്പാട്ട് | 21 |
| ഫാ. പ്രദീപ് മാപ്രാണത്തുക്കാരൻ | 21 |
| ഫാ. നിക്കോളസ് പൊറത്തൂർ | 21 |
| ഫാ. ജോയ് പുത്തൂർ | 22 |
| ഫാ. സിജോ മുരിങ്ങാത്തേരി | 25 |
| ഫാ. ജോജോ എടത്തിരുത്തി | 28 |

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ജോവി കുണ്ടുകുളങ്ങര | 14 |

അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കോട്ടക്കൽ പൗലോസ് | 20.02.1892 |
| ഫാ. ചിറമ്മൽ മാത്യു | 02.02.1913 |
| ഫാ. ചക്കാലമറ്റം ആന്റണി | 18.02.1928 |
| ഫാ. മാളിയേക്കൽ ജോസഫ് | 06.02.1950 |
| ഫാ. കൈയാലക്കം ജോസഫ് | 03.02.1951 |
| ഫാ. വാഴപ്പിള്ളി ജോർജ്ജ് | 23.02.1952 |
| ഫാ. കന്നുംകോടത്ത് ആന്റണി | 12.02.1958 |
| ഫാ. അക്കര ജോർജ്ജ് | 21.02.1959 |
| ഫാ. അക്കര ആന്റണി | 07.02.1971 |
| ഫാ. പുല്ലോക്കാരൻ ആന്റണി | 08.02.1972 |
| ഫാ. എളംകുന്നപ്പുഴ ജോർജ്ജ് | 22.02.1976 |
| ഫാ. ചിറയത്ത് ജോൺ | 17.02.1982 |
| ഫാ. കള്ളിയത്ത് ജോസഫ് | 02.02.1983 |
| ഫാ. എളംകുന്നപ്പുഴ ജോസഫ് | 12.02.1992 |
| ഫാ. അക്കരപ്പറ്റി ജോൺ | 16.02.1999 |
| ഫാ. വേഴപ്പറമ്പിൽ ജോസ് | 28.02.2006 |
| ഫാ. മേച്ചരി പോൾ | 12.02.2011 |
| ഫാ. ജോർജ്ജ് മഞ്ഞളി | 07.02.2014 |
| ഫാ. ആന്റണി ചെറയത്ത് | 19.02.2015 |

അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

26.11.2016 സി.എസ്.എം. ലൂർദ്ദ് നാഥാ പ്രോവിൻസിന്റെ 3 അർത്ഥിനികൾ അഭിവന്ദ്യ മാർ ആന്റണി ചിറയത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സാഗർ രൂപതയിലുള്ള ബറോദിയ St.Thomas Santhi Bhavan Convent ൽ വച്ച് സഭാവസ്ത്രവും ആദ്യവ്രതാർപ്പണവും നടത്തി.

സി.എസ്.എം. മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും Master of Human Resorce Management ( M H R M ) Course ന് 2nd Rank കരസ്ഥമാക്കി ബ. സി. മരിയറ്റക്ക് അഭിനന്ദനങ്ങൾ.

01.12.2016 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ 6 പോസ്റ്റുലൻസ് കാനോനിക നോവീഷ്യറ്റിലേയ്ക്കും,16 ആസ്പിരൻസ് പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു.

എസ്.എ.ബി.എസ്. തൃശൂർ നിർമ്മൽ റാണി പ്രോവിൻസിന്റെ മദ്ധ്യസ്ഥയായ പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ പ്രോവിൻസ് ഡേ ആയി ആഘോഷിച്ചു. ഭക്തിനിർഭരമായ തിരുമണിക്കൂർ ആരാധന, സ്നേഹവിരുന്ന്, വിവിധ കലാമത്സരങ്ങൾ, വിവിധ മേഖലകളിൽ പ്രതിഭകളായവരെ ആദരിക്കൽ തുടങ്ങിയ പരിപാടികളോടെ ഈ ദിവസം മനോഹരമായി കൊണ്ടാടി.

04.12.2016 സി.എം.സി. സുപ്പീരിയേഴ്സിനും ലോക്കൽ കൗൺസിലേഴ്സിനും ഒരു ദിവസത്തെ സെമിനാർ കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ഇരിഞ്ഞാലക്കുട ഉദയ പ്രോവിൻസിലെ സി. ധന്യ ക്ലാസ്സ് നയിച്ചു.

08.12.2016 എസ്.എ.ബി.എസ്. പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാൾ ദിനമായ ഇന്ന് ദിവ്യകാരുണ്യ ആരാധനാസന്യാസിനി സമൂഹാംഗങ്ങളെല്ലാവരും വിശുദ്ധബലി മദ്ധ്യേ വ്രതനവീകരണം നടത്തി.

09.12.2016 എസ്.എ.ബി.എസ്. ഡിസംബർ 9 മുതൽ 11 വരെ ജൂണിയർ സിസ്റ്റേഴ്സിന്റെ gathering ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ നടന്നു.

എഫ്.സി.സി. അഭിവന്ദ്യ മാർ ജേക്കബ്ബ് തൂങ്കുഴി പിതാവിന്റെ പൗരോഹിത്യത്തിന്റെ ഡയമണ്ട് ജൂബിലി അസ്സീസി പ്രൊവിൻഷ്യൽ വച്ച് സമുചിതമായി ആഘോഷിച്ചു. വൈകിട്ട് 6.30 ന് ആഘോഷമായ ദിവ്യബലിയും തുടർന്ന് സ്നേഹവിരുന്നുമുണ്ടായിരുന്നു.

സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻസിന്റെ കീഴിലുള്ള വിദ്യാലയങ്ങളിലെ

ലേ-സ്റ്റാഫിനായി അരണാട്ടുകര ഇൻഫന്റ് ജീസസ്സ് ഹൈസ്ക്കൂളിൽ നടത്തിയ ഏകദിന സെമിനാറിൽ 250 സ്റ്റാഫ് പങ്കെടുത്തു.

എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് ആസ്പിരൻസിനായി വികർ പ്രൊവിൻഷ്യൽ സി. സിറില്ല മൂന്നു ദിവസത്തെ 'Faith Retreat' നൽകി.

13.12.2016 FCRA/currency cancellation എന്നിവയെ സംബന്ധിച്ച് പി.ഒ.സി. യിൽ KCMS സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറിൽ വിവിധ സന്യാസ സമൂഹങ്ങളുടെ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു.

14.12.2016 എഫ്.സി.സി. എഫ്.സി.സി. യുടെ സ്ഥാപനദിനമായ ഡിസംബർ 14 ന് വെങ്ങിണിശ്ശേരിയിൽ 6 പോസ്റ്റുലൻസ് നൊവിഷ്യറ്റിലേക്കും മരത്താക്കരയിൽ 7 അർത്ഥിനികൾ പോസ്റ്റുലൻസിയിലേക്കും പ്രവേശിച്ചു. സി. ഷൈവി ജീസ് നോവീസ് മിസ്ട്രസ്സായും സി. ജോസി ഒലക്കേങ്കിൽ പോസ്റ്റുലൻസ് മിസ്ട്രസ്സായും ഉത്തരവാദിത്വമേറ്റു.

16.12.2016 സി.എച്ച്.എഫ്. ഡയബറ്റിക് രോഗത്തെ നിയന്ത്രിക്കുന്നതിൽ സസ്യജന്യ ആഹാരത്തിനും യോഗയ്ക്കുമുള്ള പങ്കിനെപറ്റി ഗവേഷണം നടത്തി ഡോക്ടറേറ്റ് നേടിയ തൃശ്ശൂർ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിംഗ് അസി. പ്രിൻസിപ്പാൾ സി. ട്രീസ ആന്റോ മഹാത്മഗാന്ധി യൂണിവേഴ്സിറ്റിയിൽ നടത്തിയ ഡിഫെൻസിൽ നവജ്യോതി പ്രൊവിൻഷ്യൽ സി.മേഴ്സി പോളും കൗൺസിലേഴ്സും, സിസ്റ്റേഴ്സും, പങ്കെടുത്തു.

എഫ്.സി.സി. Young Seniors' Meet ഡിസംബർ 16-ാം തീയതി മുതൽ 18-ാം തീയതി വരെ തൃശൂർ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു.

17.12.2016 സി.എം.സി. മദർ ജനറൽ സി. സിബി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തുകയും, എല്ലാ ലോക്കൽ സുപ്പീരിയേഴ്സിനേയും കണ്ട് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

സി.എസ്.സി. കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ ജൂനിയർ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. തൃശൂർ മൈനർ സെമിനാരി റെക്ടർ റവ. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ ക്ലാസ്സെടുത്തു.

19.12.2016 സി.എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യൽ സി .മേഴ്സി പോൾ ഒളരിക്കര ഹോളി ഫാമിലി കോൺവെന്റിൽ കാനോനിക സന്ദർശനം നടത്തി.

എഫ്.സി.സി. മണലാടി കോൺവെന്റിനോടനുബന്ധിച്ച് പുതിയതായി പണി തീർത്ത ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിന്റെ വെഞ്ചെരിപ്പ് കർമ്മം രാവിലെ 10 മണിക്ക് മഠം ചാപ്ലെയിൻ റവ. ഫാ. ചാക്കോ ചിറമ്മലിന്റെ കാർമ്മികത്വത്തിൽ നടന്നു. പ്രൊവിൻഷ്യൽ കൗസിൽ അംഗങ്ങൾ സിഹിതരായിരുന്നു.

എസ്.എ.ബി.എസ്. British Council ഏർപ്പെടുത്തിയ International School Award -ഉം Global Academic Rating ൽ A Plus ഉം നേടിയ തൃശൂർ നിർമ്മല മാതാ സെൻട്രൽ സ്ക്കൂളിന്റെ പ്രിൻസിപ്പൽ സി. മരീന മുണ്ടാടനും സ്റ്റാഫിനും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങൾ!

20.12.2016 സി.എച്ച്.എഫ്. വല്ലച്ചിറ ഇടവകയിൽ സിസ്റ്റേഴ്സ് ഹോംമിഷൻ നടത്തി.

എസ്.എൻ.ഡി.എസ്. നിർമലദാസി സമർപ്പിത സമൂഹാംഗമായ സിസ്റ്റർ ലൂസി നെല്ലിശേരി ക്രിസ്റ്റ്യൻ മൈനോരിറ്റിയുടെ മികച്ച സമൂഹ്യപ്രവർത്തനത്തിനുള്ള തെലുങ്കാന സർക്കാർ പുരസ്കാരം തെലുങ്കാന മുഖ്യമന്ത്രി ശ്രീ. കെ. ചന്ദ്രശേഖർ റാവുവിൽനിന്നും ഏറ്റുവാങ്ങി.

എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സുപ്പീരിയേഴ്സ് കോൺഫ്രൻസ് നടത്തി.

27.12.2016 സി.എം.സി. സ്കൂൾ, നേഴ്സറി ഹെഡ്മിസ്ട്രസ്സ്മാർക്കും, സ്കൂൾ ബർസാർമാർക്കും കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സെമിനാർ നടത്തി.

സി.എച്ച്.എഫ്. പുതുശ്ശേരി ഇടവകയിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി.

30.12.2016 എസ്.എ.ബി.എസ്. ബന്ധിയായിക്കഴിയുന്ന റവ. ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി പതിമൂന്നുമണി ആരാധന നടത്തി പ്രാർത്ഥിച്ചു.

സി.എം.സി.കല്ല്യാൺ രൂപതാദ്ധ്യക്ഷൻ മാർ തോമസ് ഇലവനാൽ കോലഴി പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് സൗഹൃദം പങ്കിട്ടു.

സി.എം.സി. പ്രൊവിൻഷ്യൽ സി. അനിജ ലേഡിവിക്ടറി ചിയ്യാരം, പെരുമ്പ, പുതുക്കാട്, മുള്ളൂർക്കര, മനക്കൊടി ,വലപ്പാട് എന്നീ ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി.

**ആദരാഞ്ജലികൾ**



16.12.2016 സി.എച്ച്.എഫ്. നവജ്യോതി പ്രോവിൻസിലെ ഒള രിക്കര ഹോളീഫാമലി ഭവനാംഗമായ സി. ഹ്യൂബർട്ട് പുല്ലൻ നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ റാഫേൽ തട്ടിലിന്റെ മുഖ്യ കാർമ്മീകത്വത്തിൽ സംസ്ക്കാര ശുശ്രൂഷ നടത്തി.



06.12.2016 എഫ്.സി.സി. മുണ്ടൂർ സെന്റ് ഫ്രാൻസീസ് ഭവനാംഗമായിരുന്ന ബ. സി. മത്തിയാസ് നിര്യാതയായി. തൃശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടന്നു. 7-ാം തീയതി രാവിലെ 10 മണിക്ക് മഠം കപ്പേളയോട് ചേർന്നുള്ള കല്ലറയിൽ സിസ്റ്ററിന്റെ മൃതദേഹം സംസ്കരിച്ചു.



19.12.2013 തൃശ്ശൂർ ഉർസുലൈൻ സന്യാസമൂഹാംഗവും തൃശ്ശൂർ ഉർസുലൈൻകോൺവെന്റ് സുപ്പീരിയറുമായ ബഹുമാനപ്പെട്ട സി. ലത UMI 19.12.2016ന് നിര്യാതയായി. നാലുമാസക്കാലത്തോളം സിസ്റ്റർ രോഗാവസ്ഥയിൽ ചികിത്സയിലായിരുന്നു. അഭിവന്ദ്യ വർഗ്ഗീസ് ചക്കാലയ്ക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്ക്കാര ശുശ്രൂഷകൾ കോഴിക്കോട് നിർമ്മല ഹോസ്പിറ്റൽ സെമിത്തേരിയിൽ 20.12.2016ന് നടത്തപ്പെട്ടു.

സി. ജോസഫൈൻ പാലത്തിങ്കൽ SABS
സി.ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

## മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

വാർഷിക പരീക്ഷയ്ക്ക് നിങ്ങൾ ഏറ്റവും അടുത്ത് ഒരുങ്ങി കൊണ്ടിരിക്കുകയാണല്ലോ. നന്നായി പഠിക്കാനും പഠിച്ചവ ഓർത്തിരിക്കാനും നന്നായി പരീക്ഷ എഴുതുവാനും ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. എന്റെ ദിവസംതോറുമുള്ള കുർബാനകളിൽ നിങ്ങളെയും ഓർക്കുന്നതാണെന്ന് ഉറപ്പു തരുന്നു. എനിക്ക് വ്യക്തിപരമായി അനുഗ്രഹം ലഭിച്ച ഒരു കൊച്ചുകാര്യം നിങ്ങളെ ഓർമ്മിപ്പിക്കുകയാണ്. പഠിക്കാൻ തുടങ്ങുമ്പോഴും പരീക്ഷ എഴുതാൻ തുടങ്ങുമ്പോഴും പരിശുദ്ധാത്മാവിനോടുള്ള കൊച്ചുപ്രാർത്ഥന മനസ്സിൽ ചൊല്ലുക. നിങ്ങൾക്കെല്ലാവർക്കും നല്ല വിജയം നേരുന്നു.

പത്താം ക്ലാസ്സിലും പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്നവരെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ ഭാവി ജീവിതത്തിന്റെ ഏതു ജീവിതാന്തസ്സാണ്, ജോലിയാണ്, സ്വീകരിക്കാൻ പോകുന്നത് എന്നതിന്റെ പ്രധാന തീരുമാനം എടുക്കാനുള്ള അവസരം ഈ കാലഘട്ടമാണ്. കാരണം പത്താം ക്ലാസ്സും പന്ത്രണ്ടാം ക്ലാസ്സും കഴിയുമ്പോഴാണ് നിങ്ങൾ തുടർപഠനത്തിന്റെയും പ്രവർത്തനത്തിന്റെയും മേഖല തെരഞ്ഞെടുക്കുന്നത്. ഈ പശ്ചാത്തലത്തിൽ ദൈവവിളിയെ കുറിച്ചും ജീവിതാന്തസ്സിനെ കുറിച്ചും അല്പം വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

"ദൈവം മനുഷ്യനെ സൃഷ്ടിച്ചത് തന്റെ ഛായയിലും സാദൃശ്യത്തിലുമാണ്" (ഉല്. 1:26) എല്ലാ മനുഷ്യരെ സംബന്ധിച്ചും ദൈവത്തിന്

പദ്ധതിയുണ്ട് (ജറെ. 29:11–13). ഓരോ മനുഷ്യനെ കുറിച്ചുമുള്ള ദൈവത്തിന്റെ പദ്ധതി തിരിച്ചറിയലാണ് ദൈവവിളി. ജറെമിയ പ്രവാചകനിലൂടെയും വി. പൗലോസ് ശ്ലീഹായിലൂടെയും ദൈവം പറയുന്നു; മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനു മുമ്പേ ദൈവം നമ്മെ വിളിക്കുന്നു.

പ്രധാനമായും 4 ജീവിതാന്തസ്സിലേക്കാണ് ദൈവം മനുഷ്യരെ വിളിക്കുത്. അതിൽ ഭൂരിഭാഗം പേരെയും വിളിക്കുന്നത് കുടുംബജീവിതത്തിലേക്കാണ്. ഉല്പത്തി പുസ്തകം ഉദ്ധരിച്ച് യേശു പറയുന്നു: “സ്രഷ്ടാവ് ആദ്യം മുതലേ മനുഷ്യനെ പുരുഷനും സ്ത്രീയുമായി സൃഷ്ടിച്ചു. അവർ പിതാവിനെയും മാതാവിനെയും വിട്ട് ഏകശരീരമായി തീരണം. എന്തെന്നാൽ ദൈവം യോജിപ്പിച്ചത് മനുഷ്യൻ വേർപ്പെടുത്താതിരിക്കട്ടെ” (മത്താ. 19:4–6). എന്നാൽ വിവാഹാന്തസ്സിനു പുറമേ ചുരുക്കം പേരെ ദൈവരാജ്യത്തെപ്രതി ബ്രഹ്മചര്യജീവിതം നയിക്കാൻ ദൈവം വിളിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ജീവിതാന്തസ്സുകൾ താഴെ പറയുന്നവയാണ്. 1. വിവാഹജീവിതം 2. വൈദികജീവിതം 3. സന്യാസജീവിതം 4. ഏകസ്ഥജീവിതം

ഇപ്രകാരമുള്ള ജീവിതാന്തസ്സിൽ ജീവിക്കുന്നവർക്ക് അവരുടെ ജോലിയുമായി ബന്ധപ്പെട്ട് വിവിധ ജീവിതതുറകൾ ഉണ്ടാകാം. ഉദാഹരണമായി അധ്യാപകൻ, ഡോക്ടർ, കർഷകൻ, ഡ്രൈവർ തുടങ്ങിയവ. എല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നത് വിശുദ്ധിയിലേക്കാണ്. സ്വർഗ്ഗത്തിൽ പിതാവിന്റെ അടുത്ത് എത്തുക എന്നതാണ് ദൈവഛായയിൽ സൃഷ്ടിക്കപ്പെട്ട എല്ലാവരുടെയും ലക്ഷ്യം. ഓരോ മനുഷ്യന്റെയും ജീവിതാന്തസ്സും ജീവിതതുറയുമായി ജീവിക്കുമ്പോഴാണ് ഈ ജീവിതലക്ഷ്യം സാധ്യമാകുക.

വൈദിക-സന്യാസജീവിതത്തിലേക്കുള്ള വിളിയാണ് ഇന്ന് സാധാരണനിലയിൽ ദൈവവിളി എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ കുടുംബജീവിതത്തിലേക്കുള്ള വിളിയും ദൈവവിളിയാണ്. ദൈവത്തിന് ഓരോ വ്യക്തിയെയും കുറിച്ചുള്ള പദ്ധതി തിരിച്ചറിയാൻ സഹായിക്കലാണ് ദൈവവിളി പരിപോഷണം. പരി. മറിയത്തിന്റെ ദൈവവിളി തിരിച്ചറിയാൻ ഗബ്രിയേൽ മാലാഖയാണ് സഹായിച്ചത് (ലൂക്ക. 1:26). ശിഷ്യന്മാരെ യേശു നേരിട്ട് വിളിക്കുകയാണ് ചെയ്തത്. പൗലോസ് ശ്ലീഹായുടെ വിളി തിരിച്ചറിയാൻ സഹായിച്ചത് അനനിയാസാണ് (അ. പ്ര. 9). കുട്ടികളായ നിങ്ങൾ ദൈവത്തോട് പ്രാർത്ഥന

യിലൂടെ, നിങ്ങളുടെ ദൈവവിളിയെ കുറിച്ച് ചോദിക്കേണ്ട അവസരമാണിത്. ഏതുതരം അന്തസ്സിൽ പ്രവേശിക്കുന്നതാണ് നിങ്ങളെ കുറിച്ചുള്ള ദൈവഹിതം എന്നും നാം തിരിച്ചറിയണം. നന്നായി പ്രാർത്ഥിക്കുമ്പോൾ നിങ്ങളുടെ ഉള്ളിന്റെയുള്ളിൽ ദൈവം തോന്നിപ്പിക്കും. ചിലപ്പോൾ മാതാപിതാക്കളോ ഗുരുഭൂതരോ കൂട്ടുകാരോ ആയിരിക്കും നിങ്ങളെ സഹായിക്കുക. വൈദികനോ സന്യാസിയോ ആകണമെന്ന ആഗ്രഹം നിങ്ങളുടെ ഉള്ളിൽ തോന്നുന്നുണ്ടെങ്കിൽ അത് നിങ്ങളുടെ വികാരിയച്ചനെ അറിയിക്കുക. നിങ്ങൾ നന്നായി പ്രാർത്ഥിക്കുകയും വേണം. യേശു തനിക്ക് ഇഷ്ടമുള്ളവരെയാണ് വിളിക്കുന്നത് (മത്താ. 3:13). "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല, ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്" (യോഹ. 15).

രണ്ടു കാര്യങ്ങൾക്കാണ് യേശു ചുരുക്കം ചിലരെ വിളിക്കുന്നത്. അത് യേശുവിനോടുകൂടെയായിരിക്കാനും അയയ്ക്കപ്പെടാനും വേണ്ടിയാണ്. ഞാൻ മെത്രാനായി അഭിഷിക്തനായപ്പോൾ തെരഞ്ഞെടുത്ത മുദ്രാവാക്യം 'കൂടെയായിരിക്കാനും അയയ്ക്കപ്പെടാനും' എന്നുള്ളതാണ്. യേശുവിന്റെ കൂടെയായിരിക്കുവാൻ ദൈവവിളി സ്വീകരിക്കുക മൂന്നു കാര്യങ്ങൾക്കായിട്ടാണ്. അയയ്ക്കപ്പെടുക, പഠിപ്പിക്കുക, വിശുദ്ധീകരിക്കുക. ത്രിവിധത്തിലുള്ള യേശുവിന്റെ ഈ അജപാലദൗത്യം നിർവ്വഹിക്കാൻ വിളിക്കപ്പെട്ടവരാണ് വൈദികർ. യേശുവിനോടു കൂടെയായിരുന്ന് താപസ്സജീവിതത്തിന് ഊന്നൽ കൊടുക്കുന്നവരാണ് സന്യസ്തർ/സമർപ്പിതർ. സമർപ്പിതരുടെ ഇടയിൽ ഓരോ സിദ്ധിയനുസരിച്ച് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങളുണ്ട്. അവർ സന്യാസവൈദികർ, സന്യാസസഹോദരർ, സന്യാസിനികൾ എന്നിവരാണ്. ഇതിനു പുറമേ സമർപ്പിതരോ വൈദികരോ ആകാതെ വീടുകളിലും മറ്റും ഏകസ്ഥ ജീവിതം നയിക്കുന്നവരുമുണ്ട്. കുടുംബജീവിതം നയിക്കുന്നവരുടെ ഇടയിൽ സമർപ്പിത മനോഭാവത്തോടെ ജീവിക്കുന്നവരാണ് നമ്മുടെ അതിരൂപതയിൽ പ്രവർത്തിക്കുന്ന ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലിസ് (LOAF).

നിങ്ങൾ നല്ല ദൈവവിളിക്കുവേണ്ടി പ്രാർത്ഥിക്കണം. നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി എന്തെന്ന് നന്നായി ആലോചിക്കണം. ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും. പരീക്ഷയിൽ എല്ലാവിധ വിജയാശംസകളും നേരുന്നു.

**ചോദ്യങ്ങൾ**

1. ദൈവവിളി എന്നാൽ എന്ത്?

2. ജീവിതാന്തസ്സുകൾ ഏവ?

3. ജീവിതതുറ എന്നാൽ എന്ത്?

4. വൈദിക-സന്യാസജീവിതത്തിലേക്കുള്ള വിളി തിരിച്ചറിയാനുള്ള മാർഗ്ഗങ്ങൾ ഏവ?

5. മാർപ്പാപ്പ, ഇടവക വൈദികൻ, സന്യാസവൈദികൻ, സന്യാസസഹോദരൻ, സന്യാസിനി, കുടുംബജീവിതം നയിച്ച ദമ്പതി എന്നീ നിലയിൽ ജീവിച്ച് വിശുദ്ധരായവരുടെ പേരുകൾ പറയാമോ?

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

മതബോധനത്തിലെ ഈ അധ്യയനവർഷത്തിന്റെ സമാപനത്തിലേക്ക് കടക്കുന്നു. വാർഷിക പരീക്ഷകൾ അടുത്തെത്തിയിരിക്കുന്നു. പഠിച്ച കാര്യങ്ങൾ കൂടുതൽ മനസ്സിലാക്കാനും പഠിക്കാതെപോയ കാര്യങ്ങൾ വീണ്ടും ശ്രദ്ധിക്കാനും ഉള്ള അവസരമാണ്. എല്ലാ വിദ്യാർത്ഥികൾക്കും നല്ല പരീക്ഷകൾ ആശംസിക്കുന്നു. വിശ്വാസപരിശീലനത്തിൽ പഠിച്ച കാര്യങ്ങൾ പ്രായോഗികമാക്കാനുള്ള അവസരങ്ങൾ അനവധിയാണ്. നമ്മുടെ കർത്താവിന്റെ ദൈവാലയത്തിലെ സമർപ്പണത്തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ഈശോയ്ക്കായി സ്വയം സമർപ്പിച്ചവരെ പ്രത്യേകം ഓർക്കുകയും സമർപ്പിതദൈവവിളികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യാം. ലൂർദ്ദ് മാതാവിന്റെ തിരുനാളും രോഗീദിനവും ഈ മാസത്തിലാണ്. എല്ലാ രോഗികൾക്കും വേണ്ടി പ്രത്യേക മധ്യസ്ഥപ്രാർത്ഥന നടത്താം. വലിയനോമ്പും ഈ മാസത്തിൽ ആരംഭിക്കുന്നു. ആത്മീയ ഉണർവ്വിന്റെ ഈ കാലഘട്ടം ഫലപ്രദമായി വിനിയോഗിക്കാം. നന്നായി ഒരുങ്ങി മതബോധന പരീക്ഷകളും സ്കൂൾ പരീക്ഷകളും ചെയ്യാം.

**1. ഞായർ മതബോധന വാർഷിക പരീക്ഷകൾ**

**2017 ഫെബ്രുവരി 12, 2PM-4PM : Stds. X, XI & XII**

**2017 ഫെബ്രുവരി 19, 2PM-4PM : Stds. I, III, V, VII, IX & ACC** (**ACC** 3 hours, 2PM-5PM)

**2017 ഫെബ്രുവരി 26, 2PM-4PM : Stds. II, IV, VI & VIII**

വാർഷിക പരീക്ഷയെ സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.

Stds. I മുതൽ XI വരെയുള്ള വിദ്യാർത്ഥികളുടെ ഉത്തരകടലാസു പരിശോധന ബഹുമാനപ്പെട്ട വികാരിയച്ചന്റെയും ഹെഡ്മാസ്റ്ററുടേയും നേതൃത്വത്തിൽ യൂണിറ്റിൽ തന്നെ ഒരു ദിവസം എല്ലാ അധ്യാപകരും ഒന്നുചേർന്ന് നടത്തുവാൻ നിർദ്ദേശിക്കുന്നു. ഇതിനാവശ്യമായ ഉത്തരസൂചിക അതിരൂപതാ മതബോധന കേന്ദ്രത്തിന്റെ ബ്ലോഗിൽ നിന്നും മാർച്ച് 1 ന് ലഭിക്കുന്നതാണ്. ബ്ലോഗ് അഡ്രസ്സ് http://catechismtrichur.blogspot.in

**2. Std. XII & ACC വാർഷിക പരീക്ഷകളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ**

1 ബഹു. വൈദികരുടെ മേൽനോട്ടത്തിലും ഹെഡ്മാസ്റ്ററുടെ ചുമതലയിലുമാണ് പരീക്ഷകൾ നടത്തേണ്ടത്. പരീക്ഷാ ഹാളിൽ മേൽനോട്ടത്തിന് മറ്റ് ക്ലാസ്സുകളിലെ അധ്യാപകരുടെ സഹായം ആവശ്യമുണ്ടെങ്കിൽ സ്വീകരിക്കാവുന്നതാണ്.

2 പരീക്ഷയേയും മറ്റും സംബന്ധിച്ച് മതബോധനകേന്ദ്രത്തിൽ നിന്നുള്ള നിർദ്ദേശങ്ങൾ കൃത്യമായി തന്നെ പാലിക്കേണ്ടതാണ്. വാർഷിക പരീക്ഷയിൽ പങ്കെടുക്കാനുള്ള നിബന്ധനകൾ (Attendance എന്നിവയെ സംബന്ധിച്ച്) വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. പരീക്ഷയുടെ നടത്തിപ്പിനെ സംബന്ധിച്ചും Syllabus, Question Paper Scheme, Marks Distribution എന്നിവയെ സംബന്ധിച്ചും വാർഷിക പ്രോഗ്രാമിൽ നൽകിയിട്ടുണ്ട്. മതബോധന വിദ്യാർത്ഥികളേയും അവരുടെ മാതാപിതാക്കളേയും ഇക്കാര്യങ്ങൾ നേരത്തെ യൂണിറ്റിൽനിന്നും അറിയിച്ചിരിക്കേണ്ടതാണ്.

3 പരീക്ഷാ നടത്തിപ്പിന് വിസിറ്റർ ആയി നിയമനം ലഭിക്കുന്നവർ ആ ചുമതല കൃത്യമായി തന്നെ നിർവ്വഹിക്കുക. സ്വന്തം യൂണിറ്റിലേയും പോകുന്ന യൂണിറ്റിലേയും ഹെഡ്മാസ്റ്ററേയും വികാരിയച്ചനേയും നേരത്തെതന്നെ നിയമനവിവരം അറിയിക്കേണ്ടതാണ്.

4 ACC കേന്ദ്രീകൃത മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽ വെച്ചു തന്നെ നടത്തുവാൻ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ ACC Examination Board തീരുമാനിച്ചിരിക്കുന്നു. യൂണിവേഴ്സിറ്റിയുടെ മേൽനോട്ടത്തിൽ ACC കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നതാണ്.

5 Std. XII, ACC കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് അതതു ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപകരും നിർബന്ധമായും വരേണ്ടതാണ്. സമയം 09.30 AM – 04.30 PM.

6 പരീക്ഷാനടത്തിപ്പിൽ ഏതെങ്കിലും തരത്തിൽ വീഴ്ചകളോ അപാകതകളോ ഉണ്ടാകാതിരിക്കാൻ യൂണിറ്റധികാരികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

7 Std. XII, ACC വിദ്യാർത്ഥികളുടെ Registration Number, Hall Ticket എന്നിവ അതിരൂപതാമതബോധനകേന്ദ്രത്തിൽ നിന്നും ഓരോ യൂണിറ്റിലേയും ഹെഡ്മാസ്റ്റർ/ സെക്രട്ടറി വാങ്ങിച്ച് വിദ്യാർത്ഥികൾക്ക് നൽകേണ്ടതാണ്.

8 Std. XII Internal Assessment Marks Sheet ഓരോ യൂണിറ്റിലേക്കും തയ്യാറാക്കിയിരിക്കുന്നത് അതിരൂപതാ മതബോധനകേന്ദ്രത്തിൽ നിന്നും ഹെഡ്മാസ്റ്റർ/ സെക്രട്ടറി കൊണ്ടുപോകേണ്ടതാണ്; March 1 ന് മുമ്പുതന്നെ വികാരിയച്ചന്റെ ഒപ്പോടുകൂടി Internal Assessment Mark List മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. യൂണിറ്റിൽ നിന്നും തന്നിരിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ അർദ്ധവാർഷിക പരീക്ഷക്ക് ലഭിച്ചിരിക്കുന്ന മാർക്കിന്റെ അനുപാതം

Internal Assessment Sheet ൽ ചേർത്തിട്ടുണ്ട്. **Internal Marks** നൽകുവാനുള്ള മാനദണ്ഢം വളരെ കൃത്യമായി പാലിക്കുക. മാന ദണ്ഢങ്ങൾ അറിയുന്നതിനായി വാർഷിക പ്രോഗ്രാം പേജ് 39 കാണുക.

**3. കേന്ദ്രീകൃത മൂല്യനിർണ്ണയം**

Std. XII, ACC വാർഷിക പരീക്ഷയുടെ കേന്ദ്രീകൃത മൂല്യനിർണ്ണ യത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന എല്ലാ അധ്യാപ കരും നിർബന്ധമായും മതബോധനകേന്ദ്രത്തിൽ എത്തി ച്ചേരേണ്ടതാണ്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

Chief Examiners’ Meeting : 26th February, Sunday 10 AM

Centralised Evaluation ACC & Std. XII : **2017 മാർച്ച് 4 & 5, ശനി, ഞായർ; മാർച്ച് 11 & 12, ശനി, ഞായർ**

**4. ഹെഡ്മാസ്റ്റർമാരുടെ കോൺഫ്രൻസ് :**

2017 ഫെബ്രുവരി 5 ഞായർ 2:30 PM, മതബോധന കേന്ദ്രത്തിൽ. വളരെ പ്രധാനപ്പെട്ട യോഗമായതുകൊണ്ട് പ്രധാന അധ്യാപകരുടെ പങ്കാളിത്തം നിർബന്ധമാണ്.

**5. Intensive Catechism – ദൈവദർശൻ 2017**

**(**ACC വിദ്യാർത്ഥികൾക്കും കൂടി**)**

ഏപ്രിൽ, മെയ് മാസങ്ങളിൽ യൂണിറ്റിൽ നടത്തുന്ന ദൈവദർശൻ ക്യാമ്പിൽ ACC വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തുന്ന വിധമാണ് ക്രമീകരിച്ചിട്ടുള്ളത്. വിശദവിവരങ്ങൾക്ക് പെ. ബഹു. മൈനർ സെമി നാരി റെക്ടറുമായി ബന്ധപ്പെടുക:

V. Rev. Fr. Jaison Koonamplakkal : 0487 - 2420891, 2423196

**6. Sunday Catechism Scholarship Exam. 2017**

1. Stds. IV to XI ലെ കുട്ടികൾക്കായി സ്കോളർഷിപ്പ് പരീക്ഷ അതി രൂപതാടിസ്ഥാനത്തിൽ ഏപ്രിൽ **22** ശനിയാഴ്ച **2**PM**– 4**PM ന് വിവിധ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു.

   കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുന്നതാണ്.

2. അർദ്ധവാർഷിക, വാർഷിക പരീക്ഷകളുടെ ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ പുനർനിർണ്ണയം നടത്തിയശേഷം രണ്ടിലുംകൂടി 91 ശതമാനമോ അതിൽ കൂടുതലോ മാർക്ക് വാങ്ങിയ വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളത്.

3. യൂണിറ്റിൽനിന്നും സ്കോളർഷിപ്പ് പരീക്ഷ എഴുതാനായി നിർദ്ദേശിക്കുന്ന കുട്ടികളുടെ Scholarship Eligible Students List ഉം വാർഷിക പരീക്ഷാ ഉത്തരകടലാസുകളും അതിരൂപതാമതബോധന കേന്ദ്രത്തിലേക്ക് മാർച്ച് 15 നു മുമ്പ് എത്തിച്ചു തരണം. അവസാന തിയ്യതിക്കുശേഷം വരുന്ന കുട്ടികളുടെ പേരും ഉത്തരക്കടലാസ്സുകളും സ്വീകരിക്കുന്നതല്ല. ഉത്തരക്കടലാസുകൾ മതബോധനകേന്ദ്രത്തിൽ വീണ്ടും മൂല്യനിർണ്ണയം ചെയ്ത് അർഹിക്കുന്ന കുട്ടികളെ തെരഞ്ഞെടുക്കുകയും വിവരം യൂണിറ്റിൽ അറിയിക്കുകയും ചെയ്യുന്നതാണ്. മതബോധനകേന്ദ്രത്തിൽ നിന്നും Scholarship Eligible Students List പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ യൂണിറ്റുകളിൽ പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ.

4. യൂണിറ്റിൽ നിന്നും സ്കോളർഷിപ്പ് പരീക്ഷക്ക് നിർദ്ദേശിക്കുന്ന കുട്ടികളുടെ വാർഷികപരീക്ഷാ ഉത്തരക്കടലാസുകൾ മതബോധന കേന്ദ്രം നൽകിയിരിക്കുന്ന ഉത്തരസൂചികയുടെ അടിസ്ഥാനത്തിൽ കൃത്യതയോടും നീതിയോടും മൂല്യനിർണ്ണയം ചെയ്യേണ്ടതാണ്; ആനുപാതികമല്ലാതെയും അർഹതയില്ലാതെയും മാർക്ക് നൽകിയ ഉത്തരക്കടലാസ്സുകളുണ്ടോ എന്ന് വികാരിയച്ചനും ഹെഡ്മാസ്റ്ററും പരിശോധിക്കേണ്ടതാണ്.

**7. School Catechism & Moral Science Scholarship Exam. 2017**

പരീക്ഷാ ദിവസം: **8th April Saturday 2**PM **– 4** PM**.** പതിവുപോലെ 7 കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നു. **Scholarship Students List** മതബോധനകേന്ദ്രത്തിൽ ലഭിക്കേണ്ട അവസാനതിയ്യതി **15th February.**

**8. SMCC Award Std XII - 2016**

സീറോ മലബാർ സഭയുടെ ആസ്ഥാനമായ കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ Syro-Malabar Catechetical Commission (SMCC) അവാർഡിന് തൃശ്ശൂർ അതിരൂപതയിൽ നിന്നും റോസ് മുട്ടത്ത്, മെർലിൻ കെ. മൈക്കിൾ, ആൻസൻ ആന്റോ കെ., പ്രിനു പ്രിൻസ് എന്നിവർ പങ്കെടുത്തു. സീറോ മലബാർ സഭയുടെ കേരളത്തിലെ 13 രൂപതകളിൽ നിന്നുമുള്ള 52 കുട്ടികളിൽ നിന്നും സീറോ മലബാർ സഭയുടെ പ്രതിഭകളായി തൃശ്ശൂർ അതിരൂപതയിൽ നിന്നും റോസ് മുട്ടത്ത്, മെർലിൻ കെ. മൈക്കിൾ എന്നിവർ അവാർഡിന് അർഹരായി. അവർക്ക് തൃശ്ശൂർ അതിരൂപതയുടെ സ്നേഹം നിറഞ്ഞ അഭിനന്ദനങ്ങൾ.



**Rose Muttath**
Kottapady
Prathiba



**Merlin K. Michael**
Mattom
Prathiba



**Anson Anto K.**
Chevoor



**Prinu Prince**
Mariapuram

**9. അധ്യാപകർക്കുള്ള അതിരൂപതാതല ആപ്റ്റിറ്റ്യൂഡ് പരീക്ഷയിലെ റാങ്കുജേതാക്കൾക്ക് അഭിനന്ദനങ്ങൾ!**



Rank I
**Dr. Suny Tony**
(Mariapuram)



Rank II
**Maria Jini P. V.**
(Engandiyur)



Rank III
**Dr. Lucy K. M.**
(Mannuthy)

**Other Ranks**

| Rank | Reg. No. | Name | Unit |
|---|---|---|---|
| IV | 324 | Mafy M. J. | Kumblangad |

| | | | |
|---|---|---|---|
| V | 338 | Johnsy Mathew | Thiroor |
| VI | 166 | Reena Sebastian | Chiyyaram Vijayamatha |
| VII | 356 | Jolly C. F. | Padavarad |
| VIII | 277 | Vini Ambrose | Nellankara |
| IX | 249 | Litty Rappai | Varakkara St. Antony |
| X | 176 | Bindhu Baby | Perinchery |

**10. 2016-17 അധ്യായനവർഷത്തിലെ മോഡൽ യൂണിറ്റുകൾക്ക് അഭിനന്ദനങ്ങൾ !**

**Archdiocesan Level Best Model Unit : Kuriachira**

**Forane Level Model Units:**

| *Forane* | *Model Unit* |
|---|---|
| Chelakkara | **Mulloorkkara** |
| Erumappetty | **Parempadam** |
| Kandassankadavu | **Eravu** |
| Kottekkad | **Peramangalam** |
| Mattom | **Pudussery** |
| Ollur | **Chiyyaram Vijayamatha** |
| Palayur | **Kottapady** |
| Parappur | **Amala Nagar** |
| Pattikad | **Kannara** |
| Pazhuvil | **Anthikad** |
| Pudukad | **Chittissery** |
| Puthur | **Puthur** |
| Thrissur Lourdes | **Thrissur Lourdes Cathedral** |
| Thrissur Dolours | **Kuriachira** |
| Velur | **Vellattanjur** |
| Wadakkanchery | **Thiroor** |

**Unit having special mention award:**

Anjoor, Ayyanthole, Kanjani, Koonammoochy, Kurumal, Mariapuram, Puthenpeedika, Puthuruthy, Wadakkanchery

**Fr. Tens Kunnappilly** **Fr. Raphael Akkamattathil**

**Fr. Jijo Kappilamnirappel** **Director**

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)
E-mail: Institute.of.theology@gmail.com

**B.A. in Theology and Religious Studies:**

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് 2017 ജനുവരി മാസത്തിൽ ആരംഭിച്ചു. ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9.30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ Institute of Theology Office -മായി ബന്ധപ്പെടുക.

**Basic Theology Course:**

സന്യാസാർത്ഥിനികൾക്കായുള്ള മൂന്നു മാസത്തെ ബേസിക് തിയോളജി കോഴ്സ് ജനുവരി 9-ാം തിയ്യതി ആരംഭിച്ചു. 8 സന്യാസസമൂഹങ്ങളിൽ നിന്നായി 26 സന്യാസാർത്ഥിനികളാണ് കോഴ്സിൽ സംബന്ധിക്കുന്നത്. ഇവരെ പറഞ്ഞയച്ച സന്യാസസമൂഹാധികാരികൾക്ക് പ്രത്യേകം നന്ദി. പങ്കെടുക്കുന്ന സന്യാസസമൂഹങ്ങൾ താഴെ ചേർക്കുന്നു.

1 Sisters of Franciscan Clarist Congregation
2 Sisters of Our Lady of Fidelity
3 Little Sisters of Mother of Sorrows (Clelia)
4 Franciscan Sisters of St. Elizabeth
5 Congregation of Samaritan Sisters
6 Sisters of Mount Calvary
7 Sisters of the Adoration of the Blessed Sacrament
8 Society of Nirmala Dasi Sisters

**Correspondence Theology Course:**

കറസ്പോൻണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഫെബ്രുവരി 12, 26 എന്നീ ഞായറാഴ്ചകളിൽ രണ്ടുമണി മുതൽ അഞ്ചുമണി വരെ ആയിരിക്കും.

സ്നേഹപൂർവ്വം,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
(ഡയറക്ടർ)

# മേരിമാതാ മേജർ സെമിനാരി

**അവധിക്കുശേഷം സെമിനാരിയിലേക്ക് – ജനുവരി 5**

ഉല്ലാസത്തിനും വീട്ടുകാരോടൊപ്പം ആയിരിക്കുന്നതിനും സെമിനാരിയിൽ നിന്നു ലഭിച്ച നല്ല പാഠങ്ങൾ പ്രവർത്തനങ്ങളിൽ കൊണ്ടുവരുന്നതിനും വൈദിക വിദ്യാർത്ഥികൾക്ക് ലഭിച്ച അവധിക്കാലം ഫലപ്രദമായി പൂർത്തിയാക്കി ജനുവരി 5–ാം തീയതി ബ്രദേഴ്സ് എല്ലാവരും തിരിച്ചെത്തി. ക്രിസ്തുമസ്സിനും പുതുവത്സരത്തിനും ഇടവകയിലെ തിരുക്കർമ്മങ്ങളിൽ സഹായിക്കുവാനും ജ്യേഷ്ഠന്മാരുടെ വൈദീകപട്ട സ്വീകരണ വേളയിൽ പ്രാർത്ഥന കൊണ്ടും സാന്നിദ്ധ്യം കൊണ്ടും ഭാഗഭാക്കാകുവാനും സഹോദരന്മാർക്ക് അവധിക്കാലം ഉപകാരപ്പെട്ടു.

**ജനുവരി 5, 6 ദനഹാ തിരുനാൾ**

യേശുവിന്റെ മാമ്മോദീസായും പ്രത്യക്ഷീകരണവും അനുസ്മരിച്ചുകൊണ്ട് സെമിനാരി കുടുംബം ദനഹാ തിരുനാൾ ആഘോഷിച്ചു. ജനുവരി 5–ാം തിയതി സായാഹ്നത്തിൽ ബഹുമാനപ്പെട്ട റെക്ടറച്ചൻ തിരുനാളിനോടനുബന്ധിച്ചുള്ള പ്രത്യേക പ്രാർത്ഥന നയിക്കുകയും ബഹുമാനപ്പെട്ട ഫ്രിജോ പാറയ്ക്കൽ അച്ചൻ ദനഹാതിരുനാളിന്റെ അർത്ഥവും പ്രസക്തിയും വ്യക്തമാക്കുന്ന സന്ദേശം നൽകുകയും ചെയ്തു. തിരുനാളിന്റെ ഭാഗമായി ബഹുമാനപ്പെട്ട റെക്ടറച്ചൻ ലോകത്തിന്റെ പ്രകാശമായ യേശുവിനെ അനുസ്മരിച്ചുകൊണ്ട് അലങ്കരിച്ചുവച്ച പിണ്ടിയിൽ ദീപം തെളിയിച്ചു. അതേ തുടർന്ന് ജനുവരി 6ന് സെമിനാരിയുടെ വൈസ് റെക്ടറായ ഫാ. ജിഫി മേക്കാട്ടുകുളം ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും തിരുനാളിന്റെ സന്ദേശവും ആശംസകളും നേരുകയും ചെയ്തു.

**ജനുവരി 5, 2017 PAROC സെമിനാർ ഹാളിന്റെ ഉദ്ഘാടനം**

അജപാലന മേഖലയിൽ കൂടുതൽ പ്രാമുഖ്യം കൊടുക്കുന്ന മേരിമാത സെമിനാരിയുടെ ഒരു വലിയ സംരംഭമായ PAROC റിസർച്ച് സെന്ററിന്റെ സെമിനാർ ഹാൾ ബഹുമാനപ്പെട്ട റെക്ടർ ബാബു പാണാട്ടുപറമ്പിലച്ചൻ ജനുവരി 5–ാം തിയതി ഉദ്ഘാടനം ചെയ്യുകയും ആശീർവദിക്കുകയം ചെയ്തു. ആധുനിക സാങ്കേതിക സഹായത്തോടു കൂടെ ക്ലാസ്സുകൾ നയിക്കാൻ ഉതകുന്ന രീതിയിലുള്ള സൗകര്യങ്ങളാണ് ഈ സെമിനാർ ഹാളിൽ സജ്ജമാക്കിയിരിക്കുന്നത്..

അജപാലന മേഖലയെ കൂടുതൽ ശാസ്ത്രീയമായി അപഗ്രഥിച്ച് കാലത്തിനുതകുന്ന പുത്തൻ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാൻ PAROC റിസർച്ച് സെന്ററിനു കഴിയട്ടെ എന്ന് റെക്ടറച്ചൻ ആശംസിക്കുകയും ചെയ്തു. PAROC റിസർച്ചു സെന്ററിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആയ ഫാ. ഇ. ജെ. തോമസ്

എസ്.ജെ. ഏവരേയും സ്വാഗതം ചെയ്യുകയും PAROC ന്റെ പ്രോഗ്രാം ഡയറക്ടർ ആയ ബഹുമാനപെട്ട ടോണി നീലങ്കാവിലച്ചൻ ഏവർക്കും കൃതജ്ഞത അർപ്പിക്കുകയും ചെയ്തു.

**Self Evaluation - മാസധ്യാനം**

2017 ജനുവരി മാസത്തിലെ മാസധ്യാനം 6, 7 തീയതികളിലായി നടന്നു. മറ്റു ധ്യാനങ്ങളിൽ നിന്നു വ്യത്യസ്തമായ ഒരു ധ്യാനരീതിയായിരുന്നു ഇത്. "സഹോദരന്മാർ ഒരുമിച്ച് ഏകമനസ്സോടെ വസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്" എന്ന വചന ഭാഗത്തെ വിളിച്ചോതുന്നതായിരുന്നു ഈ മാസധ്യാനം. സഹോദരന്മാർ ബാച്ചുകളായിതിരിഞ്ഞ് പരസ്പരം വിലയിരുത്തുകയും കഴിവുകളും ഗുണങ്ങളും പരിമിതികളും ചൂണ്ടിക്കാണിക്കുകയും ചെയ്തു. തങ്ങളെക്കുറിച്ചുള്ള മറ്റുള്ളവരുടെ കാഴ്ചപ്പാട് എന്തെന്നു മനസ്സിലാക്കുവാൻ, ഒപ്പം പുതുവർഷത്തിൽ അതനുസരിച്ച് നല്ല തീരുമാനങ്ങൾ എടുക്കുവാനും ഈ മാസധ്യാനം സഹായിച്ചു.

**NEW PRIEST DAY - JAN 15, 21**

സെമിനാരിയിൽ നിന്നും പഠിച്ചിറങ്ങിയ 12-ാമത്തെ ബാച്ചിലെ 18 നവവൈദികരെ സെമിനാരി കുടുംബം ആദരിച്ചു. ജനുവരി 15ന് വൈകീട്ട് നവവൈദികർ സെമിനാരിയിൽ ഒത്തുചേർന്നു. റെക്ടറച്ചൻ ഏവർക്കും പുതിയ കർമ്മമേഖലകളിലേക്ക് നന്മകൾ നേർന്നുകൊണ്ട് സ്വാഗതമാശംസിച്ചു. പുത്തനച്ചന്മാർ തങ്ങളുടെ അനുഭവങ്ങൾ ഹൃദയസ്പർശിയായി പങ്കുവെച്ചു. 16ന് രാവിലെ നവവൈദികരെല്ലാം ഒന്നുചേർന്ന് ബലിയർപ്പിച്ചു. നവവൈദികരുടെ അഭിഷിക്ത കരങ്ങൾ ചുംബിച്ച് മേരിമാതാ കുടുംബം ആശംസകളറിയിച്ചു.

മേരിമാതയിൽ തത്വശാസ്ത്രപഠനം നടത്തി പിന്നീട് മറ്റു സെമിനാരികളിൽ വൈദികപരിശീലനം പൂർത്തിയാക്കിയ പുത്തനച്ചന്മാർ ജനുവരി 21ന് ഒന്നിച്ചുചേർന്ന് ദിവ്യബലിയർപ്പിച്ചു. മേരിമാതയിൽ നിന്നും കിട്ടിയ നല്ല അനുഭവങ്ങൾ പങ്കുവെച്ച് സെമിനാരി കുടുംബത്തിന് നന്ദി പറയുകയും ചെയ്തു. റെക്ടറച്ചൻ ഏവർക്കും മംഗളങ്ങൾ നേർന്ന് സെമിനാരിയുടെ ഉപഹാരങ്ങൾ നൽകി.

**പുത്തനച്ചന്മാർക്കുള്ള ഓറിയന്റേഷൻ ക്ലാസ്സ്**

ഈ വർഷം തൃശ്ശൂർഅതിരൂപതയ്ക്കു വേണ്ടി തിരുപ്പട്ടം സ്വീകരിച്ച 10 നവവൈദികർ മേരിമാതയിൽ ഒന്നിച്ചുചേർന്നു. PAROC ന്റെ നേതൃത്വത്തിൽ 16, 17, 18 ദിവസങ്ങളിൽ പുതിയ അജപാലന മേഖലയിലേക്ക് ആവശ്യമുള്ള കാര്യങ്ങളെക്കുറിച്ചുള്ള ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. രൂപത പ്രവർത്തനങ്ങളും അജപാലന മേഖലയിലെ പുതിയ വെല്ലുവിളികളും മനസ്സിലാക്കുവാനും കർമ്മമേഖലകളിൽ നല്ല ശുശ്രൂഷ കാഴ്ചവെയ്ക്കാനും പുത്തനച്ചന്മാർക്ക് ഈ ക്ലാസ്സ് ഏറെ സഹായകരമായെന്ന് പ്രതീക്ഷിക്കുന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

I. Individual Well Wisher Membership

1. ശ്രീ. ബാസ്റ്റ്യൻ ലിൻജോൺ, എടക്കളത്തൂർ ഹൗസ്, പൂവ്വത്തൂർ

II Individual Benefactor Membership

2. ശ്രീ. സി. പി. ആന്റണി ചിറ്റിലപ്പിള്ളി ഹൗസ്, പാലയ്ക്കൽ

**ഫാ. ബാബു പാണാട്ടുപറമ്പിൽ,**
റെക്ടർ

PH : 2420891

## സെന്റ് മേരീസ് മൈനർ സെമിനാരി

**പുതിയ തുടക്കങ്ങൾ**

പുതുവത്സര ദിനത്തിൽ തന്നെ 2016 –2017 അദ്ധ്യയന വർഷത്തിലെ അവസാനടേമിന് സമാരംഭമായി. അവധിക്കാലം കഴിഞ്ഞ് പുതിയ ഉണർവ്വോടെ തിരിച്ചെത്തിയ സെമിനാരിക്കാർക്ക് ജനുവരി രണ്ടാം തിയതി മുതൽ ക്ലാസ്സുകൾ ആരംഭിച്ചു.

**അഭിവന്ദ്യപിതാവിന്റെ സന്ദർശനം**

2017 ജനുവരി 4–ാം തിയതി അഭിവന്ദ്യപിതാവ് സെമിനാരി സന്ദർശിക്കുകയും വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകുകയും ചെയ്തു. തദവസരത്തിൽ പുതുവർഷം നല്ല ചൈതന്യത്തോടെ ആരംഭിച്ച് ഈശോയുടെ മനോഭാവങ്ങൾ സ്വന്തമാക്കാൻ പിതാവ് പ്രത്യേകം ഉദ്ബോധിപ്പിക്കുകയുണ്ടായി.

**നവാഭിഷിക്തർ മാതൃഗേഹത്തിൽ**

തൃശ്ശൂർ അതിരൂപതയ്ക്കുവേണ്ടി തിരുപ്പട്ടം സ്വീകരിച്ച നവവൈദികർക്ക് മാതൃഭവനമായ മൈനർ സെമിനാരി ജനുവരി4, 5 തിയതികളിലായി സ്വീകരണം നൽകി. ജനുവരി 4–ാം തിയതി വൈകീട്ട് നടന്ന അനുമോദന യോഗത്തിൽ നവാഭിഷിക്തർ 10 പേരും തങ്ങളുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുകയും കടപ്പാടുകൾ അനുസ്മരിക്കുകയും പ്രാർത്ഥനാ സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ജനുവരി 5–ാം തിയതി രാവിലെ സെമിനാരി കുടുംബത്തോടൊപ്പം കൃതജ്ഞതാബലി അർപ്പിച്ചു.

**ദനഹാ തിരുനാൾ**

പ്രാർത്ഥനാപൂർവ്വം പിണ്ടിതെളിയിച്ചും ഈശോയുടെ പ്രത്യക്ഷീകരണത്തെ അനുസ്മരിച്ചും ദനഹാതിരുനാൾ ആചരിച്ചും ബഹു. പോൾ ചിറ്റി

ലപ്പിള്ളിയച്ചൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**വിനോദ – തീർത്ഥയാത്ര**

ജനുവരി 6, 7 തിയതികളിലായി വാഴ്ത്തപ്പെട്ട ദേവസഹായ പിള്ളയുടെ രക്തസാക്ഷിത്വസ്ഥലമായ കാറ്റാടി മല, കന്യാകുമാരി എന്നിവിടങ്ങൾ സന്ദർശിച്ചു. ആത്മീയാനന്ദവും സാഹോദര്യത്തിന്റെ സന്തോഷവും ഒന്നിച്ചനുഭവിക്കാൻ ഈ യാത്ര ഉപകരിച്ചു.

**ഫാ. ടോം ഉഴുന്നാലിനുവേണ്ടിയുള്ള പ്രാർത്ഥനായജ്ഞം**

ഭീകരരുടെ പിടിയലകപ്പെട്ട ഫാദർ ടോം ഉഴുന്നാലിന്റെ മോചനത്തിനായി സീറോ മലബാർ പിതാക്കന്മാരുടെ ആഹ്വാനമനുസരിച്ച് ജനുവരി 12-ാം തിയതി വൈകീട്ട് സെമിനാരി കുടുംബം പ്രത്യേകം പ്രാർത്ഥനായജ്ഞം നടത്തി.

പുതുവർഷത്തിലെ പ്രഥമമാസ ധ്യാനം ജനുവരി 13, 14 തിയതികളിലായിരുന്നു. ബഹു. നൈസൺ ഏലന്താനത്തച്ചൻ മൈനർ സെമിനാരിക്കാർക്കും ബഹു. മോൺ ജോർജ്ജ് കോമ്പാറ ഡിഗ്രി പഠിക്കുന്ന സെമിനാരിക്കാർക്കും ധ്യാനചിന്തകൾ നൽകി. ജനുവരി 20, 21 എന്നീ ദിവസങ്ങളിൽ നടന്ന റീജൻസിക്കാരുടെ മാസധ്യാനത്തിന് ബഹു. മാത്യു കുറ്റിക്കോട്ടയിലച്ചൻ നേതൃത്വം നൽകി.

**സഭൈക്യവാരം**

ജനുവരി 18 മുതൽ 25 വരെ സഭൈക്യത്തിനായി സെമിനാരി കുടുംബം പ്രത്യേകമായി പ്രാർത്ഥിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീമതി സിൽവി പോൾ, വേഴപ്പറമ്പിൽ ഹൗസ്, സെന്റ് ജോസഫ് നഗർ, സൗത്ത് അഞ്ചേരി, തൃശ്ശൂർ
2. ശ്രീ. ആന്റോ പോൾ, കിടങ്ങൻ ഹൗസ്, കിഴക്കുംപാട്ടുകര, തൃശ്ശൂർ
3. ശ്രീമതി ത്രേസ്യ തോമസ്, C/o. ശ്രീ. ജോഷി എൻ.എം. നീലങ്കാവിൽ ഹൗസ് പറപ്പൂർ
4. ശ്രീമതി മേരി കെ. എ. കണ്ണമ്പുഴ ഹൗസ്, നെടുപുഴ
5. റവ. ഫാ. ഡേവീസ് കണ്ണമ്പുഴ, തൃശ്ശൂർ അതിരൂപത
6. ശ്രീ. കെ. എൽ. ആന്റണി മാസ്റ്റർ, കുറ്റിക്കാട്ട് ഹൗസ്, തണ്ടിലം

വൈദിക ശുശ്രൂഷയിൽ മുഴുവൻ സമയവും വ്യാപൃതരാകാൻ പരിശീലനം നേടികൊണ്ടിരിക്കുന്ന വൈദിക വിദ്യാർത്ഥികളെ സഹായിക്കുവാൻ സന്നദ്ധത പ്രദർശിപ്പിക്കുന്ന എല്ലാവരേയും ഈശോനാഥൻ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ

# പാലയൂർ മാർത്തോമ അതിരൂപതാ തീർത്ഥകേന്ദ്രം

പാലയൂർ തീർത്ഥകേന്ദ്രത്തിൽ, ദണ്ഡവിമോചനം സംലഭ്യമാകുന്ന വിശ്വാസ കവാടത്തിന്റെ പ്രതിഷ്ഠ നവീകരണ ശുശ്രൂഷയ്ക്കും വിശുദ്ധ കുർബ്ബാനയ്ക്കം നൊവേന, തിരുശേഷിപ്പു വണക്കം, തിരുകർമ്മങ്ങൾക്കും ജനുവരി 14, 5 pmന് അതിരൂപത ചാൻസലർ റവ. ഫാ. മാത്യു കുറ്റിക്കോട്ട യിൽ മുഖ്യകാർമ്മികത്വം വഹിച്ചു. 14ന് 4 മണിമുതലും 15–ാം തിയതി 2.30 മുതലും കുമ്പസാര സൗകര്യം ഏർപ്പെടുത്തിയിരുന്നതിനാൽ അനേകം വിശ്വാ സികൾ യോഗ്യതയോടെ വിശ്വാസ കവാടം കടന്ന് ദണ്ഡവിമോചനം പ്രാപി ക്കുകയുണ്ടായി.

ഫെബ്രുവരി മാസത്തിലെ മുപ്പിട്ടു ഞായർ തിരുനാളിനോടനുബന്ധിച്ച് ഫെബ്രുവരി 11 ശനിയാഴ്ച 5 മണിക്ക് ദണ്ഡവിമോചനം സംലഭ്യമാകുന്ന വിശ്വാസ കവാടത്തിന്റെ പ്രതിഷ്ഠാ നവീകരണ ശുശ്രൂഷയും 4 മണിമുതൽ കുമ്പസാര സൗകര്യവും ഉണ്ടായിരിക്കും. 12ന് മുപ്പെട്ടു ഞായറാഴ്ച തിരു നാൾ ദിവസം ഉച്ചകഴിഞ്ഞ് 2.30 മുതലും കുമ്പസാര സൗകര്യം ഉണ്ടായിരി ക്കുന്നതാണ്. 6.30am, 9.am. 3.45 pm, 5.15 pm എന്നീ സമയങ്ങളിൽ വി. കുർബ്ബാനയും നൊവേനയും തിരുശേഷിപ്പു വണക്കവും ഉണ്ടായിരിക്കും. 3 മണിക്കാണ് സമൂഹ മാമ്മോദീസ ആരംഭിക്കുന്നത്.

**വ്രതാരംഭ കൂട്ടായ്മ ഫെബ്രുവരി 27ന്**

അമ്പതുനോമ്പാരംഭത്തിൽ നടത്തുന്ന വ്രതാരംഭ കൂട്ടായ്മ പാലയൂർ തളി യക്കുളത്തിൽ ഈ വർഷം ഫെബ്രുവരി 27 തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 5 മണിക്ക് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്തയുടെ മുഖ്യകാർമിക ത്വത്തിൽ നടത്തുന്നതാണ്.

വ്രതവസ്ത്രം ആവശ്യമുള്ളവർ – പുരുഷന്മാരും സ്ത്രീകളും ഫോൺ ചെയ്ത് ബുക്ക് ചെയ്യാവുന്നതും, 27ന് ഉച്ചകഴിഞ്ഞ് പാലയൂരിൽ വന്ന് വ്രത വസ്ത്രം വാങ്ങിക്കാവുന്നതുമാണ്. ഫോൺ : 0487– 2556418, 2556978, 9961996727

**റവ. ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**

റെക്ടർ, അതിരൂപത തീർത്ഥകേന്ദ്രം, പാലയൂർ

# കോർപ്പറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**ഓർമ്മിക്കാൻ... ആചരിക്കാൻ – 2017 ഫെബ്രുവരി**

ഫെബ്രുവരി 3 (വെള്ളി) – ആദ്യവെള്ളി, വി. കുർബ്ബാന

ഫെബ്രുവരി 4 (ശനി) – ലോക കാൻസർ ദിനം

ഫെബ്രുവരി 11 (ശനി) – ലൂർദ്ദ് മാതാവ് (രോഗീദിനം)

ഫെബ്രുവരി 13 (തിങ്കൾ) – റേഡിയോ ദിനം

ഫെബ്രുവരി 21 (ചൊവ്വ) – മാതൃഭാഷ ദിനം

ഫെബ്രുവരി 28 (ചൊവ്വ) – ശാസ്ത്രദിനം

**2. വാർഷിക പരീക്ഷകൾ**

S.S.L.C., Plus Two പരീക്ഷകൾ ആരംഭിയ്ക്കാറായി. വിദ്യാർത്ഥി-വിദ്യാർത്ഥിനികളെ പരീക്ഷകൾക്ക് നന്നായി ഒരുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സ്പെഷൽ ക്ലാസ്സുകൾ വേണമെങ്കിൽ ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ എന്നിവർ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കുമല്ലോ. പഠനത്തിൽ പിന്നിൽ നിൽക്കുന്നവരെ പ്രത്യേകം പരിശീലനം നൽകി വിജയത്തിലേത്തിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

**അദ്ധ്യാപക പരിശീലനം സമാപിച്ചു.**

മുള്ളൂർക്കര : മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2015-2017 അദ്ധ്യായനവർഷ - വിദ്യാർത്ഥികളുടെ അധ്യാപക പരിശീലനം സമാപിച്ചു. ആഗസ്ത് മാസത്തിൽ ആരംഭിച്ച അദ്ധ്യാപക പരിശീലനം നാലു മാസം നീണ്ടുനിൽക്കേ ഡിസംബർ 22നാണ് സമാപിച്ചത്.

**ക്രിസ്തുമസ് ആഘോഷം**

മുള്ളൂർക്കര: മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ ക്രിസ്തുമസ് ആഘോഷം 24.12.2016 വെള്ളിയാഴ്ച കോളേജ് അങ്കണത്തിൽ വെച്ച് നടന്നു. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം കർമ്മം നിർവ്വഹിച്ച ചടങ്ങിൽ അസി. മാനേജർ ഫാ. ഡിറ്റോ കൂള സ്വാഗതം പറയു

കയം കോളേജ് ചെയർപേഴ്സൺ നിഖില അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. കോളേജ് പ്രിൻസിപ്പാൾഡോ. ഫാ. ചാക്കോ ചിറമേൽ പ്രൊഫ. സെമ, വൈ. ചെയർപേഴ്സൺ ശ്രീലയ എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു. ആഘോഷവേളയ്ക്ക് മാറ്റുകൂട്ടുന്നതിനായി സമ്മാന കൈമാറ്റവും വ്യത്യസ്ത കലാപരിപാടികളും ഉണ്ടായിരുന്നു.

**പരീക്ഷകൾ സമാപിച്ചു.**

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016–2018 അദ്ധ്യയന വർഷ ബി.എഡ്. വിദ്യാർത്ഥികളുടെ ഒന്നാം സെമസ്റ്റർ യൂണിവേഴ്സിറ്റി പരീക്ഷകൾ സമാപിച്ചു. 05.10.2017 വ്യാഴാഴ്ച ആരംഭിച്ച പരീക്ഷ 11.01.2017 ബുധനാഴ്ചയാണ് സമാപിച്ചത്.

**ഫാ.ഡോ. ചാക്കോ ചിറമ്മൽ**
പ്രിൻസിപ്പാൽ

**ഫാ. ഡിറ്റോ കൂള**
അസി മാനേജർ

---

excel ACADEMY
Archdiocese of Trichur
Institute for Career Formation
DBCLC, East Fort, Thrissur -680 005
Mob: 9744941585, 9846905210
E-mail: excelacademytcr.com
Web: www.excelacademytcr.com

പ്രിയ ബഹുമാനപ്പെട്ട അച്ചാ,

ഉന്നത വിദ്യാഭ്യാസത്തിന് നമ്മുടെ കുട്ടികളെ സജ്ജരാക്കുന്ന എക്സൽ അക്കാദമിയുടെ പ്രവർത്തനത്തിലേക്ക് എല്ലാ ബഹു. വൈദികരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

2017 വർഷത്തെ വിവിധ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ നടന്നു കൊണ്ടിരിക്കുകയാണ്. ബാങ്ക്, പി. എസ്. സി., IELTS കോഴ്സുകളിലേക്കുള്ള ക്ലാസ്സുകൾ ആരംഭിച്ചുവെങ്കിലും പുതിയ കുട്ടികൾക്ക് എപ്പോൾ വേണമെങ്കിലും അഡ്മിഷൻ കിട്ടത്തക്കവിധത്തിലാണ് കോഴ്സുകൾ ഡിസൈൻ ചെയ്തിരിക്കുന്നത്.

മെഡിക്കൽ, എഞ്ചിനീയറിംഗ്, സിവിൽ സർവ്വീസ് എന്നീ കോഴ്സുകളിലേക്കുള്ള അഡ്മിഷൻ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റിലൂടെയാണ് നടക്കുന്നത്. ലോഗോസ് ക്വിസ് മാതൃകയിൽ 2 മണിക്കൂർ നീണ്ട പരീക്ഷയിലൂടെ റാങ്ക് നിശ്ചയിച്ചുകൊണ്ടാണ് അഡ്മിഷൻ നടത്തുന്നത്.

ആറാം ക്ലാസ്സിൽ ഇപ്പോൾ പഠിക്കുന്നവർ (അടുത്തവർഷം 7-ാം ക്ലാസ്സിലേക്ക്) മുതൽ ഡിഗ്രി തലം വരെയുള്ള മതബോധന വിദ്യാർത്ഥികളെയാണ് ഈ ടെസ്റ്റിലേക്ക് പ്രതീക്ഷിക്കുന്നത്. നാല് ചോദ്യപേപ്പറുകളാണ് കുട്ടികൾക്കുള്ളത് (1 മാത്തമാറ്റിക്സ്, 2 സയൻസ്, 3 ഹിസ്റ്ററി - പൊളിറ്റിക്സ് - ജ്യോഗ്രഫി- എക്കണോമിക്സ്, 4 ഫെയ്ത്ത് ഓറിയന്റേഷൻ) അതത് സ്റ്റാൻഡേർഡിലെ വിഷയങ്ങളാണ് പരീക്ഷ.

ഈ പരീക്ഷയുടെ റാങ്കുകളാണ് അഡ്മിഷന് ബാധകമാക്കുന്നത്. ഉദാ: മാത്തമാറ്റിക്സിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക് എഞ്ചിനീയറിംഗ് ഫീൽഡിലേക്കുള്ള പരിശീലനം നന്നായിരിക്കും. ജനറൽ സയൻസിൽ മാർക്ക് കൂടുതലുള്ള കുട്ടികളെ മെഡിക്കൽ കോഴ്സുകൾ, ഗവേഷണകോഴ്സുകൾ എന്നിവയ്ക്കും, പൊളിറ്റിക്സ് , ഹിസ്റ്ററി എന്നിവയിൽ മാർക്ക് കൂടുതലുള്ള കുട്ടികളെ സിവിൽ സർവ്വീസിനും പരിശീലിപ്പിക്കുന്നത് ഉചിതമായിരിക്കും. ഡിഗ്രി തല കുട്ടികൾ മൂന്നാമത്തെ പേപ്പർ (സിവിൽ സർവ്വീസ്) മാത്രം അറ്റൻഡ് ചെയ്താൽ മതിയാകും.

ഈ പരീക്ഷ എഴുതുവാൻ നമ്മുടെ കുട്ടികളെ പ്രോത്സാഹിപ്പിക്കണമെന്നും മതാദ്ധ്യാപകരിൽ ഒരു വ്യക്തിയെ ഈ പരീക്ഷയിലെ ഇൻ-ചാർജ്ജ് ആക്കണമെന്നും വിനീതമായി അഭ്യർത്ഥിക്കുന്നു.

സ്നേഹത്തോടെ,

**റവ. ഡോ. ഡേവീസ് തെക്കേക്കര**

## *Excel Aptitude Test - 2017*

| | |
|---|---|
| **Date** | **: 24th Feb. 2017** |
| **Time** | **: 2.00 - 4.00 pm** |
| **Last Date of Registration** | **: 20 Feb. 2017** |
| **Registration Fees** | **: Rs. 10** |
| **Hall Ticket Issue Date** | **: 23rd Feb. 2017** |
| **Submission of Answer Sheet in the office** | **: 25th Feb. 2017** |
| **Result Publication** | **: 3rd March 2017** |

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- **ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാം ഇൻ ഓവർവ്യൂ ഓഫ് മാത്തമാറ്റിക്സ് ഇൻ റിസർച്ച്** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സയൻസ് & ഹ്യുമാനിറ്റീസ് വിഭാഗം അദ്ധ്യാപകർക്കായി ഓവർവ്യൂ ഓഫ് മാത്തമാറ്റിക്സ് ഇൻ റിസർച്ച് എന്ന വിഷയത്തിൽ ഡിസംബർ 13, 14 തിയ്യതികളിലായി ഒരു ദ്വിദിനപരിശീലന പരിപാടി സംഘടിപ്പിച്ചു.

- **നെറ്റ്വർക്ക് സിമുലേറ്റർ (എൻഎസ്3) ദ്വിദിനശില്പശാല** : ഇലക്ട്രോണിക്സ് മേഖലയിൽ കേരളത്തിൽ അപൂർവ്വവും മലബാർ മേഖലയിൽ ആദ്യത്തേതുമായി, സാങ്കേതിക വിദ്യാഭ്യാസരംഗത്തെ മികവിന്റെ അംഗീകാരമായ നാഷണൽ ബോർഡ് ഓഫ് അക്രിഡിറ്റേഷൻ (എൻ.ബി.എ.) സർട്ടിഫിക്കേഷൻ ലഭിച്ച ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ വിഭാഗം നെറ്റ് വർക്കിംഗ് രംഗത്തെ പുത്തൻ സാങ്കേതികവിദ്യയായ നെറ്റ്വർക്ക് സിമുലേറ്റർ (എൻഎസ്3) എന്ന വിഷയത്തെ അധികരിച്ച് ദ്വിദിന ശില്പശാല സംഘടിപ്പിച്ചു. ഡിസംബർ 15,16 തിയ്യതികളിലായി നടത്തപ്പെട്ട ശില്പശാല കോളേജ് പ്രിൻസിപ്പൽഡോ. കെ.കെ. ബാബു ഉദ്ഘാടനം ചെയ്തു. അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ അസിസ്റ്റന്റ് മാനേജർമാരായ ഫാ. ജോജു ചിരിയൻങ്കണ്ടത്ത്, ഫാ. ജിന്റോ പേരേപ്പാടൻ, അസി. അഡ്മിനിസ്ട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ, ഇലക്ട്രോണിക്സ് വകുപ്പുമേധാവി ഡോ. ജോസ് പി. തേറാട്ടിൽ എന്നിവർ പങ്കെടുത്ത് സംസാരിച്ചു. പ്രസ്തുത മേഖലയിലെ പ്രശസ്തനും, ചെന്നൈ വി.ഐ.ടി.യിലെ പ്രൊഫസറുമായ ടി. പ്രദീപ് കുമാർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. കോളേജിലെ അദ്ധ്യാപകർക്കുപുറമേ വിവിധ കോളേജുകൾ സാങ്കേതികസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നുള്ള നിരവധി അംഗങ്ങൾ പ്രസ്തുത ശില്പശാലയിൽ പങ്കെടുത്തു.

- **ജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ സ്റ്റാർട്ട്അപ് ഐ3:** കേരള സ്റ്റാർട്ട് അപ് മിഷൻ, ഓപ്പൺ ഫുവൽ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ, ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ ഇന്നോവേഷൻ & എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെൽ, സ്റ്റാർട്ട്അപ് ഐ3 പരിശീലനക്കളരി നടന്നു. രണ്ടുദിവസം നീണ്ടുനില്ക്കുന്ന പരിശീലനക്കളരിയിൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന സ്റ്റാർട്ട് അപ് ആശയങ്ങൾ എങ്ങിനെ മികവുറ്റ

താക്കാം, എങ്ങിനെ പ്രാവർത്തികമാക്കാം എന്നതിനെക്കുറിച്ച് വിദഗ്ദർ ക്ലാസ്സുകൾ നയിച്ചു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കോളേജ് അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ നിർവ്വഹിച്ചു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഐ.ഇ.ഡി.സി. ചെയർമാൻ പ്രൊഫ. വർഗ്ഗീസ് ജോബ് സ്വാഗതം ആശംസിച്ച ചടങ്ങിന് പ്രിൻസിപ്പൽ ഡോ. കെ.കെ. ബാബു അദ്ധ്യക്ഷത വഹിച്ചു. അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ, ശ്രീ. രമേഷ് (കെ.എസ്.യു.എം.), ശ്രീ. ആഷിത്ത് വിൽസൺ എന്നിവർ ആശംസകൾ അർപ്പിക്കുകയും, ഐ.ഇ.ഡി.സി. നോഡൽ ഓഫീസർ ശ്രീ. അനിൽ ആന്റണി നന്ദി രേഖപ്പെടുത്തുകയും ചെയ്തു. പരിശീലനക്കളരിയിൽ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ആശയങ്ങളിൽ മികച്ചവയ്ക്ക് പാരിതോഷികങ്ങൾ നല്കി.

- **പത്താമത് ബിരുദദാനചടങ്ങ്:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ 10 -ാമത് ബിരുദദാനചടങ്ങ് ഡിസംബർ 24ന് രാവിലെ 10 മണിക്ക് കോളേജ് ഓഡിറ്റോറിയത്തിൽ നടന്നു. കോളേജ് ചെയർമാൻ ആർച്ച് ബിഷപ്പ് ഡോ. ആൻഡ്രൂസ് താഴത്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊ-വൈസ്ചാൻസലർ ഡോ. കെ. പൗലോസ് ജേക്കബ്ബ് ബിരുദദാനപ്രസംഗം നടത്തി. കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, അസിസ്റ്റന്റ് മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ, അസിസ്റ്റന്റ് അഡ്മിനിട്രേറ്റർ എഞ്ചിനീയർ ബോബി പീറ്റർ എന്നിവർ പ്രസംഗിച്ചു. ബി.ടെക്., എം.ടെക് ബിരുദദാരികളായ 258പേർ ഇക്കുറി ബിരുദം സ്വീകരിച്ചു.

**അസി. മാനേജർ**
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

**മോൺ. തോമസ് കാക്കശ്ശേരി**
**മാനേജർ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**ജന്തുശാസ്ത്ര വകുപ്പിന്റെ നേതൃത്വത്തിൽ ഗവേഷണ ശിൽപ്പശാല**

ജന്തുശാസ്ത്രവകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ധനസഹായത്തോടെ ഗവേഷണ ശിൽപ്പശാല സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസൺ അദ്ധ്യക്ഷത വഹിച്ച യോഗം, മാനേജർ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മുൻ ചെയർമാൻ ഡോ. ആർ. വി. വർമ്മ, മുഖ്യപ്രഭാഷണം നടത്തി. വകുപ്പ് മേധാവി ഡോ. ഫ്രാൻസീസ് കാക്കശ്ശേരി, വൈസ് പ്രിൻസിപ്പാൾ - ഫാ. ബൈജു ചാക്കേരി, ഡോ. ജോസ് കല്ലറയ്ക്കൽ, ഡോ. നാസർ, ഡോ. ജോയ്സ് ജോസ്, പ്രഫ. ഷോൺ പോൾ എന്നിവർ പ്സംഗിച്ചു.

**ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ ദേശീയ സെമിനാർ നടന്നു.**

ഫിസിക്സ് ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ നാനോ ഫോട്ടോണക്സസിന്റെ സാധ്യതകളെ സംബന്ധിച്ച് ദേശീയ സെമിനാർ മേനാച്ചേരി ഹാളിൽ വെച്ചു നടന്നു. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, ബാംഗ്ലൂർ RRJ യിലെ പ്രഫസർ ഡോ. റെജി ഫിലിപ്പ് മുഖ്യപ്രഭാഷണം നടത്തി. എം. ജി. യൂണിവേഴ്സിറ്റിയിലെ ഡോ. എൻ. വി. ഉണ്ണികൃഷ്ണൻ, മെക്സിക്കോയിൽ നിന്നുള്ള ഡോ. രോഹിണി മോഹൻ എന്നിവർ സെമിനാർ നയിച്ചു. ഡിപ്പാർട്ടുമെന്റ് മേധാവി, പ്രഫ. പി. എം. ജോയി, പ്രഫ. ആന്റോ ജോണി, ഡോ. ആൻ. മേരി എന്നിവർ പ്രസംഗിച്ചു.

**ക്രിസ്തുമസ്സിന് കൗതുകവും രുചിമേളവും പകർന്ന് കേക്ക് ഫെസ്റ്റ്**

കോളേജിലെ എന്റർപ്രണർഷിപ്പ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ കോളേജിൽ വിദ്യാർത്ഥികൾക്കായി 'ഡഫി ഡിലൈറ്റ്സ്' കേക്ക് ഫെസ്റ്റ് നടത്തി. ഇതോടനുബന്ധിച്ച് വിദ്യാർത്ഥികൾ നിർമ്മിച്ച കേക്കിന്റെ പ്രദർശനവും വിൽപ്പനയും ക്രമീകരിച്ചിരുന്നു. 48 വിദ്യാർത്ഥികൾ 90 ഇനങ്ങളിലുള്ള കേക്കുകൾ നിർമ്മിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിരുന്നു. കുട്ടികളിൽ സംരഭകത്വം വളർത്തുകയെന്ന ലക്ഷ്യമായി തുടങ്ങിയ പരിപാടിയ്ക്ക് വമ്പിച്ച പ്രതികരണമാണ് വിദ്യാർത്ഥികളിൽ നിന്നുണ്ടായത്.

**പി.ടി. എ. ഡെ സെലിബ്രേഷൻസ്**

കോളേജിൽ ഇദംപ്രഥമമായി പി.ടി.എ. ഡെ സെലിബ്രേഷൻ പി.ടി. എയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചു. മെഡ്ലിക്കോട്ട് ഹാളിൽ വെച്ചു നടന്ന ആഘോഷ പരിപാടികളിൽ തൃശ്ശൂർ പ്രിൻസിപ്പാൾ ഡിസ്ട്രിക്ട് സെഷൻ ജഡ്ജ്

ശ്രീമതി ആനി ജോൺ മുഖ്യപ്രഭാഷണം നടത്തി. പ്രിൻസിപ്പാൾ ഡോ. പി. ഒ. ജെൻസൺ, വൈസ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൻ വൈസ് പ്രസിഡണ്ട് – ശ്രീ. ഫ്രാങ്കോ ചിറമ്മൽ സെക്രട്ടറി, ഡോ. വി.എം. ചാക്കോ എന്നിവർ പ്രസംഗിച്ചു. ജനുവരി 14നു നടന്ന ചടങ്ങിൽ നൂറുകണക്കിനു രക്ഷിതാക്കളും അദ്ധ്യാപകരും പങ്കെടുത്തു.

**കോളേജിന് ഹോക്കി ചാമ്പ്യൻഷിപ്പ്**

പാലക്കാട് വിക്ടോറിയ കോളേജിൽ വെച്ചു നടന്ന കാലിക്കറ്റ് യൂണിവേഴ്സിറ്റി ഹോക്കി പുരുഷ വിബാഗം മത്സരങ്ങളിൽ ക്രൈസ്റ്റ് കോളേജിനെ ഒരു ഗോളിന് തോൽപ്പിച്ച് ഈ വർഷത്തെ പുരുഷവിഭാഗം യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

**കോളേജിന് 3.40 പോയിന്റോടെ എ ഗ്രേഡ് ലഭിച്ചു.**

നാക് റി അക്രിഡിറ്റേഷന്റെ ഭാഗമായി നടന്ന പിയർ ടീം വിസിറ്റിനു ശേഷം നടന്ന നാക് സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ വെച്ച് സെന്റ് തോമസ് കോളേജിന്റെ ഗ്രേഡും പോയിന്റും പ്രഖ്യാപിച്ചു. 3.40 ഗ്രേഡ് പോയിന്റോടെ എ. ഗ്രേഡിന് കോളേജ് അർഹമായി.

റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്
ബർസാർ

ഡോ. ഡെയ്സൺ പാണേങ്ങാടൻ
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

### ജൂബിലി മിഷനിൽ ക്രിസ്തുമസ്സ് ആഘോഷിച്ചു.

ക്രിസ്തുമസ്സ് ആഘോഷത്തോടനുബന്ധിച്ച് ജൂബിലി മിഷൻ ആശുപത്രിയിൽ തയ്യാറാക്കിയ പുൽക്കൂടിന്റെ സമർപ്പണം തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ നിർവ്വഹിച്ചു. ആശുപത്രിയിൽ ക്രിസ്തുമസ് ദിനത്തിൽ ജനിച്ച ആദ്യത്തെ കുഞ്ഞിനെ, ക്രിസ്തുമസ് ബേബിയായി കണക്കാക്കി സ്വർണ്ണപ്പതക്കം നൽകി. ഡിസംബർ 24 മുതൽ 30 വരെ എഴ് ദിവസത്തെ സൗജന്യ ഡയാലിസിസും നടന്നു.

### ജൂബിലി മിഷൻ ആശുപത്രിക്ക് മറ്റൊരു പൊൻതൂവൽ കൂടി

ആധുനിക ചികിത്സാരംഗത്തെ മികച്ച സ്ഥാപനങ്ങളിലൊന്നായ ജൂബിലി മിഷനിൽ ഭാരതത്തിന്റെ സ്വന്തം ചികിത്സാശാസ്ത്രമായ ആയുർവ്വേദ ആശുപത്രി ആരംഭിക്കുന്നത് ഭാരതീയ ചികിത്സയ്ക്ക് പുത്തനുണർവിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. ജൂബിലി ആയുർവ്വേദയിലൂടെ ആയുർവ്വേദശാസ്ത്രത്തിന്റെ സമഗ്രവളർച്ചയ്ക്കും അതിലൂടെ രോഗികൾക്ക് സൗഖ്യവും നൽകാൻ ജൂബിലി മിഷൻ ആഗ്രഹിക്കുന്നു. ആയുർവ്വേദശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് വേണ്ടി ഗവേഷണങ്ങളിൽ അടിസ്ഥാനപ്പെടുത്തികൊണ്ടുള്ള ചികിത്സാരീതി വളർത്തിയെടുക്കുക, ആയുർവ്വേദ ഡോക്ടർമാർക്ക് വേണ്ടത്ര തുടർ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക,. കാൻസർ, കിഡ്നി രോഗങ്ങൾ, ഹൃദ്രോഗം തുടങ്ങിയ മാരകരോഗങ്ങളിൽ പുതിയ മരുന്നുകൾ കണ്ടെത്തുക, അത് ഡോക്ടർമാരിലേക്കും രോഗികളിലേക്കും എത്തിക്കുന്ന ഗവേഷണ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക, ശരിയായ ആയുർവ്വേദ ചികിത്സ കുറഞ്ഞ ചിലവിൽ രോഗികൾക്ക് ലഭ്യമാക്കുക എന്നിവയാണ് ജൂബിലി ആയുർവ്വേദയുടെ ലക്ഷ്യങ്ങൾ.

ജൂബിലി മിഷനാശുപത്രിയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന ആയുർവ്വേദവിഭാഗം ഇതിനോടകം തന്നെ തൈറോയ്ഡ് രോഗങ്ങൾ, ഓട്ടിസം, പുരുഷ വന്ധ്യത, കാൻസർ രോഗങ്ങൾ തുടങ്ങിയവയിൽ ഗവേഷണത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഓട്ടിസം, ശ്വാസകോശരോഗങ്ങൾ സ്ത്രീരോഗങ്ങൾ എന്നിവയിൽ ഡോക്ടർമാർക്ക് തുടർപരിശീലനത്തിന് വേദിയൊരുക്കി.. കാൻസർ, വന്ധ്യത ചികിത്സ എന്നിവയിൽ പ്രശസ്തനായ ഡോ. സി. ഡി സഹദേവൻ, നിരവധി

ഗവേഷണങ്ങൾക്ക് നേതൃത്വം നൽകിയ ഡോ. സി. ഡൊണേറ്റ, മറ്റ് സീനിയൽ ഡോക്ടർമാരായ ഡോ. അനുമോദ് കാക്കശ്ശേരി, ഡോ. സി. നിർല്ലീന, ഡോ. സിഞ്ചു എന്നിവരുടേയും സേവനം ജൂബിലിയിൽ ലഭ്യമാണ്. ആയുർവ്വേദ ആശുപത്രിക്കായുള്ള പുതിയ കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾക്കും തുടക്കം കുറിച്ചിട്ടുണ്ട്.

ഡിസംബർ 27-ന് വൈകീട്ട് 3.45-ന് കേന്ദ്രമന്ത്രി ശ്രീ. മുക്താർ അബ്ബാസ് നഖ്‌വി (ന്യൂനപക്ഷ കാര്യം (സ്വതന്ത്രചുമതല) & പാർലമെന്ററികാര്യം) ജൂബിലി ആയുർവ്വേദ മിഷൻ ഹോസ്പിറ്റൽ ആന്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓദ്യോഗിക ഉദ്ഘാടനം നിർവ്വഹിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ ഡയറക്ടർ റവ. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് സ്വാഗതം ആശംസിച്ചു. കോർപ്പറേഷൻ മേയർ ശ്രീമതി അജിത ജയരാജൻ, ജില്ലാ കളക്ടർ ഡോ. എ. കൗശികൻ എന്നിവർ ആശംസകളർപ്പിച്ചു. തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ചീഫ് ഓഫ് മെഡിക്കൽ സർവ്വീസസ് ഡോ. അലക്സ് ജോസഫ്, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്, നേഴ്സിങ്ങ് സൂപ്രണ്ട് സി. ഫിലോ പോൾ എന്നിവരുടെ മഹനീയ സാന്നിധ്യം സദസ്സിൽ ഉണ്ടായിരുന്നു. സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നന്ദി പ്രകാശിപ്പിച്ചു.

## ക്യാപ്പ് അറ്റ് ക്യാമ്പസ് - ക്യൻസർ ബോധവത്കരണ സന്ദേശയാത്രയ്ക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സ്വീകരണം നൽകി

ക്യാപ്പ് അറ്റ് ക്യാമ്പസ് - ക്യൻസർ ബോധവത്കരണ സന്ദേശയാത്രയ്ക്ക് ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സ്വീകരണം നൽകി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത് സ്വാഗതം പറഞ്ഞു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ദീപം തെളിയിച്ച് അദ്ധ്യക്ഷ പ്രസംഗം നടത്തി.. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സുശീല ജേക്കബ്ബ് ഇന്ന, മെഡിക്കൽ സൂപ്രണ്ട് ഡോ. സി. വി. ആൻഡ്രൂസ്, സി.ഇ.ഒ. ഡോ. ബെന്നി ജോസഫ്, സർജിക്കൽ ഓങ്കോളജിസ്റ്റ് ഡോ. ശ്രീകുമാർ പിള്ള എന്നിവർ ആശംസകളർപ്പിച്ചു. ജൂബിലിയിലെ മെഡിക്കൽ ഓങ്കോളജിസ്റ്റ് ഡോ. മിഥുൻ ചാക്കോ ജോൺ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ബോധവത്കരണ യാത്രയുടെ ടീം ലീഡർ മി. സിറിയക്ക് ചാഴിക്കാടൻ മറുപടി പ്രസംഗം നടത്തി.

**അഭിനന്ദനങ്ങൾ..... ആശംസകൾ.....**

- ഡോ. ബാബുരാജൻ എ. കെ. (പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് കാർഡിയോ വാസ്കുലർ സർജറി) നാഷണൽ അക്കാദമി ഓഫ് മെഡിക്കൽ സയൻസിലേയ്ക്ക് അംഗമായി തിരഞ്ഞെടുക്കപ്പെട്ടു
- ബംഗലൂരുവിൽ നടന്ന ന്യൂറോ എഡ്യൂക്കേഷൻ ട്രസ്റ്റ് ക്വിസ് മത്സരത്തിൽ ഡോ. മേരി ആൻ പൂവ്വത്തിങ്കൽ (സീനിയർ റസിഡന്റ്, ന്യൂറോളജി ഡിപ്പാർട്ട്മെന്റ്) രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**സൗജന്യ ക്യാമ്പുകൾ**

- ഏഴരക്കൂട്ടം മെഡിക്കൽ ക്യാമ്പ്, ചേലക്കര
- ഒഫ്ത്താൽമോളജി ക്യാമ്പ്, സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി
- ഒഫ്ത്താൽമോളജി ക്യാമ്പ്, സെന്റ് ആന്റണീസ് ചർച്ച്, അമ്മാടം
- കാർഡിയാക് ബ്ലഡ് ചെക്കപ്പ്, വിയ്യൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- പട്ടിക്കാട് ഫൊറോന, മാതൃവേദി (40 ഡയാലിസിസ്)
- സെന്റ് ആന്റണീസ് ഫൊറോന ചർച്ച് (റീകൺസ്ട്രക്ഷൻ ഫണ്ട്), പുതുക്കാട്, തൃശ്ശൂർ (80 ഡയാലിലിസ്
- ശ്രീ. കുട്ടൻ, അൽസാദി, പി. ഒ. നമ്പർ 18338, ദുബായ് (100 ഡയാലിസിസ്)
- ഫാർമസി സ്റ്റാഫ്, ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ (56 ഡയാലിസിസ്)
- സെന്റ് തോമസ് കോളേജ്, കോമേഴ്സ് ഡിപ്പാർട്ടുമെന്റ്, തൃശ്ശൂർ (50 ഡയാലിസിസ്)
- ക്ലേലിയ ബാർബറി ഹോളി ഏയ്ഞ്ചൽസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, വടക്കാഞ്ചേരി, തൃശ്ശൂർ (100 ഡയാലിസിസ്)
- മില്ലേനിയം ഗോൾഡ് (80 ഡയാലിസിസ്)
- നിത്യസഹായമാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ (30 ഡയാലിസിസ്)
- ലൂർദ്ദ് കത്തീഡ്രൽ ചർച്ച്, ചെറുപുഷ്പം കുടുംബകൂട്ടായ്മ, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ ( 20 ഡയാലിസിസ്)
- പ്രസിഡന്റ്, ആലുക്കാസ് ഭവനം അപ്പാർട്ടുമെന്റ് ഓണേഴ്സ് അസോസിയേഷൻ, ഒളരിക്കര, തൃശ്ശൂർ (103 ഡയാലിസിസ്)
- സെന്റ് തെരേസാസ് ചർച്ച്, എറവ്, തൃശ്ശൂർ (80 ഡയാലിസിസ്)

**കൺമണിക്കൊരു കരുതലിലേക്ക് സംഭാവന നൽകിയവർ**

- നിത്യസഹായമാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ (30 ഡയാലിസിസ്)

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ശ്രീ. മിമേഷ്, നടുവിൽപീടിക പി. ഒ., നന്തിപുലം, തൃശ്ശൂർ
- നിത്യസഹായമാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ
- ശ്രീ. പി. വി. അബ്ദുൾ റഹ്മാൻ, പാലക്ക ഹൗസ്, ഇഞ്ചമുടി, തൃശ്ശൂർ
- ശ്രീമതി എൽസി ആന്റണി, പല്ലിശ്ശേരി ഹൗസ്, മിഷൻ ക്വാട്ടേഴ്സ്, തൃശ്ശൂർ

**ഹൃദയനിധിയിലേക്ക് സംഭാവന നൽകിയവർ**

- ശ്രീമതി ഷീന പ്രിൻസ്, കവലക്കാട്ട് ഹൗസ്, തൃശ്ശൂർ
- നിത്യസഹായമാത ചർച്ച്, വിയ്യൂർ, തൃശ്ശൂർ (30 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**

ഡയറക്ടർ

# ബൈബിൾ അപ്പസ്തൊലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

***ബൈബിൾ അപ്പസ്തൊലേറ്റ് അവാർഡ് ഡേ – 2017***

അഖില കേരള ലോഗോസ് ഉപാസനയുടെ ഭാഗമായി അതിരൂപത തലത്തിൽ ബൈബിൾ അപ്പസ്തൊലേറ്റ് സംഘടിപ്പിച്ച ലോഗോസ്, ഇതര ലോഗോസ്, ബൈബിൾ വർണ്ണങ്ങൾ മത്സരങ്ങളുടെ അവാർഡുകൾ 2017 ജനുവരി 2ന് തൃശ്ശൂർ സെന്റ് തോമസ് കോളേജ് മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ വെച്ച് വിതരണം ചെയ്തു. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ പുതുശ്ശേരി CST ഉദ്ഘാടനം ചെയ്തു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് അദ്ധ്യക്ഷനായിരുന്നു. വികാരി ജനറാൾ മോൺ. തോമാസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. മോൺ. ജോർജ്ജ് കോമ്പാറ മുഖ്യാതിഥിയായിരുന്നു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കൻ ആശംസകളർപ്പിച്ച് സംസാരിച്ചു. ചടങ്ങിൽവെച്ച് വിജയികളായ 2000 ത്തോളം പേർക്ക് അവാർഡുകൾ വിതരണം ചെയ്തു

***ബൈബിൾ അപ്പസ്തൊലേറ്റ് അവാർഡുകൾ – 2017***

- രൂപത ലോഗോസ് പ്രതിഭ:- ഷിൻസി സോജൻ (പെരിഞ്ചേരി)
- രൂപത വചന പ്രതിഭ: – ഫിലോമിന ബേബി (കണ്ണാറ)

◆ ***ഏറ്റവും കൂടുതൽ അംഗങ്ങളെ പങ്കെടുപ്പിച്ച ഇടവകകൾ***

**1st Prize** : പുതുക്കാട്, സെ. ആന്റണീസ് ചർച്ച്
**2nd Prize** : പാവറട്ടി, സെ. ജോസഫ്സ് തീർത്ഥകേന്ദ്രം
**3rd Prize** : പറപ്പൂർ, സെ. ജോൺ നെപുംസ്യാൻ ചർച്ച്

◆ ***വിശ്വാസികളുടെ അംഗസംഖ്യ ആനുപാതികമായി ഏറ്റവും കൂടുതൽ രജിസ്ട്രേഷൻ ചെയ്ത് സമ്മാനർഹരായ ഇടവകകൾ***

**1st Prize** : പൊറത്തൂർ, സെ. ആന്റണീസ് ചർച്ച്
**2nd Prize** : പൊന്നാനി, സെ. ആന്റണീസ് ചർച്ച്
**3rd Prize** : ചിറനെല്ലൂർ, സെ. ആന്റണീസ് ചർച്ച്

◆ ***രജിസ്ട്രേഷന് ആനുപാതികമായി ഏറ്റവും കൂടുതൽ അംഗങ്ങളെ പരീക്ഷയ്ക്കിരുത്തി സമ്മാനർഹരായ ഇടവകകൾ***

**1st Prize** : പുത്തൂർ, സെ. തോമാസ് ചർച്ച്
**2nd Prize** : കാവീട്, സെ. ജോസഫ് ചർച്ച്
**3rd Prize** : നെടുപുഴ, സെ. ജോൺ ബാപ്റ്റിസ്റ്റ് ചർച്ച്

***സംസ്ഥാനതല ലോഗോസ് ക്വിസ് - 2016***

അഖില കേരളാടിസ്ഥാനത്തിൽ 34 രൂപതകളിൽനിന്ന് കൂടുതൽ മാർക്ക് നേടിയിട്ടുള്ള കുടുംബങ്ങൾക്കായി കെ.സി.ബി.സി നടത്തിയ ഫമീലിയ ലോഗോസ് ക്വിസ് മത്സരത്തിൽ ഒല്ലൂർ ഇടവകയിലെ കൂള തോമാസിന്റെ കുടുംബം രണ്ടാം സ്ഥാനത്തിന് അർഹരായി.

സംസ്ഥാനതല ലോഗോസ് ക്വിസ് മത്സരത്തിൽ അലീന സോജൻ(പെരിഞ്ചേരി) ഒന്നാം റാങ്കും, റോസിലി അഗസ്റ്റിൻ(വേലുപ്പാടം) രണ്ടാം റാങ്കും, മെറിൻ തോമാസ്(ഒല്ലൂർ), എവ്‌ലിൻ റോസ് റാഫി(വെള്ളാറ്റഞ്ഞൂർ) എന്നിവർ മൂന്നാം റാങ്കും കരസ്ഥമാക്കി. നാലാം റാങ്കിന് എയ്ഞ്ചൽ മേരി പോൾ(മരത്താക്കര), ഷിൻസി സോജൻ(പെരിഞ്ചേരി), ഷൈജി ഡെന്നി(വരടിയം), ഗ്ലിറ്റി ജോസ്(മരിയാപുരം) എന്നിവരും അർഹരായി.

**വിജയികൾക്ക് ബൈബിൾ അപ്പസ്തൊലേറ്റിന്റെ അഭിനന്ദനങ്ങൾ!!!**

***ബെത്‌ലഹേമിലേക്ക്....***

ക്രിസ്തുമസിനൊരുക്കമായുള്ള അനുദിന ക്രിസ്തുമസ് വചനസന്ദേശങ്ങൾ നൽകുന്ന “ബെത്‌ലഹേമിലേക്ക്...” എന്ന സംരംഭം രണ്ടാം വർഷവും സോഷ്യൽ നെറ്റുവർക്കുകളിലൂടെ വിശ്വാസികളിലേക്കെത്തിക്കാൻ ബൈബിൾ അപ്പസ്തൊലേറ്റിന് കഴിഞ്ഞു. ക്രിസ്തുമസ് നോമ്പുകാലത്ത് ഓരോ ദിവസവും മാർ റാഫേൽ തട്ടിൽ പിതാവ് നൽകിയ രണ്ടരമിനിറ്റ് നീളുന്ന വചന സന്ദേശങ്ങൾ വാട്സ്ആപ്പ്, ഫെയ്സ്ബുക്ക്, യുട്യൂബ് വഴി ലോകമെമ്പാടുമുള്ള വിശ്വാസികൾക്ക് തിരുപിറവിയ്ക്ക് ഒരുക്കമായി എത്തിക്കുന്നതിന് സഹകരിച്ച എല്ലാവരോടും നന്ദി.... തുടർന്നും ഈ സംരംഭത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്നവർക്ക് ബൈബിൾ അപ്പസ്തൊലറ്റിന്റെ Whatsapp(9447721976)ലോ, Facebook (bibleapsotolate.trichur / Trichur Bible Apostolate)ലോ ബന്ധപ്പെടാവുന്നതാണ്.

***ബൈബിൾ വർണ്ണങ്ങൾ - ചിത്രരചനാമത്സരം***

തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് സ്കൂൾ വിദ്യാർത്ഥികൾക്കായി ഒരുക്കിയ ബൈബിൾ രംഗങ്ങളുടെ ചിത്രരചനാമത്സരം - “ബൈബിൾ വർണ്ണങ്ങൾ” 2016 ഡിസംബർ 3ന് രാവിലെ 9.45ന് തൃശ്ശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വെച്ച് നടത്തപ്പെട്ടു. പ്രശസ്ത കലാകാരൻകൂടിയായ ഫാ. പോൾ കാട്ടൂക്കാരൻ മത്സരം ഉദ്ഘാടനം ചെയ്തു. 100ഓളം സ്ക്കൂളുകളിൽ നിന്നായി 1000ത്തിലധികം വിദ്യാർത്ഥികൾ പങ്കെടുത്തു. ബൈബിൾ അപ്പസ്റ്റൊലേറ്റുമായി സഹകരിച്ച എല്ലാ സ്ക്കൂളുകളിലേയും പ്രിൻസിപ്പാൾ, മറ്റ് അധികാരികൾക്കും അദ്ധ്യാപകർക്കും പങ്കെടുത്ത വിദ്യാർത്ഥികൾക്കും പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. വിജയികൾക്കുള്ള സമ്മാനങ്ങൾ 2017 ജനുവരി 2ന് നടന്ന അവാർഡ് ദാന ചടങ്ങിൽവെച്ച് ബഹു. കെ.സി.ബി.സി ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ

പുതുശ്ശേരി CST യും, ജ്യോതി എഞ്ചിനീയറിംഗ് കോളേജ് അസി. മാനേജർ ഫാ. റോയ് ജോസഫ് വടക്കനും ചേർന്ന് വിതരണം ചെയ്തു.

***ബൈബിൾ മാസാചരണം***

ബൈബിൾ പാരായണമാസം ഭക്തിസാന്ദ്രമാക്കിയ എല്ലാ വികാരിയച്ച ന്മാർക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും അതിരൂപതതല ആഘോഷം അതിവിപുലമായി ഒരുക്കിയ പാലയൂർ തീർത്ഥകേന്ദ്രം റെക്ടർ ബഹു. ജോസ് പുന്നോലിപറമ്പിലച്ചനും ജസ്റ്റിൻ കൈതാരത്തിലച്ചനും ബൈബിൾ അപ്പ സ്തൊലേറ്റിന്റെ ഹൃദയം നിറഞ്ഞ നന്ദി...

***ബൈബിൾ കലണ്ടർ, കാർഡുകൾ***

ബൈബിൾ പാരായണത്തെ സഹായിക്കുന്ന തരത്തിൽ ഒരുക്കിയിരിക്കുന്ന ബൈബിൾ പ്ലാനറും, കാർഡും, ലിറ്റർജിക്കൽ കലണ്ടറും ഇടവകകളിലേക്ക് എത്തിച്ചിട്ടുണ്ട് വീടുകളിലേക്ക് വിതരണം ചെയ്യുമല്ലോ... ഇതിനുവേണ്ടി പ്രവർത്തിച്ച ജോസഫ് തൂലിക JMJ യ്ക്ക് ബൈബിൾ അപ്പസ്തൊലേറ്റിന്റെ അകമഴിഞ്ഞ നന്ദി അറിയിക്കുന്നു. വചനത്തിൽ വളരാൻ ദൈവം നമ്മെ അനു ഗ്രഹിക്കട്ടെ...

***വെരിത്താസ് ക്വിസ് - 2017***

"ലോഗോസ് ക്വിസ് 2016" വൻ വിജയമാക്കിയ എല്ലാ വൈദീകർക്കും, സമർപ്പിതർക്കും, ഇൻ ചാർജ്ജുമാർക്കും, മതാദ്ധ്യാപകർക്കും പങ്കെടുത്ത എല്ലാവർക്കും ബൈബിൾ അപ്പസ്തൊലേറ്റിന്റെ കൃതജ്ഞത രേഖപ്പെടുത്തു ന്നു. അടുത്തവർഷത്തെ മത്സരങ്ങൾ അതിരൂപതാതലത്തിൽ പുതിയ രൂപ ത്തിലും ഭാവത്തിലും പുറത്തിറങ്ങുമ്പോൾ (***വെരിത്താസ് ക്വിസ് - 2017***) പ്രത്യേകം സഹകരിക്കുമല്ലോ... വിശദമായ നിർദ്ദേശങ്ങൾ ഇടവകയിലേക്ക് എത്തിക്കുന്നതായിരിക്കും

***ലോഗോസ് ക്വിസ് പഠനസഹായി - 2017***

2017ലെ ബൈബിൾ ക്വിസുകൾക്കുള്ള "സമ്പൂർണ്ണ പഠനസഹായി" 2017 ജനുവരി 2ന് അവാർഡ് ദാന ചടങ്ങിൽ വെച്ച് അതിരൂപത ബൈബിൾ കമ്മീ ഷൻ ചെയർമാൻ മോൺ. തോമസ് കാക്കശ്ശേരി, KCBC ബൈബിൾ കമ്മീ ഷൻ സെക്രട്ടറി റവ. ഫാ. ജോൺസൺ പുതുശേരി CSTയ്ക്ക് നല്കിക്കൊണ്ട് പ്രകാശനം ചെയ്തു. അന്തർദ്ദേശീയതലത്തിൽ നടക്കുന്ന ലോഗോസ് മത്സ രത്തിൽ ചോദിക്കുവാൻ സാധ്യതയുള്ളതും, അതിരൂപതതല വെരിത്താസ് ക്വിസിലെ ഒട്ടുമിക്ക ചോദ്യങ്ങളും ഉൾക്കൊള്ളുന്ന ഈ പുസ്തകത്തിന്റെ വില 60 രൂപയാണ്. കോപ്പികൾ വേണ്ടവർക്ക് ബൈബിൾ അപ്പസ്തൊലേറ്റിലോ, ഇൻ ചാർജ്ജുമാർ വഴിയോ, ബുക്ക്സ്റ്റാളുകളിൽ നിന്നോ കൈപ്പറ്റാവുന്നതാ

ണ്. വചനപഠനത്തിനുള്ള ബൈബിൾ ഭാഗങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

***ബൈബിൾ കോഴ്സ്***

ബൈബിൾ കോഴ്സുകളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

***തീർത്ഥാടനങ്ങൾ***

അടുത്ത വർഷത്തെ റോം - യൂറോപ്പ് തീർത്ഥാടനങ്ങൾ 2017 മെയ് 2, ഒക്ടോബർ 1, വിശുദ്ധനാട് തീർത്ഥാടനങ്ങൾ 2017 ഏപ്രിൽ 18, മെയ് 2, 16, സെപ്റ്റംബർ 5, ഒക്ടോബർ 3, നവംബർ 7, ഡിസംബർ 20 എന്നി തിയ്യതികളിൽ പുറപ്പെടുന്നു.

റോമ- യൂറോപ്പ് തീർത്ഥാടനത്തിനും വിശുദ്ധനാട് തീർത്ഥാടനത്തിനും പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090, 9497443246

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)
പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981
E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org

## മംഗല്യനിധിയിലേയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

അതിരൂപതയുടെ കാരുണ്യത്തിന്റെ ഉത്സവമായ ബോൺ നതാലെയോടനുബന്ധിച്ച് സാന്ത്വനം, 10 നിർദ്ധനയുവതികളുടെ വിവാഹത്തിന് ഒരു ലക്ഷം രൂപ വീതം നല്കുന്നു സാന്ത്വനത്തിന്റെ വിവാഹ സഹായ പദ്ധതിയായ മംഗല്യനിധി വഴിയാണ് സഹായങ്ങൾ വിതരണം ചെയ്യുന്നത്. അർഹതയുള്ളവർ നിശ്ചിതഫോമിൽ പൂരിപ്പിച്ച അപേക്ഷകൾ 2017 ഫെബ്രുവരി28 ന് മുമ്പ് സാന്ത്വനം ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്. അപേക്ഷഫോറം സാന്ത്വനം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. മംഗല്യനിധി വിവാഹ സഹായ പദ്ധതിയിലേക്ക് സ്പോൺസർ ചെയ്യുവാൻ സന്മനസ്സുള്ളവർ ബന്ധപ്പെടുക.- 9747430427

**നിബന്ധനകൾ.**

1. സാമ്പത്തികമായി വളരെ ക്ലേശിക്കുന്ന കുടുംബത്തിലെ പെൺകുട്ടികൾക്കു മാത്രമാണ് വിവാഹസഹായം നൽകുക. സാധുക്കളായ വിധവകളുടെ പെൺമക്കൾ, അനാഥപെൺകുട്ടികൾ, അംഗവൈകല്യമുള്ള പെൺകുട്ടികൾ എന്നിവർക്കായിരിക്കും മുൻഗണന.
2. എല്ലാ മതവിശ്വാസികൾക്കും അപേക്ഷിക്കാം.
3. തൃശ്ശൂർ അതിരൂപത അതിർത്തിയിൽ താമസിക്കുന്നവർക്കു മാത്രമേ അപേക്ഷിക്കാൻ അർഹതയുള്ളു.
4. 2017 ഫെബ്രുവരി 28ന് മുമ്പ് സാന്ത്വനം ഓഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. തിരഞ്ഞെടുക്കപ്പെടുന്നവരെ അറിയിക്കുന്നതാണ്.
5. മതപരമായ ചടങ്ങിൽ പങ്കെടുത്തു വിവാഹം ചെയ്യുന്നവർക്കു മാത്രമേ സഹായത്തിനു അർഹതയുള്ളു.
6. തിരഞ്ഞെടുക്കപ്പെടുന്ന വധൂവരന്മാർക്കു വിവാഹം സൗകര്യമുള്ള ആരാധനാലയത്തിൽ വെച്ച് നടത്താം.
7. അപേക്ഷകരിൽ നിന്ന് ഏറ്റവും അർഹരായ പെൺകുട്ടികളെ തിരഞ്ഞെടുത്ത് ഇടവകയിൽ നിന്നോ സ്പോൺസർമാർ വഴിയോ നൽകുന്ന 25,000 രൂപയടക്കം ഓരോരുത്തർക്കും ഒരു ലക്ഷം(1,00,000)രൂപ നൽകുന്നതാണ്.

8. റേഷൻ കാർഡിന്റെ കോപ്പി അപേക്ഷയോടൊപ്പം നൽകേണ്ടതാണ്.
9. മെയ്, ജൂൺ മാസങ്ങളിൽ നടക്കുന്ന വിവാഹങ്ങൾക്കുമാത്രമേ സഹായം ലഭിക്കുകയുള്ളു.
10. അപേക്ഷകർ കുടുബത്തിന്റെ സാഹചര്യം വിവരിക്കുന്ന ഒരു കുറിപ്പ് വെള്ളക്കടലാസിൽ എഴുതി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
11. സാന്ത്വനത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന സാമൂഹ്യക്ഷേമസമിതികൾ ഉള്ള ഇടവകയിൽ നിന്നും വരുന്ന അപേക്ഷകൾ മാത്രമേ പരിഗണിക്കുകയുള്ളു.
12. പൂരിപ്പിച്ച അപേക്ഷയോടൊപ്പം വിവാഹക്ഷണക്കത്ത് നൽകേണ്ടതാണ്.

**മരിയ ഭവൻ ആശീർവദിച്ചു.**

സ്ലം സർവ്വീസ് സെന്ററിന്റെ കീഴിൽ സ്ഥാപിതമായിരിക്കുന്ന കൊട്ടേക്കാട് മാർ കുണ്ടുകുളം ഗ്രാമത്തിൽ സേവനത്തിനായി കടന്നുവരുന്ന സിസ്റ്റേഴ്സിനു താമസിക്കുവാനുള്ള നവീകരിക്കപ്പെട്ട ഭവനം ആശീർവ്വദിച്ചു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് വി.കുർബാനയർപ്പിച്ചുകൊണ്ട് ആശീർവ്വാദകർമ്മം നിർവ്വഹിച്ചു. സ്ലം സർവ്വീസ് സെന്ററിന്റെ നേതൃത്വത്തിൽ നിർമ്മിച്ചു നൽകിയ 42 ഭവനങ്ങളാണ് മാർ കുണ്ടുകുളം ഗ്രാമത്തിൽ വസിക്കുന്നത്. ഗ്രാമത്തിലുള്ളവരുടെ സാമൂഹികവും, ധാർമ്മികവും, ആത്മീയവുമായ വളർച്ചയ്ക്കും ഇടവകയുടെ സമഗ്രവികസനത്തിനും ആവശ്യമായ സേവനങ്ങൾ ചെയ്യുവാനാണ് ബഹു.സിസ്റ്റേഴ്സ് കടന്നുവന്നിരിക്കുക. ഡോട്ടേഴ്സ് ഓഫ് അവർ ലേഡി ഓഫ് ഡിവൈൻ ലൗവ് (ദൈവസ്നേഹ മാതാവിന്റെ മക്കൾ)കോൺഗ്രിഗേഷനിൽപ്പെട്ട 3 സിസ്റ്റേഴ്സാണ് സേവനത്തിനായി നിയുക്തരായിരിക്കുന്നത്. സുപ്പീരിയർ ജനറൽ റവ.സി.ലൂയിസ, കൗൺസിലർ സി.അസുന്ത, സ്ലം സർവ്വീസ് ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, കൊട്ടേക്കാട് ഫൊറോന പള്ളിവികാരി റവ. ഫാ.പോൾസൺ തട്ടിൽ, കോലഴി പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ ഷാജു. ഗവേണിങ്ങ് ബോഡി യംഗങ്ങൾ, ഗ്രാമവാസികൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാമിലി ഫാമിങ്ങ് പ്രോജക്ടിന്റെ ഉദ്ഘാടനം നടത്തി.**

സൗത്ത് ഇന്ത്യൻ ബാങ്കിന്റെ സഹകരണത്തോടെ ആശാകിരണം പദ്ധതിയുടെ ഭാഗമായി സാന്ത്വനം നടപ്പിലാക്കുന്ന ഫാമിലി ഫാമിങ്ങ് പ്രോജക്റ്റിന്റെ ഉദ്ഘാടനം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടന്നു. സാന്ത്വനം ചെയർമാൻ മോൺ.തോമസ് കാക്കശ്ശേരി പരിപാടിയ്ക്ക് അദ്ധ്യക്ഷത വഹിച്ചു. ഫാമിലി ഫാമിങ്ങ് പ്രോജക്റ്റിന്റെ ഉദ്ഘാടനവും അതിനോടനുബന്ധിച്ചുള്ള വിത്തുവിതരണവും ശ്രീ.ബോബി ജെയിംസ്(സീ

നിയർ ജനറൽ മാനേജർ, SIB)നിർവ്വഹിച്ചു. ഈ കാലഘട്ടത്തിൽ ഫാമിലി ഫാമിങ്ങിനുള്ള പ്രാധാന്യത്തെക്കുറിച്ച് വളരെ സരസവും ലളിതവുമായി ഡോ.വി.ആർ. ഹരിദാസ് (സോണൽ മാനേജർ, കാരിത്താസ് ഇന്ത്യ)ക്ലാസ് എടുത്തു. സാന്ത്വനത്തിലെ സ്വയം സഹായ സംഘങ്ങളിലെ അംഗങ്ങൾ, സ്നേഹനിധി അംഗങ്ങൾ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ തുടങ്ങി 250 -ഓളം പേർ ഉദ്ഘാടനപരിപാടിയിൽ പങ്കെടുത്തു. ഫാ.തോമസ് പൂപ്പാടി(ഡയറക്ടർ, സാന്ത്വനം) ശ്രീമതി. ബിനിത രതീഷ് (ആശാകിരണം കോ-ഓർഡിനേറ്റർ)എന്നിവർ പരിപാടിയ്ക്ക് നേതൃത്വം നൽകി.

### നിർഭയ ഭവനങ്ങൾ ആശീർവദിച്ചു.

അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റായ സാന്ത്വനവുമായി സഹകരിച്ച്, K.ചിറ്റിലപ്പിള്ളി ഫൗണ്ടേഷന്റെ ധനസഹായത്താൽ കൊഴിഞ്ഞാമ്പാറയിൽ ക്രിസ്റ്റീന ഹോമിൽ പണി തീർത്ത 6 വീടുകളുടെ ആശീർവ്വാദകർമ്മം അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. മറ്റു ഭവനങ്ങളുടെ പണികൾ പൂർത്തീകരിച്ചു വരുന്നു. പ്രൊക്യുറേറ്റർ ഫാ.ജോയ് മൂക്കൻ, സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, അസി. ഡയറക്ടർ ഫാ.ടെഡ്സ് കുന്നപ്പിളിളി, ഫാ.ജോയ് ചിറ്റിലപ്പിള്ളി, ഫാ.ടോം കിഴക്കേടത്ത്, ഫാ.ലിന്റോ തളിയാനത്ത്, പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ.രാജൻ, വാർഡ് മെമ്പർ ശ്രീ ബാബു, സാന്ത്വനം ഗവേണിങ്ങ് ബോഡി അംഗങ്ങൾ, സ്റ്റാഫംഗങ്ങൾ എന്നിവർ സംബന്ധിച്ചിരുന്നു. ഫാ. ജോൺസൺ ചാലിശ്ശേരി സ്വാഗതവും ഫാ.ജോസഫ് വൈക്കാടൻ നന്ദിയും പറഞ്ഞു. അഭിന്ദ്യ കുണ്ടുകുളം പിതാവിനെയും മോൺ. ജോസഫ് വിളങ്ങാടനെയും യോഗം പ്രത്യകം അനുസ്മരിച്ചു. സെന്റ് ക്രിസ്റ്റീനാസ് സെന്ററിലെ പുതിയ ഹൗസിങ്ങ് പ്ലോട്ടിന് ഫാദർ വിളങ്ങാടൻ നഗർ എന്നു നാമകരണം ചെയ്തു.

### റീജിയണൽ മീറ്റിംഗ് നടത്തി

ഫാമിലി ഡവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി FDP/GOF ഗുണഭോക്തൃകുടുംബങ്ങൾക്കുവേണ്ടി കുട്ടികളിലെ സ്വഭാവവൈകല്യങ്ങളും പരിഹാരങ്ങളും എന്ന വിഷയത്തെക്കുറിച്ച് ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടന്ന ക്ലാസ്സിൽ 350 പേർ പങ്കെടുത്തു. ക്ലാസ്സിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ കുട്ടികളിൽ കണ്ടുകൊണ്ടിരിക്കുന്ന വ്യത്യസ്ഥ സ്വഭാവ വൈകല്യങ്ങളെക്കുറിച്ചുള്ള സംശയങ്ങൾക്ക് ക്ലാസ്സ് നയിച്ച ശ്രീമതി. ജോളി ഡെന്നി മറുപടി നൽകി. സേവ് എ ഫാമിലി പ്ലാനിന്റെ ഭാഗമായി നടത്തിക്കൊണ്ടു വരുന്ന സ്വയം തൊഴിലിലൂടെ തങ്ങളുടെ കുടുംബത്തിനുണ്ടായ പുരോഗതിയെക്കുറിച്ച് FDP

ഗുണഭോക്താവ് അവലോകനം നടത്തുകയുണ്ടായി. ഇത് മറ്റ് കുടുംബങ്ങൾക്ക് ഒരു പ്രോത്സാഹനമായി മാറി.

**സ്വയം സഹായസംഘം**

സാന്ത്വനത്തിന്റെ നേതൃത്വത്തിൽ അരിമ്പൂർ ഇടവകയിൽ ശാന്തി നഗർ കേന്ദ്രീകരിച്ച് കാരുണ്യ എന്ന പേരിൽ ഒരു സ്വയം സഹായസംഘം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 14 അംഗങ്ങളുള്ള സംഘത്തിന്റെ രൂപീകരണയോഗത്തിൽ കോ-ഓർഡിനേറ്റർ സി. പി. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ചു.

**ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പ്**

സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് താല്പര്യമുള്ള SHG, സ്നേഹനിധി അംഗങ്ങൾക്ക് നാലോ അഞ്ചോ അംഗങ്ങൾ ചേർന്നുള്ള ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ ആരംഭിച്ച് വായ്പ ലഭ്യമാക്കുന്ന പദ്ധതി വിപുലീകരിക്കുന്നു. കൃഷി അനുബന്ധ പദ്ധതികൾ ഏറ്റെടുക്കുന്ന ഗ്രൂപ്പുകൾക്ക് 4% പലിശനിരക്കിൽ വായ്പകൾ ലഭ്യമാണ്. മറ്റ് പദ്ധതികൾക്ക് പരമാവധി ചുരുങ്ങിയ നിരക്കിൽ ബാങ്കുവഴി വായ്പ ലഭ്യമാക്കി, പരമാവധി ആളുകളെ സംരഭക രംഗത്തേയ്ക്ക് കൊണ്ടുവരുന്നതിന് സാന്ത്വനം ലക്ഷ്യമിടുന്നതായി ഡയറക്ടർ അറിയിച്ചു. SHG, JLG തുടങ്ങിയവ രൂപീകരിക്കുന്നതിന് താല്പര്യമുള്ള ആളുകൾ സാന്ത്വനം ഓഫീസുമായി ബന്ധപ്പെട്ടാൽ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കുന്നതാണ്.

**പുതിയ കുടുബങ്ങളെ ദത്തെടുത്തു.**

ചെവ്വൂർ , മറ്റം എന്നീ ഇടവകകളിൽ നിന്നും FDP യിലേയ്ക്ക് മാനദണ്ഡങ്ങളനുസരിച്ച് ഏറ്റവും അർഹരായ 5 പുതിയ കുടുംബങ്ങളെ തിരഞ്ഞടുത്തു. ഇതോടെ FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വില്ലടം- Rs.33500/-, ചെങ്ങാലൂർ- Rs.14000/-, തൃക്കൂർ- Rs.20000/-, ചെവ്വൂർ- Rs.18500/-, ചേറൂർ- Rs.9000/-, പള്ളിക്കുന്ന്- Rs.12000/-, അരിമ്പൂർ- Rs.13000/- പുതുക്കാട്- Rs.9000/-, നെല്ലിക്കുന്ന് -Rs.17000/-, കൊട്ടേക്കാട്-Rs.10943/-

**യൂണിറ്റ് സന്ദർശനം നടത്തി.**

മാർ ജേക്കബ് തൂങ്കുഴി വിദ്യഭ്യാസ സഹായപദ്ധതിയുടെ ഭാഗ

മായി വരടിയം, പടവരാട്, തിരുവില്വാമല എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും കുട്ടികളുടെ പഠനനിലവാരം പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. അതോടൊപ്പം കുട്ടികളുടെ പഠനപുരോഗതിക്കായി നൽകുന്ന ട്യൂഷൻ ഫീസുകളും വിതരണം ചെയ്തു.

### ബാലസഭ മീറ്റിംഗ് സംഘടിപ്പിച്ചു.

അടാട്ട് ഇടവക കേന്ദ്രീകരിച്ച് രൂപീകരിച്ച ബാലസഭയുടെ ആദ്യ പ്രതിമാസ മീറ്റിംഗ് നടത്തി. മീറ്റിംഗിന് സാന്ത്വനം ആനിമേറ്റർ ശ്രീമതി.ജോയ്സി സ്റ്റീഫൻ പങ്കെടുക്കുകയും കുട്ടികളുടെ അർദ്ധവാർഷിക പരീക്ഷക്കൊരുക്കമായി ക്ലാസ് നയിക്കുകയും ചെയ്തു.

### സ്നേഹനിധി വാർഷിക പൊതുയോഗങ്ങൾ നടന്നു.

അഞ്ചേരി, മുക്കാട്ടുകര, ആറ്റുപുറം, അടാട്ട് എന്നീ യൂണിറ്റുകളിൽ വാർഷിക പൊതുയോഗങ്ങൾ നടന്നു. ഒരു വർഷത്തെ സ്നേഹനിധിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു. യോഗങ്ങളിൽ SHG, JLG എന്നിവയിലൂടെ ആവശ്യമായവർക്ക് വായ്പകൾ ലഭ്യമാക്കുന്നതിനെപ്പറ്റിയും സ്വയം തൊഴിൽ പദ്ധതികളെക്കുറിച്ചും വിശദീകരണം നൽകുകയുണ്ടായി. സാന്ത്വനം ഡയറക്ടർ, വികാരിമാർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ, സ്നേഹനിധി സെക്രട്ടറി എന്നിവർ സന്നിഹിതരായിരുന്നു.

### ക്രിസ്തുമസ്സ് ആഘോഷവും അവാർഡ് ദാനവും നടത്തി.

19.12.16ൽ സ്നേഹനിധിയുടെ ക്രിസ്തുമസ് ആഘോഷം ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച്  വിവിധ കലാപരിപാടികളോടെ ആഘോഷിച്ചു. ജൈവകൃഷിക്ക് അനുയോജ്യമായ പച്ചക്കറി വിത്തുകൾ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, സ്നേഹനിധി എക്സിക്യൂട്ടീവ് അംഗങ്ങൾക്ക് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു. തുടർന്ന് ജൈവകൃഷി മത്സരവിജയികൾക്കുള്ള കാഷ് അവാർഡുകൾ വിതരണം ചെയ്തു. ഡയറക്ടർ, ഫാ. തോമസ് പൂപ്പാടി ക്രിസ്തുമസ് സന്ദേശം നൽകി. എല്ലാ യൂണിറ്റുകളും ഇതിൽ സജീവമായി പങ്കെടുത്തിരുന്നു.

### റിസോഴ്സ് ടീം ട്രെയിനിംഗ് പ്രോഗ്രാം നടന്നു.

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കൊണ്ട് സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ റിസോഴ്സ് ടീം ട്രെയിനിംഗ് പ്രോഗ്രാം ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വെച്ച് നടന്നു. ട്രെയിനിങ്ങിൽ വിവിധ തരം കാൻസർ രോഗങ്ങളെപ്പറ്റിയും കാൻസർ വരുവാ

നുള്ള സാധ്യതകളെക്കുറിച്ചും വിശദമായ ക്ലാസ് ജൂബിലി മിഷൻ ആശുപത്രിയിലെ കാൻസർ രോഗവിഭാഗത്തിലെ ഡോ.മിഥുൻ ചാക്കോ ജോൺ നടത്തി. സാമൂഹ്യക്ഷേമ സമിതി ഭാരവാഹികൾ, സ്നേഹനിധി അംഗങ്ങൾ, സാന്ത്വനം സ്റ്റാഫ് അംഗങ്ങൾ തുടങ്ങി 100-ഓളം പേർ ട്രെയിനിങ്ങിൽ പങ്കെടുത്തു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ശ്രീമതി. ബിനിത രതീഷ്, ശ്രീ. സി.പി.ജോർജ്ജ് എന്നിവർ ട്രെയിനിംഗ് പ്രോഗ്രാമിന് നേതൃത്വം നൽകി.

**ക്ലസ്റ്റർ ലെവൽ മീറ്റിംഗ് നടന്നു.**

സാന്ത്വനം ഓഫീസിൽ വെച്ച് ഫാ.തോമസ് പൂപ്പാടിയുടെ അദ്ധ്യക്ഷതയിൽ ആശാകിരണം ക്ലസ്റ്റർ ലെവൽ മീറ്റിംഗ് നടത്തി. ഇരിങ്ങാലക്കുട, പാലക്കാട്, സുൽത്താൻപേട്ട് രൂപതകളിലെ സാമൂഹ്യ പ്രവർത്തന വിഭാഗത്തിലെ ഡയറക്ടർമാരും അവരുടെ പ്രതിനിധികളും മീറ്റിങ്ങിൽ പങ്കെടുത്തു. അമൽകൃഷ്ണ(സോണൽ കോ-ഓർഡിനേറ്റർ, ആശാകിരണം)മീറ്റിങ്ങിന് നേതൃത്വം നല്കി. ആശാകിരണം പദ്ധതി മുഖേന നടപ്പിലാക്കുവാൻ പോകുന്ന കർമ്മപരിപാടികളെക്കുറിച്ച് ചർച്ച ചെയ്തു.

**ഫാ. തോമസ് പൂപ്പാടി**

ഡയറക്ടർ

**ഫാ. ടെഡ്സ് കുന്നപ്പിള്ളി**

അസി. ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

## മാതൃവേദി

**പ്രാർത്ഥനാദിനവും മാതാവിനെക്കുറിച്ചുള്ള ക്ലാസ്സും**
**ഫെബ്രുവരി 23 വ്യാഴം (രാവിലെ 9.30 മുതൽ 4.00 വരെ)**

മാതൃവേദിയുടെ പ്രാർത്ഥനാദിനവും മാതാവിനെക്കുറിച്ചുള്ള ക്ലാസ്സും ഫെബ്രുവരി 23 വ്യാഴാഴ്ച്ച രാവിലെ 9.30 മുതൽ 4.00 വരെയായിരിക്കും. രാവിലെ 9.30 മുതൽ ആരാധനയും, വി.കുർബ്ബാനയും. ഉച്ചഭക്ഷണത്തിനു ശേഷം മാതാവിനെക്കുറിച്ചുള്ള ക്ലാസ്സും ഉണ്ടായിരിക്കുന്നതാണ്. എല്ലാവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

ശ്രീമതി. ബീന ജോഷി, പ്രസിഡണ്ട്
ഫാ.ബൈജു കാഞ്ഞിരത്തിങ്കൽ, അസി.ഡയറക്ടർ
ഫാ.ഡെന്നി താണിക്കൽ, ഡയറക്ടർ

## കുടുംബകൂട്ടായ്മ

***അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി***
***ഫെബ്രുവരി 11 ശനിയാഴ്ച്ച 3 PM***

അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി ഫെബ്രുവരി 11 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്.

ഫൊറോനവികാരിമാർ ഫൊറോന ആമിനേറ്റർമാർ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ അതിരൂപത പ്രവർത്തന സമിതി അംഗങ്ങൾ എന്നിവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഏവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് – 25.02.2017**

ജനുവരി മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. മാർച്ച് മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ്

ഫെബ്രുവരി 25-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാ പഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

## കുടുംബകൂട്ടായ്മ വാർഷികപദ്ധതി ഉദ്ഘാടനം

## ഫെബ്രുവരി 26 ഞായറാഴ്ച്ച 3 PM

അതിരൂപത കുടുംബകൂട്ടായ്മ ജനറൽബോഡി ഫെബ്രുവരി 26 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നതാണ്.

ഫൊറോനവികാരിമാർ ഫൊറോന ആമിനേറ്റർമാർ ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ അതിരൂപത പ്രവർത്തന സമിതി അംഗങ്ങൾ എല്ലാ ഇടവകയിലേയും കേന്ദ്രസമിതി അംഗങ്ങൾ എന്നിവരാണ് ഇതിൽ പങ്കെടുക്കേണ്ടത്. ഏവരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ. എ. ആന്റണി**
ജന.കൺവീനർ

**ഫാ. ഷിജു ചിറ്റിലപ്പിള്ളി**
അസി.ഡയറക്ടർ

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന - 06.02.2017 വൈകീട്ട് 6.30 PM**
**ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ**

ജീവനെതിരായുള്ള വെല്ലുവിളികൾ ഓരോദിവസവും വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജീവനുവേണ്ടി പ്രാർത്ഥിക്കാനും ജീവനെതിരായി പ്രവർത്തിക്കുന്നവർക്ക് മാനസാന്തരത്തിനും വേണ്ടി ജോൺ പോൾ പ്രൊലൈഫ് മൂവ്മെന്റ് തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് തിരുമണിക്കൂർ ആരാധന ഫെബ്രുവരി 6-ാം തിയ്യതി തിങ്കളാഴ്ച്ച വൈകീട്ട് 6.30 ന് നടത്തപ്പെടുന്നു. താൽപര്യമുള്ള എല്ലാവരെയും ഈ തിരുമണിക്കൂറിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

**1, വാർഷിക സമ്മേളനം**

കേരള ലേബർ മൂവ്മെന്റിന്റെ വാർഷിക സമ്മേളനം തൃശ്ശൂർ അതിരൂപത സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കേരള ലേബർ മൂവ്മെന്റ് അതിരൂപത പ്രസിഡന്റ് ശ്രീ എൻ. കെ. രാജു അദ്ധ്യക്ഷത വഹിച്ചു. സമ്മേളനത്തിനു മുന്നോടിയായി "സമകാലീന സമൂഹത്തിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രസക്തിയും പ്രവർത്തനരീതിയും" എന്ന വിഷയത്തെ അധികരിച്ച് കെ. എൽ. എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. ജോയ് ഗോതുരുത്തിന്റെ നേതൃത്വത്തിൽ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. വാർഷികസമ്മേളനത്തിൽ ഒല്ലൂർ നിയോജകമണ്ഡലം MLA അഡ്വ. കെ. രാജൻ മുഖ്യാതിഥി ആയിരുന്നു. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി അനുഗ്രഹപ്രഭാഷണം നടത്തി. പുത്തൂർ ഫൊറോന വികാരി ഫാ. ഫ്രാൻസീസ് തരകൻ, കെ. എൽ. എം. അതിരൂപത ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ, കെ. എൽ. എം. സംസ്ഥാന വൈസ് പ്രസിഡണ്ട് ഷാജു ആന്റണി, ശ്രീമതി മോളി ജോബി, ശ്രീ. കെ. ജെ. ആൻഡ്രൂസ്, ജോസ് മാടാനി, വർഗീസ് കെ. വി., എ.കെ.ആന്റണി, എം. എൽ. ഗ്രെയ്സി, കെ. എൽ. എം. മേഖല പ്രസിഡന്റുമാർ, തൊഴിലാളി ഫോറം കൺവീനർമാർ തുടങ്ങിയവർ യോഗത്തെ അഭിസംബോധന ചെയ്തു. കെ.എൽ. എം. പുത്തൂർ യൂണിറ്റ് വൈസ് പ്രസിഡണ്ട് ആന്റോ ചിറയത്ത് നന്ദി പ്രകാശിപ്പിച്ചു.

**2, 2017/2018 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അതിരൂപത കേന്ദ്രകമ്മിറ്റി**

2016 ഒക്ടോബർ, നവംമ്പർ, ഡിസംബർ മാസങ്ങളിലായി കെ.എൽ.എമ്മിന്റെ യഥാക്രമം ഇടവക, മേഖല (ഫൊറോന), അതിരൂപത സമിതികളുടെ തെരഞ്ഞെടുപ്പ് നടന്നുകൊണ്ടിരിക്കുകയായിരുന്നു. ഡിസംബർ നാലിനായിരുന്നു 16 മേഖല (ഫൊറോന) കമ്മിറ്റികളുടെ തെരഞ്ഞെടുപ്പ് നടന്നത്. ഡിസംബർ 18 ന് വരുന്ന രണ്ടു വർഷത്തേക്കുള്ള പുതിയ അതിരൂപത കേന്ദ്രകമ്മിറ്റിയുടെ തെരഞ്ഞെടുപ്പ് പുത്തൂർ ഫൊറോന പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. തൃശ്ശൂർ അതിരൂപത കേരള ലേബർ മൂവ്മെന്റിന്റെപുതിയ പ്രസിഡന്റായി പുത്തൂർ യൂണിറ്റംഗം ശ്രീ ജോസ് മാടാനിയേയും ജനറൽ സെക്രട്ടറിയായി തലോർ യൂണിറ്റംഗം ശ്രീമതി മോളി ജോബിയേയും ട്രഷററായി ശ്രീ ടി. ജെ. ടോമി മാസ്റ്ററേയും അതിരൂപത

എക്സിക്യൂട്ടീവിലേക്ക് മറ്റ് ഭാരവാഹികളേയും ഫൊറോനതല ഭാരവാഹികളേയും തൊഴിലാളി ഫോറം കൺവീനർമാരേയും കെ.എൽ. എം. ജനറൽ ബോഡി തെരഞ്ഞെടുത്തു.

തെരഞ്ഞെടുക്കപ്പെട്ട മേഖല (ഫൊറോന) പ്രസിഡണ്ടുമാരും തൊഴിലാളി ഫോറം പ്രാദേശിക സമിതി (അതിരൂപതതലം) പ്രസിഡണ്ടുമാരും കേന്ദ്രകമ്മിറ്റിയുടെ ഭാഗമായിരിക്കും. ഡിസംബർ 18 ന് തെരഞ്ഞെടുത്ത പുതിയ അതിരൂപത കേന്ദ്രകമ്മിറ്റിയുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

A, തെരഞ്ഞെടുക്കപ്പെട്ട അതിരൂപത കേന്ദ്രകമ്മിറ്റി ഭാരവാഹികൾ

| | | |
|---|---|---|
| 1, | പ്രസിഡണ്ട് | : ജോസ് മാടാനി, പുത്തൂർ |
| 2, | വൈസ് പ്രസിഡണ്ട് | : 1, എ.എ. ഔസേഫ്, എളവള്ളി |
| 3, | | 7: 2, ബേബി ഡേവീസ്, എടക്കളത്തൂർ |
| 4, | ജനറൽ സെക്രട്ടറി | : മോളി ജോബി, തലോർ |
| 5, | സെക്രട്ടറി | : 1, ജരാർദ്ദ് പോൾ, കാൽവരി |
| 6, | സെക്രട്ടറി | : 2, ബിജു ചിറയത്ത്, കൊഴുക്കുള്ളി |
| 7, | സെക്രട്ടറി | : 3, ആന്റോ പോൾ, പുല്ലഴി |
| 8, | സെക്രട്ടറി | : 4, ഷിബു എ.ഡി. അരിമ്പൂർ |
| 9, | സെക്രട്ടറി | : 5, ഷീജൻ ചിറമ്മേൽ, കിള്ളിമംഗലം |
| 10, | ട്രഷറർ | : ടി. ജെ. ടോമി മാസ്റ്റർ, ഏനാമാവ് |
| 11, | കമ്മിറ്റി അംഗം | : 1, ജോസ് കച്ചറക്കൽ, പുതുക്കാട് |
| 12, | കമ്മിറ്റി അംഗം | : 2, ബീന പോൾ, ചിറ്റാട്ടുകര |

B, തൊഴിലാളി ഫോറം പ്രാദേശിക സമിതി (അതിരൂപതതലം) കൺവീനർമാരായി തെരഞ്ഞെടുക്കപ്പെട്ടവർ

13, കെട്ടിട നിർമാണ തൊഴിലാളി ഫോറം (SNTU) : ജോയ് പോൾ, ചിറ്റാട്ടുകര

14, കേരള തയ്യൽ തൊഴിലാളി ഫോറം (KTWF) : മിനി വിൻസെന്റ്, പേരാമംഗലം

15, കേരള മോട്ടോർ വാഹന തൊഴിലാളി ഫോറം (KMTWF)
: വർഗീസ് കെ. ഡി. കരുമത്ര

16, കേരള ചെറുകിട തോട്ടം തൊഴിലാളി ഫോറം (KCTTF)
: ബാബു ജെയ്ക്കബ്, ചെറുതുരുത്തി

17, കേരള പീടിക തൊഴിലാളി ഫോറം (KSEF): ഷാജു പി. ജെ. പേരാമംഗലം

18, കേരള ഗാർഹിക തൊഴിലാളി ഫോറം (KDWF) : മോളി വർഗീസ്, ഒളരിക്കര

19, കൈതൊഴിൽ- വിദഗ്ധ തൊഴിലാളി ഫോറം
: ജോജോ ചിരിയങ്കണ്ടത്ത്, കാൽവരി

20, ദൈവാലയ ശുശ്രൂഷി ക്ഷേമനിധി ഫോറം : സി. ഡി. വർഗീസ്, തിരൂർ

C, മേഖല (ഫൊറോന) സമിതി പ്രസിഡണ്ടുമാരായി തെരഞ്ഞെടുക്കപ്പെട്ടവർ

21, പുതുക്കാട് : ജോർജ്ജ് പാലത്തിങ്കൽ, വേലൂപ്പാടം
22, ഒല്ലൂർ : ജോൺ ഇ. ജെ. പാലക്കൽ
23, പുത്തൂർ : ടോമി പൊറത്തൂർ, പുത്തൂർ
24, പട്ടിക്കാട് : ...............
25, ലൂർദ്ദ് : ഇ.വി. ജോണി, നെല്ലിക്കുന്ന്
26, പുത്തൻപള്ളി : വിൽസൺ വാരിയത്തുപറമ്പിൽ, പുല്ലഴി
27, പഴുവിൽ : ലാലി ഫ്രാൻസീസ്, പഴുവിൽ (താല്കാലികം)
28, കണ്ടശ്ശാങ്കടവ് : ജോസ് കെ. ജെ. മുല്ലശ്ശേരി
29, പാലയൂർ : കെ. എ. ജോസ്, പാവറട്ടി
30, പറപ്പൂർ : ഒ. ടി. ജോസഫ്, എടക്കളത്തൂർ
31, മറ്റം : ജോസഫ് എ.എം. എളവള്ളി
32, കൊട്ടേക്കാട് : തോമസ് കൊള്ളന്നൂർ, മുണ്ടൂർ
33, വടക്കാഞ്ചേരി : ലൂവിസ് പാണേങ്ങാടൻ, കരുമത്ര
34, വേലൂർ : എ. ടി. ജോൺസൺ, എരനെല്ലൂർ (താല്കാലികം)
35, എരുമപ്പെട്ടി : ഷിനോയ് എം. എൽ. എരുമപ്പെട്ടി
36, ചേലക്കര : ലൗലിക്കുട്ടി വർഗീസ്, പങ്ങാരപ്പിള്ളി

D, കെ. എൽ. എം., തൊഴിലാളി ഫോറം മേൽഘടകങ്ങളിൽ ഭാരവാഹികൾ അതിരൂപത കേന്ദ്രസമിതിയിൽ അംഗങ്ങൾ ആയിരിക്കും

37, കെ. എൽ. എം. സംസ്ഥാന വൈസ് പ്രസിഡണ്ട് : ഷാജു ആന്റണി, കാൽവരി

38, കെ. എൽ. എം. സംസ്ഥാന ജനറൽ സെക്രട്ടറി: മോളി ജോബി (കെ. എൽ. എം. അതിരൂപത ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു)

39, കെട്ടിട നിർമാണ തൊഴിലാളി ഫോറം ജില്ല പ്രസിഡണ്ട്:
സി.സി. ജോസ്, തലോർ

40, തയ്യൽ തൊഴിലാളി ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി :
കെ. എൽ. പോൾസൺ, മുണ്ടൂർ

41, മോട്ടോർ വാഹന തൊഴിലാളി ഫോറം സംസ്ഥാന പ്രസിഡണ്ട് :
എൻ. കെ. രാജു, മുണ്ടൂർ

42, ചെറുകിട തോട്ടം തൊഴിലാളി ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി : ബാബു ജെയ്ക്കബ്, ചെറുതുരുത്തി (ഫോറം അതിരൂപത കൺവീനറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു)

43, പീടിക തൊഴിലാളി ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി : പി. ജെ. ഷാജു, പേരാമംഗലം (ഫോറം അതിരൂപത കൺവീനറായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു)

44, ഗാർഹിക തൊഴിലാളി ഫോറം സംസ്ഥാന ജനറൽ സെക്രട്ടറി : എം. എൽ. ഗ്രേയ്സി, പറവട്ടാനി

45, PSSSP പ്രസിഡണ്ട് : വി. എൽ. ലോനപ്പൻ, പാലക്കൽ

E, പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയുടെ ജനറൽ ബോർഡിലേക്ക് താഴെ സൂചിപ്പിക്കുന്നവരെ തെരഞ്ഞെടുത്തു. PSSSP യുടെ പ്രസിഡണ്ട് കെ. എൽ. എം. നിർവാഹക സമിതിയിൽ അംഗമായിരിക്കും

1, വി. എൽ. ലോനപ്പൻ, പാലക്കൽ (PSSSP യുടെ പ്രസിഡണ്ട് ആയി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു)

2, എൻ. കെ. രാജു, മുണ്ടൂർ

3, ആലീസ് പോൾ, ചിറ്റാട്ടുകര

PS. 1, മേൽഘടകങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവർക്ക് അതിരൂപത കച്ചേരി അംഗീകരിച്ച കെ.എൽ.എം നിയമാവലി അനുസരിച്ച് നല്കേണ്ട സ്ഥാനങ്ങളും അംഗീകാരങ്ങളും കെ.എൽ.എം/തൊഴിലാളി ഫോറങ്ങളുടെ കീഴ്ഘടകങ്ങളിൽ നല്കേണ്ടതാണ്.

PS. 2, അതിരൂപത നിയമാവലിയിൽ ഏകോപനസമിതിയെ സംബന്ധിച്ച നിയമത്തിൽ ഉള്ള സൂചനപ്രകാരം കെ.എൽ.എമ്മിന്റെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഇടവക, ഫൊറോന (മേഖല), അതിരൂപത തല ഭാരവാഹികൾ യഥാക്രമം അതാതുതലങ്ങളിൽ ഏകോപന സമിതികളിൽ അംഗങ്ങൾ ആയിരിക്കും.

PS. 3, കെ.എൽ.എമ്മിന്റെ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡണ്ട് ജോസ് മാടാനി, പുത്തൂർ, ദൈവാലയ ശുശ്രൂഷി ക്ഷേമനിധി ഫോറം പ്രസിഡണ്ട് സി. ഡി. വർഗീസ്, തിരൂർ എന്നിവർ അതിരൂപത പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ ആയിരിക്കും.

**3 അഭിനന്ദനങ്ങൾ**

ഏറ്റവും മികച്ച കെ.എൽ.എം യൂണിറ്റ് ആയി തെരഞ്ഞെടുക്കപ്പെട്ട എളവള്ളി യൂണിറ്റിനും ചുരുങ്ങിയ കാലത്തിനിടയിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച പങ്ങാരപ്പിള്ളി യൂണിറ്റിനും, ഏറ്റവും മികച്ച കെ.എൽ.എം പ്രവർത്തകനായി തെരഞ്ഞെടുക്കപ്പെട്ട പേരാമംഗലം യൂണിറ്റംഗം ശ്രീ. ഷാജു പേരാമംഗലത്തിനും, ഏറ്റവും മികച്ച കെ.എൽ.എം വനിത പ്രവർത്തകയായി

തെരഞ്ഞെടുക്കപ്പെട്ട എടക്കളത്തൂർ യൂണിറ്റംഗം ശ്രീമതി ബേബി ഡേവീസിനും അഭിനന്ദനങ്ങൾ.

കേരള ലേബർ മൂവ്മെന്റിന്റെ സ്വപ്നപദ്ധതിയായ പരസ്പര സഹായ സാമൂഹ്യ സുരക്ഷ പദ്ധതിയുടെ അംഗത്വം ഇടവകതലത്തിൽ 113 ആയി ഉയർത്തിയ പുത്തൂർ യൂണിറ്റിനും 104 ആയി ഉയർത്തിയ ചിറ്റാട്ടുകര യൂണിറ്റിനും അഭിനന്ദനങ്ങൾ.

**4. മോൺ. തോമസ് തലച്ചിറ അനുസ്മരണം**

തൃശ്ശൂർ രൂപതയിൽ പതിനാറ് വർഷങ്ങൾ സി.എൽ.എയുടെ (കെ.എൽ.എം) ഡയറക്ടറായി സേവനം ചെയ്യുകയും കേരള ലേബർ മൂവ്മെന്റിന് സംസ്ഥാന തലത്തിൽ രൂപം കൊടുക്കുകയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആശയങ്ങളുടെ അടിസ്ഥാനങ്ങളിൽ കേരളസഭയിലെ യുവാക്കളേയും തൊഴിലാളികളേയും നയിക്കുന്നതിന് നേതൃത്വം കൊടുത്ത് നമ്മിൽ നിന്ന് മൺമറഞ്ഞ് പോകുകയും ചെയ്ത മോൺ. തോമസ് തലച്ചിറയുടെ അനുസ്മരണം 2017 ജനുവരി 11 ന് തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുകയുണ്ടായി. തൃശ്ശൂർ അതിരൂപത വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി അനുസ്മരണ പ്രഭാഷണം നടത്തി.

**5, അതിരൂപത വാർഷിക കർമരേഖ**

കേരള ലേബർ മൂവ്മെന്റിന്റെ ഈ വർഷത്തെ അതിരൂപത പ്രവർത്തനപദ്ധതി അതിരൂപത വികാരി ജനറൽ മോൺ. തോമസ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ "ലേബർ വോയ്സ്" എന്ന പേരിൽ തൃശ്ശൂർ അതിരൂപതയിലെ കെ.എൽ.എമ്മിന്റെ അംഗങ്ങൾക്കിടയിൽ പ്രചരിക്കുന്ന ജേർണലിന്റെ 2017ലെ പുതിയ ലക്കം പ്രകാശനം ചെയ്യുകയും ഉണ്ടായി. പ്രസിടണ്ട് ശ്രീ. ജോസ് മാടാനി അദ്ധ്യക്ഷനായിരുന്നു. ഡയറക്ടർ ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ പ്രവർത്തനപദ്ധതിയുടെ വിവരണം നടത്തി. ജനറൽ സെക്രട്ടറി ശ്രീമതി മോളി ജോബി സ്വാഗതവും ട്രഷറർ ശ്രീ ടി. ജെ. ടോമി മാസ്റ്റർ നന്ദിയും രേഖപ്പെടുത്തി.

**ഫാ. ജോർജ്ജ് തോമസ് നിരപ്പുകാലായിൽ,**
അതിരൂപത ഡയറക്ടർ

**ശ്രീമതി മോളി ജോബി**
ജനറൽ സെക്രട്ടറി

# ഫ്രാൻസിസ്കൻ അല്മായസഭ

**സമാധാനവും സൗഭാഗ്യവും**

തൃശ്ശൂർ അതിരൂപത ഫ്രാൻസിസ്കൻ അൽമായ സഭയുടെ മാസ മീറ്റിംഗ് 08.01.2017 ഞായറാഴ്ച വടക്കാഞ്ചേരി A.R.C. യിൽ വെച്ചു പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി 2016 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി. 2017 വർഷത്തെ പ്രവർത്തന കലണ്ടറിന്റെ കരട് യോഗം അംഗീകാരം നൽകി. യോഗത്തിൽ ഫാ. പോൾ അടമ്പുകുളം, ഫാ.നിക്സൺ, ഫാ. ഫ്രാങ്കോ, പി.ഐ. സൈമൺ മാസ്റ്റർ, ടി.കെ. ഡേവീസ്, കെ.കെ. ജേക്കബ്ബ് എന്നിവർ സംസാരിച്ചു. ഡിസംബർ 29ന് വ്യാഴാഴ്ച കുറുമാൽ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽ വെച്ചു കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് വാനമ്പാടി മഹോത്സവവും നടത്തി. ഗാഗുൽത്ത ഡയറക്ടർ ഫാ. ബെന്നി പീറ്റർ ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കൻ സ്വാഗതവും റീജിയണൽ പ്രസിഡണ്ട് ജോസ് പീറ്റർ നന്ദിയും പറഞ്ഞു. ഫാ. ഫ്രാങ്കോ വടക്കൻ, ഫാ. സിജോ അരിക്കാട്ട് എന്നിവർ ക്ലാസ്സുകൾ നയിച്ചു. 520 കുട്ടികൾ പങ്കെടുത്തു.

ജനുവരി 21-ന് ശനിയാഴ്ച വ്രതവാഗ്ദാനം നടത്തുന്നവരുടെ ഒരുക്ക ക്ലാസ്സ് ഫാമിലി അപ്പസ്തോലെറ്റിൽ വെച്ചും നേതൃത്വ സംഗമം ഫെബ്രുവരി 11ന് ശനിയാഴ്ച കാൽവരി ആശ്രമത്തിൽ വെച്ചും നടത്തപ്പെടുന്നു. 2017 വർഷത്തെ പ്രവർത്തന കലണ്ടർ പ്രകാശനവും അന്നേദിവസം ഉണ്ടാകും.

യേശുവിൽ എളിയ സഹോദരൻ

**സണ്ണി വടക്കൻ**

അതിരൂപത പ്രസിഡണ്ട്

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി തൃശ്ശൂർ കമ്മീസിയത്തിന്റെ 706-ാമതും കൂരിയായുടെ 719-ാമതും സമ്മേളനം 2017 ജനുവരി ഞായറാഴ്ച കമ്മീസിയം പ്രസിഡന്റ് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് റവ. ഡോ. ജോൺ മൂലന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭപ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് ബ്ര. പ്രസിഡന്റ് ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്ര. പി.സി. കുരിയപ്പൻ മുൻ മാസ റിപ്പോർട്ടും ട്രഷറർ ജിമ്മി റാഫേൽ

മുൻമാസ വരവ്-ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം പാസാക്കി. വൈസ് പ്രസിഡന്റ് സി. എൽസി ചുമ്മാർ ഹാജർ വിളിച്ചതിൽ പാവറട്ടി, പഴുവിൽ, കാഞ്ഞിരപ്പുഴ കൂരിയായും കോലഴി, അത്താണി, പ്രസീദിയങ്ങളും ഹാജരുണ്ടായിരുന്നില്ല. ബ്ര. പ്രസിഡണ്ട് എല്ലാ മരിയ സൈനികർക്കും പ്രത്യേകം സ്വാഗതം പറഞ്ഞു.

സൈനീക ജപശൃംഖലയ്ക്കു ശേഷം ആദ്ധ്യാത്മിക നിയന്താവ് റവ. ഫാ. ജോൺ മൂലൻ പ്രഭാഷണം നടത്തി. പുതുവർഷത്തിൽ ആശംസകൾ നേർന്നതിനുശേഷം ഈ പുതുവർഷത്തിൽ ആര് എന്നെ സഹായിക്കും? എനിക്ക് വീഴ്ചവരുമ്പോൾ ആര് എന്നെ താങ്ങും? നിന്റെ കടമ നിർവ്വഹിക്കാൻ ആര് എനിക്ക് ശക്തി തരും? എന്ന ചോദ്യങ്ങൾക്ക് യഥാക്രമം പരിശുദ്ധ അമ്മ, പരിശുദ്ധാത്മാവ്, ദൈവം എന്നീ ഉത്തരങ്ങൾ നൽകിയതിനുശേഷം ഓരോ ലീജിയനംഗവും അനുദിനം ദിവ്യബലിയിൽ സംബന്ധിക്കുകയും കുടുംബ പ്രാർത്ഥനയിൽ സംബന്ധിക്കുന്നതിൽ ഉത്സുഹരാകണമെന്നും ഒരാഴ്ചയിലെ ഓരോ ദിവസത്തേയും ഞായർ മുതൽ ശനി വരെയുള്ള ദിവസങ്ങളിലെ പ്രധാന്യത്തെക്കുറിച്ച് പറഞ്ഞതിനുശേഷം പ്രഭാഷണം അവസാനിപ്പിച്ചു.

2016 ഡിസംബർ 11ന് നടന്ന വാർഷിക റീയൂണിയൻ വിജയത്തിനായി സഹകരിച്ച ഏവരേയും ബ്ര. പ്രസിഡണ്ട് നന്ദി പറഞ്ഞു. 2017 ലെ കലണ്ടർ ഇന്നുതന്നെ എല്ലാ കൂരിയായും കൊണ്ടുപോയി പ്രസീദിയത്തിൽ ഏൽപ്പിക്കണമെന്നും കലണ്ടർ അച്ചടിക്കുന്നതിലേക്ക് ആവശ്യമായ സംഖ്യ അടക്കുന്നതിനും ഓർമ്മിപ്പിച്ചു.

മാർച്ച് മാസം രണ്ടാം ഞായറാഴ്ച ആച്ചിയസ് ചടങ്ങ് ഏകദിന പരിപാടിയോടെ നടത്തുന്നതിനും സെനാത്തൂസ് ഭാരവാഹികളെ പ്രത്യേകം ക്ഷണിക്കുന്നതിനും തീരുമാനിച്ചു.

പുതുവർഷദിനത്തിന്റെ കേക്ക് ആദ്ധ്യാത്മിക നിയന്താവ് മുറിച്ച് പ്രസിഡന്റിന് നൽകിയതിനുശേഷം സൈനികർക്ക് വിതരണം ചെയ്തു. അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമാപിച്ചു.

ദിവ്യനാഥയുടെ സേവനത്തിൽ

| | | |
|---|---|---|
| **റവ. ഡോ. ജോൺ മൂലൻ** | **കെ. പി. ജോയ്** | **പി.സി. കുരിയപ്പൻ** |
| ആദ്ധ്യാത്മിക നിയന്താവ് | പ്രസിഡണ്ട് | സെക്രട്ടറി |

# കത്തോലിക്കാ കോൺഗ്രസ്സ്

**കേന്ദ്രമന്ത്രിക്കു നിവേദനം നൽകി**

തീവ്രവാദികൾ തട്ടിക്കൊണ്ടുപോയി തടവിൽവച്ചിട്ടുള്ള ഫാ. ടോം ഉഴുന്നാലിന്റെ ജീവൻ സംരക്ഷിക്കാൻ കേന്ദ്ര സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് സി.ബി.സി.ഐ. വൈസ് പ്രസിഡന്റ് മാർ ആൻഡ്രൂസ് താഴത്ത് നിവേദനത്തിലൂടെ ആവശ്യപ്പെട്ടു. കേന്ദ്ര ന്യൂനപക്ഷ വകുപ്പു മന്ത്രി മുക്താർ അക്ബർ നഖ്വിന് കത്തോലിക്ക കോൺഗ്രസ്സിന്റെ നേതൃത്വത്തിലാണ് നിവേദനം സമർപ്പിച്ചത്. സംസ്ഥാന ഡയറക്ടർ ഫാ. ജിയോ കടവി, സംസ്ഥാന പ്രസിഡണ്ട് വി.വി. അഗസ്റ്റിൻ, തൃശ്ശൂർ അതിരൂപത പ്രസിഡന്റ് പ്രൊഫ. കെ. എം. ഫ്രാൻസീസ്, തൃശ്ശൂർ അതിരൂപത ട്രഷറർ തൊമ്മി പിടിയത്ത് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടി 2017 ജനുവരി 1-ാം തിയതി എല്ലാ ഇടവകകളിലും സംഘടനകളുടെ നേതൃത്വത്തിൽ പ്രാർത്ഥനയും പ്രതിഷേധ കൂട്ടായ്മയും സംഘടിപ്പിക്കണമെന്ന് ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ആഹ്വാനം ചെയ്തു.

| ഫാ. ജിയോ കടവി | പ്രൊഫ. കെ.എം. ഫ്രാൻസീസ് | ഡേവീസ് പുത്തൂർ |
|---|---|---|
| ഡയറക്ടർ | പ്രസിഡന്റ് | ജന. സെക്രട്ടറി |

# മദ്യവിരുദ്ധ സമിതി

**തെരഞ്ഞെടുപ്പ്, പുത്തൻ ഭാരവാഹികൾ**

2016 ജനുവരിയിൽ വിളംബരപ്പെടുത്തിയ വാർഷിക കർമ്മപദ്ധതിയിൽ വിഭാവനം ചെയ്തതനുസരിച്ച് കഴിഞ്ഞ നവംബർ - ഡിസംബർ മാസങ്ങളിൽ യൂണിറ്റ് - ഫൊറോന അതിരൂപത തലങ്ങളിൽ തെരഞ്ഞെടുപ്പുകൾ അരങ്ങേറി. അതിരൂപത ഭാരവാഹികളുടെ തെരഞ്ഞെടുപ്പു ഡിസംബർ 18 ഞായറാഴ്ച ഉച്ചതിരിഞ്ഞ് പാസ്റ്ററൽ സെന്ററിലായിരുന്നു. ഡയറക്ടർ, സിസ്റ്റർ റോസ്‌ലിൻ എഫ്. സി. സി. എന്നിവർ നേതൃത്വം നൽകി. 2017-19 കാലഘട്ടത്തിലേക്ക് തെരഞ്ഞെടുക്കപ്പെട്ട പുതിയ സാരഥികൾ

1. പ്രസിഡണ്ട് : എം. കെ. ബാബു
2. വൈ പ്രസിഡണ്ട് : സുനീഷ് സ്രാമ്പിക്കൽ
3. വൈ. പ്രസിഡണ്ട് : ലൂസി ഡാനിയേൽ

4. സെക്രട്ടറി : റപ്പായി മേച്ചേരി
5. ജോയിന്റ് സെക്രട്ടറി: മാത്യു ചക്കാലയ്ക്കൽ
6.ജോയിന്റ് സെക്രട്ടറി : ക്ലാര സി.ബി
7. ട്രഷറർ : ഫ്രാൻസീസ് തേർമഠം
8. യുവജന പ്രതിനിധി : ബോബി ബാബു
9. പി. ആർ. ഒ. : ഹിറ്റ്ലസ് ചാക്കുണ്ണി

**2. സ്മരണികാ പ്രകാശനം**

2016ലെ മദ്യവിരുദ്ധ പ്രവർത്തനങ്ങളുടെ സമാഹരവും സമാപ്തിയുമായി മോചനം – 2017 എന്ന സ്മരണിക അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് 23.12.2017ന് പ്രകാശനം ചെയ്തു. സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ആദ്യപ്രതി ഏറ്റുവാങ്ങി. ഡയറക്ടർ, പ്രസിഡണ്ട്, എം. കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, എഡിറ്റർ പി. പി. ഡേവീസ്, ജെയിംസ് മുട്ടിക്കൽ, സുനീഷ് സ്രാമ്പിക്കൽ, പി. എൽ. ആന്റണി തുടങ്ങിയവർ സന്നിഹിതരായിരുന്നു. ഇതിനോട് സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

**3. പ്രവർത്തന വർഷോദ്ഘാടനവും സ്ഥാനാരോഹണവും**

കൽദായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ മാർ അപ്രേം മെത്രാപ്പോലീത്ത 2017 ജനുവരി 1ന് മദ്ധ്യവിരുദ്ധ സമിതിയുടെ നവവത്സര പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ഡയറക്ടറച്ചനാണ് ആമുഖ പ്രഭാഷണം നിർവ്വഹിച്ചത്. മോചനം സ്മരണിക തദവസരത്തിൽ എല്ലാവർക്കും വിതരണം ചെയ്യുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി പുത്തൻ ഭാരവാഹികൾക്ക് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. പുതിയ സാരഥികൾ റിപ്പോർട്ട് – കണക്കുപുസ്തകങ്ങൾ എന്നിവ ഏറ്റുവാങ്ങി. എം.കെ. ബാബു, റപ്പായി മേച്ചേരി, ജെയിംസ് മുട്ടിക്കൽ, സുനീഷ് സ്രാമ്പിക്കൽ മുതലായവർ പ്രസംഗിച്ചു. റവ. സി. റോസ്‌ലിൻ എഫ്. സി. സി.യാണ് പ്രാർത്ഥന നയിച്ചത്.

**സംസ്ഥാന അവാർഡ് : മൂന്നാം സ്ഥാനം തൃശ്ശൂർ അതിരൂപതയ്ക്ക്**

2016ലെ പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മദ്യവിരുദ്ധ സമിതി പ്രഖ്യാപിച്ച അവാർഡുകളിൽ മൂന്നാം സ്ഥാനം തൃശ്ശൂർ അതിരൂപത നേടി.. അഡ്ഹോക് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്കു ലഭിച്ച വലിയ അംഗീകാരമാണിത്. ഫെബ്രുവരി മൂന്നിനാണ് അവാർഡ് വിതരണം. കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരും സഹകരിച്ചവരുമായ എല്ലാവർക്കും അഭിനന്ദങ്ങളും ഒത്തിരി നന്ദിയും.

നമുക്ക് ഒത്തൊരുമിച്ച് മുന്നേറാം. മദ്യസൂപ്പർമാർക്കറ്റ് സംസ്കാരത്തിനെ തിരെ പടപൊരുതണം.

പുതിയ ഭാരവാഹികൾക്ക് വിജയാശംസകൾ!

സ്ഥാനമൊഴിഞ്ഞവരെ നന്ദിയോടെ സ്മരിക്കുന്നു.

**ഹിറ്റ്ലസ് ചാക്കുണ്ണി**
(പി.ആർ.ഒ.)

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
(ഡയറക്ടർ)

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

തൃശ്ശൂർ അതിരൂപതയിലെ കാത്തലിക് നേഴ്സസ് ഗിൽഡിന്റെ 2016ലെ ബെസ്റ്റ് സ്റ്റാഫ് നേഴ്സിനുള്ള അവാർഡ് തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പി റ്റലിലെ ശ്രീമതി റെജീന നെൽസൺ കരസ്ഥമാക്കി.

ഓരോ ആശുപത്രിയിൽ നിന്നും തെരഞ്ഞെടുത്തവരിൽ നിന്നും അവാർഡിന് അർഹയായ ശ്രീമതി റെജീന നെൽസനെ, എമിരിറ്റസ് മാർ ജേക്കബ് തൂങ്കുഴി പിതാവ് 2016 നവംബർ 13ന് നടന്ന 'നൈറ്റിംഗേൽസ്' മീറ്റിൽ അവാർഡ് നൽകി ആദരിച്ചു. തുടർന്ന് ഈ വർഷത്തെ മികച്ച സ്റ്റാഫ് നേഴ്സി നുള്ള ദേശീയ പുരസ്ക്കാരം രാഷ്ട്രപതിയിൽ നിന്ന് ഏറ്റ് വാങ്ങിയ ശ്രീമതി ലിൻസി പീറ്ററിനെ ചടങ്ങിൽ അനുമോദിച്ചു. കരുണാവർഷത്തോടനുബന്ധിച്ച് ആരംഭിച്ച പഠന സഹായ സ്കോളർഷിപ്പിന്റെ ഔപചാരിക ഉദ്ഘാടനം ഏങ്ങ ണ്ടിയൂർ എം. ഐ. നേഴ്സിങ്ങ് സ്കൂളിലെ നിമ്മി എന്ന വിദ്യാർത്ഥിയ്ക്ക് നൽകികൊണ്ട് മാർ ജേക്കബ് തൂങ്കുഴി പിതാവ് നിർവ്വഹിച്ചു. കരുണാ വർഷത്തെ ആസ്പദമാക്കി 2016 നവംബർ 13ന് നടത്തിയ ക്വിസ് കോമ്പറ്റീ ഷനിൽ വിവിധ ഹോസ്പിറ്റലിൽ നന്നായി 10 ടീമുകൾ പങ്കെടുത്തു. ഒന്നാം സ്ഥാനം ഒല്ലൂർ സെന്റ് വിൻസെന്റ് ഡി പോൾ ഹോസ്പിറ്റൽ, രണ്ടാം സ്ഥാനം പഴുവിൽ സെന്റ് ആന്റണീസ് ഹോസ്പിറ്റൽ,പുത്തൻ പീടിക പാദുവ ഹോസ്പിറ്റൽ വിജയികൾക്ക് ഈ യോഗത്തിൽ സമ്മാനങ്ങൾ പിതാവ് വിത രണം ചെയ്തു. '2016 നൈറ്റിംഗേൽസ് മീറ്റ്' ഒരു വിജയമാക്കിയ എല്ലാ ഹോസ്പിറ്റലുകൾക്കും, പ്രത്യേകമായി ഏങ്ങണ്ടിയൂർ എം.ഐ. ഹോസ്പി റ്റലിന്റെ ശക്തമായ പിന്തുണയും നന്ദിയോടെ എടുത്തുപറയുന്നു. ഇനിയും എല്ലാ പ്രവർത്തനങ്ങളിലും പ്രാർത്ഥനയും സഹകരണവം പ്രതീക്ഷിക്കുന്നു.

2016 ഡിസംബർ 21–ാം തിയതി സി.എൻ.ജി.ഐ.യുടെ നേതൃത്വത്തിലുള്ള ക്രിസ്മസ് ആഘോഷം വിവിധ ഹോസ്പിറ്റലിൽ നിന്നുള്ള പ്രതിനിധികളും

എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തുകൊണ്ട് മാനസിക രോഗികളെ ശുശ്രൂഷിക്കുന്ന പൂവൻഞ്ചിറ കാരിസ്മ ഭവനത്തിൽ അവിടുത്തെ അന്തേവാസികളോടൊത്ത് ആഘോഷിച്ചു. സി.എൻ.ജി. ഐ. ഡയറക്ടർ റവ. ഫാ. സിജോ അരിക്കാട്ട് ക്രിസ്തുമസ് സന്ദേശം നൽകി. സി.എൻ.ജി. ഐ. പ്രസിഡണ്ട് സി. ദെപ്പാസി സി.എസ്.സി. , സി. ലിസറ്റ് സി.എം.സി., എന്നിവർ സംസാരിച്ചു. കേക്ക് മുറിച്ച് കൊണ്ട് മധുരം പങ്കുവെക്കുകയും ക്രിസ്മസ് കരോളും വിവിധ കലാപരിപാടികളും രോഗികളുടെ പ്രോഗ്രാമുകളും ഈ ദിനത്തെ കൂടുതൽ മനോഹരമാക്കി.

ആതുരശുശ്രൂഷാരംഗത്ത് സേവനം ചെയ്യുന്നവരുടെ ആത്മീയവും മാനസികമായ വളർച്ചയ്ക്കും, പ്രോത്സാഹനത്തിനുമായി 2017 മാർച്ച് 12 മുതൽ 17 വരെയും 19 മുതൽ 24 വരെയും രണ്ട് ബാച്ചുകളിലായി അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ, റവ. ഫാ. സേവ്യാർഖാൻ വട്ടായിയുടെ നേതൃത്വത്തിൽ ധ്യാനം നടത്തുന്നു. സംബന്ധിക്കാൻ ആഗ്രഹിക്കുന്നവർ ഫെബ്രുവരി 20-ാം തിയതിക്ക് മുമ്പായി സി.എൻ.ജി. ഐ. ഭാരവാഹികളെ അറിയിക്കുമല്ലോ. സ്റ്റാഫ് നേഴ്സുമാർക്ക് മുൻഗണന, വാഹന സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ് എഫ്. സി. സി.**
സെക്രട്ടറി

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പാരീഷ് ഫെസ്റ്റ്**

ചിയ്യാരം വിജയമാതാ പള്ളിയിൽ ഡിസംബർ 8, 9, 10 തിയതികളിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ പാരിഷ് ഫെസ്റ്റ് നടന്നു. കരിസ്മാറ്റിക് നവീകരണത്തിന്റെ സുവർണ ജൂബിലിയോടനുബന്ധിച്ച് നടന്ന പരിപാടിക്ക് തൃശ്ശൂർ അതിരൂപത സർവ്വീസ് ടീം നേതൃത്വം നൽകി. അസി. ഡയറക്ടർ റവ. ഫാ. സജീവ് ഇമ്മട്ടി, ഒല്ലൂർ സബ്സോൺ ആനിമേറ്റർ റവ. ഫാ. ജസ്റ്റിൻ തടത്തിൽ, സർവ്വീട് ടീം കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ്, സെക്രട്ടറി സെബാസ്റ്റ്യൻ സി.ടി., സർവ്വീസ് ടീം അംഗങ്ങളായ ജോൺസൺ വി.സി. വിജു സി.ടി. എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

കോലഴി സെന്റ് ബെനഡിക്ട് ഇടവകയിൽ ഡിസംബർ 15, 16, 17 തിയതി

കളിൽ പാരിഷ് ഫെസ്റ്റ് നടന്നു. റവ. ഫാ. പോൾ കള്ളിക്കാടൻ, സാബു എം വർഗ്ഗീസ്, സി.ടി. സെബാസ്റ്റ്യൻ, ജോൺസൺ വി. സി. വിജു സി.ടി., റോയ് സി. ഒ. എന്നിവർ വചനം പ്രസംഗിച്ചു. വടക്കാഞ്ചേരി സബ്സോൺ ആനിമേറ്റർ റവ. ഫാ. മനോജ് താണിക്കൽ വി. കുർബ്ബാനകൾക്ക് കാർമ്മികനായി. സബ്സോൺ കോ-ഓർഡിനേറ്റർ ജീസൺ കോലഴി നേതൃത്വം നൽകി.

**കരിസ്മാറ്റിക് സുവർണ്ണ ജൂബിലി ഒരുക്ക ഏകദിന ധ്യാനങ്ങൾ**

പട്ടിക്കാട് : ഫൊറോനയിലെ ജൂബിലി ഒരുക്ക ഏകദിന ധ്യാനം ഡിസംബർ 10 ശനിയാഴ്ച 9.30മുതൽ 4വരെ കണ്ണാറ ഇടവക ദൈവാലയത്തിൽ നടന്നു.

ഒരുമനയൂർ : ജൂബിലി ഒരുക്ക ധ്യാനം ഡിസംബർ 10 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ചെറുപുഷ്പം ദൈവാലയത്തിൽ നടത്തി.

അരണാട്ടുകര : ഇടവക ദൈവാലയത്തിൽ ഡിസംബർ 12 തിങ്കളാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 വരെ ജൂബിലി ഒരുക്ക ധ്യാനം നടന്നു.

കൊട്ടേക്കാട് : സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ഡിസംബർ 21 ബുധനാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 4 വരെ ഏകദിന ധ്യാനം നടന്നു.

തൊയക്കാവ് : തിരുഹൃദയ ദൈവാലയത്തിൽ 2017 ജനുവരി 7 ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 2 മണിവരെ ക്രമീകരിച്ച ശുശ്രൂഷകളിൽ അതിരൂപത കരിസ്മാറ്റിക് കോ ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് വചന പ്രഘോഷണം നടത്തി.

**സബ്സോൺ കൂട്ടായ്മയും ക്രിസ്തുമസ് ആഘോഷവും**

ഡിസംബർ 18 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മുതൽ 4.30 വരെ എരുമപ്പെട്ടി സബ്സോൺ കൂട്ടായ്മ പുതുരുത്തി ഇടവക ദൈവാലയത്തിൽ നടന്നു. ക്രിസ്തുമസ് ആഘോഷപരിപാടികൾ ആനിമേറ്റർ ഫാ. സെബാസ്റ്റ്യൻ വെട്ടത്ത് ഉദ്ഘാടനം ചെയ്തു. കോ-ഓർഡിനേറ്റർ സാബു എം. വർഗ്ഗീസ് വചനപ്രഘോഷണം നടത്തി. ഫൊറോന കോ-ഓർഡിനേറ്റർ ബാബു മങ്ങാട് നേതൃത്വം നൽകി.

**കരിസ്മാറ്റിക് നവീകരണം സുവർണ്ണ ജൂബിലി**

ആഗോള തലത്തിൽ കരിസ്മാറ്റിക് നവീകരണം കത്തോലിക്ക സഭയിൽ ആരംഭിച്ചിട്ട് ഫെബ്രുവരി 17ന് 50 വർഷം തികയുന്നു. നവീകരണ മുന്നേറ്റത്തിലൂടെ സഭയ്ക്ക് ലഭിച്ച അനുഗ്രഹങ്ങൾക്ക് നന്ദിപറയുന്നതിനും ഇടവക പ്രാർത്ഥനാ കൂട്ടായ്മകളെ ശക്തിപെടുത്തുന്നതിനും എല്ലാഇടവകകളിലും

3 ദിവസത്തെ പാരിഷ് ഫെസ്റ്റുകളും ഏകദിന ജൂബിലി ഒരുക്ക ധ്യാനങ്ങളും നടത്താൻ അതിരൂപതാ സർവ്വീസ് ടീം ആഗ്രഹിക്കുന്നു. ആവശ്യമുള്ളവർക്ക് കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടാവുന്നതാണ്. 9846067283

| | | |
|---|---|---|
| **ഫാ. ഷാജൻ തേർമഠം** | **സാബു എം. വർഗ്ഗീസ്** | **സെബാസ്റ്റ്യൻ സി.ടി** |
| ഡയറക്ടർ | കോ- ഓർഡിനേറ്റർ | സെക്രട്ടറി |

# കെ.സി.എസ്. എൽ.

**മദർ തെരേസാദിനം – ചാരിറ്റി വിതരണം**

മദർ തെരേസാ ദിനത്തോടനുബന്ധിച്ച് വിവിധ യൂണിറ്റുകൾ ശേഖരിച്ച വസ്ത്രങ്ങളും മറ്റ് പഠനോപകരണങ്ങളും തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തു. സഹകരിച്ച ആനിമേറ്റർമാർക്കും കെ.സി.എസ്. എൽ. അംഗങ്ങൾക്കും പ്രധാനദ്ധ്യാപകർക്കും അഭിനന്ദനങ്ങൾ.

**തൃശ്ശൂർ അതിരൂപത കെ.സി.എസ്. എൽ. പരിശീലന ക്യാമ്പ്**

കെ.സി.എസ്. എൽ. അതിരൂപതാ നേതൃത്വപരിശീലന ക്യാമ്പ് 2017 മാർച്ച് 11 ശനിയാഴ്ചയാണ്. 2017-18 അദ്ധ്യയന വർഷത്തെ വിദ്യാർത്ഥി ഭാരവാഹികളെ ഈ ക്യാമ്പിൽ വച്ച് തിരഞ്ഞെടുക്കുന്നതാണ്.

**സ്റ്റേറ്റ് സാഹിത്യോത്സവം**

കെ.സി.എസ്.എൽ. സാഹിത്യോത്സവ ഫലം ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.

| | |
|---|---|
| 1. HSS സ്കോളർഷിപ്പ് | Ist റോസ് മുട്ടത്ത് & സാന്ദ്രാ ആന്റണി<br>എൽ. എഫ്. സി. ജി. എച്ച്. എസ്. എസ്.<br>മമ്മിയൂർ |
| 2. HSS ബൈബിൾ ക്വിസ് | Ist റോസ് മുട്ടത്ത് & അനിറ്റ് ആന്റണി<br>എൽ. എഫ്. സി. ജി. എച്ച്. എസ്. എസ്.<br>മമ്മിയൂർ |
| 3. HSS കഥാരചന | Ist അന്നാ റോസ് എം.ബി<br>SHCGHSS, Thrissur |
| 4. HSS KCSL ക്വിസ് | 3rd ജിനി ജോർജ്ജ് & എൽന വർഗ്ഗീസ്<br>SHCGHSS, Thrissur |
| 5. HSS ചിത്രരചന | 3rd ആന്റണി ജോഷി<br>സെന്റ് ആന്റണീസ് HSSപുത്തൻപീടിക |

| | |
|---|---|
| **ഡോ. ജോൺ റാഫേൽ** | **റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി** |
| പ്രസിഡന്റ് | ഡയറക്ടർ |

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. എരുമപ്പെട്ടി, ചേലക്കര, പുത്തൂർ, തൃശ്ശൂർ ഈസ്റ്റ് ഏരിയ കൗൺസിലുകളിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പുകൾക്ക് സെൻട്രൽ കൗൺസിലിൽ നിന്ന് നിരീക്ഷകരെ അയക്കുവാൻ തീരുമാനിച്ചു.

2. കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നടത്തിയ 'അതിരൂപത വിൻസെൻഷ്യൽ സംഗമം – 2016 നെക്കുറിച്ച് അവലോകനം നടത്തി. സംഗമം നടത്തുവാൻ സൗകര്യമൊരുക്കി തന്ന സ്കൂൾ മാനേജരും സംഘടനയുടെ ആദ്ധ്യാത്മികോപദേഷ്ടാവുമായ റവ. ഡോ. ആന്റണി ചെമ്പകശ്ശേരിയച്ചനെ മറ്റു സ്കൂൾ ജീവനക്കാർക്കും സിസിയുടെ കൃതജ്ഞത രേഖപ്പെടുത്തി. കൂടാതെ വിവിധ കമ്മിറ്റി അംഗങ്ങൾക്കും യൂത്ത്, വനിത വിഭാഗങ്ങൾക്കും നന്ദി പറഞ്ഞു. സംഗമം നടത്തിപ്പിൽ എല്ലാ അംഗങ്ങളും സംതൃപ്തി അറിയിച്ചു.

3. KRCE തലമത്സരങ്ങൾ 14.01.2017ന് കലൂർ റിന്യൂവൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. സിസിതല മത്സര വിജയികൾ പ്രസ്തുത മത്സരത്തിൽ പങ്കെടുക്കണമെന്ന് അറിയിച്ചു.

4. KRCE ഓഫീസ് 26.1.2017ന് തൃശ്ശൂർവിൻസെൻഷ്യൽ കോംപ്ലക്സിൽ ആശീർവ്വാദ കർമ്മം നടത്തുന്നതാണ്. തുടർന്ന് പ്രവർത്തനോദ്ഘാടനം നടത്തുന്നതാണ്.

5. പുതുക്കാട് ഇടവകയിൽ 'സെന്റ് എവുപ്രാസ്യ' വനിത കോൺഫ്രൻസ് പ്രവർത്തനമാരംഭിച്ചു. മുറ്റിച്ചൂർ ഇടവകയിൽ പുതിയ ജൂനിയർ കോൺഫ്രൻസ് ആരംഭിക്കുന്നതിന് അനുവാദം നൽകി.

6. 'കാരുണ്യസ്പർശം' ഫണ്ടിൽ നിന്ന് ഇതുവരെയും 5, 50,500 രൂപ സഹായമായി വിതരണം ചെയ്തിരിക്കുന്നു.

7. HES, TTS സ്കോളർഷിപ്പുകൾ (റിന്യൂവൽ) അനുവദിച്ചുവന്നിരിക്കുന്നു.

8. 2017 ഏപ്രിൽ, മെയ് മാസങ്ങളിലായി സി.സി. യൂത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഫുട്ബോൾ ടൂർണ്ണമെന്റ് നടത്തുന്നതാണ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്ന എ.സി.കൾ ഫെബ്രുവരി 28ന് മുമ്പ് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| **ഫാ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. പോൾസൺ കെ. കെ.** |
| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |

# ചിൽഡ്രൻസ് മിനിസ്ട്രി

**ഫോൺ 0487 2325336, 9947582522, 8547250833**

**തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി., ക്രിസ്റ്റീൻ**

**സെയിന്റ്സ് ക്വിസ്: അതിരൂപതാ തലത്തിൽ നടന്ന സെയിന്റ്സ് ക്വിസ്സിൽ ഒന്നാം സമ്മാനം നേടിയ പുതുക്കാട് ഫൊറോന ചിറ്റിശ്ശേരി ഇടവകയ്ക്കും, രണ്ടാം സമ്മാനം നേടിയ കണ്ടശ്ശാംകടവ് ഫൊറോനയിലെ വാടാനപ്പിള്ളി ഇടവകയ്ക്കും, മൂന്നാംസമ്മാനം നേടിയ പഴുവിൽ ഫൊറോനയിലെ ചിറക്കൽ ഇടവകയ്ക്കും ചിൽഡ്രൻസ് മിനിസ്ട്രിയുടെ അഭിനങ്ങൾ!**

**തിരുബാലസംഖ്യ ദിനം**: ഫെബ്രുവരി 12ന് ആഗോളതലത്തിൽ തിരുബാലസംഖ്യം ദിനം ആഘോഷിക്കുന്നു. ഈ വർഷത്തെ വിഷയം നമ്മുടെ "കുട്ടികൾ കുഞ്ഞ് മിഷനറിമാർ", ബൈബിൾ വാക്യം-"എനിക്ക് വിശന്നു നിങ്ങൾ എനിക്ക് ഭക്ഷിക്കാൻ തന്നു" -മത്താ 25,35 എന്നതിനെ ആസ്പദമാക്കി യൂണിറ്റുകളിൽ ഒരു പ്രാർത്ഥനാദിനം ഒരുങ്ങി നടത്തേണ്ടതാണ്.

**ആദ്യകുർബ്ബാനസ്വീകരണം** : ആദ്യകുർബ്ബാനസ്വീകരണത്തിന് ഒരുക്കുന്ന അദ്ധ്യാപകർക്കായി അർദ്ധദിന പരിശീലന പരിപാടി മാർച്ച് 11 ശനിയാഴ്ച അതിരൂപതാമതബോധന കേന്ദ്രത്തിൽ വച്ച് നടത്തുന്നു. സമയം ഉച്ചക്ക് 1.30 മുതൽ 4 വരെ. താത്പര്യമുള്ളവർ ഫെബ്രുവരി 22 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ വിളിച്ചറിയിക്കേണ്ടതാണ്.ഫോൺ: 0487 2325336, 9947582522, 8547250833

**പരിശീലന ക്യാമ്പുകൾ**: മാർച്ച് 30,31,ഏപ്രിൽ 1 തിയതികളിൽ വിവിധ സംഘടനകളുടെ ചിൽഡ്രൻസ് മിനിസ്ട്രി ആനിമേറ്റ്ഴ്സിനും; ഏപ്രിൽ 5,6,7 തിയതികളിൽ തിരുബാലസംഖ്യത്തിന്റെ (സ്പർശ് ക്യാമ്പ്) കുട്ടികൾക്കും; ഏപ്രിൽ 8,9,10 തിയതികളിൽ ജൂനിയർ സി എൽ സി യുടെ (ക്രിസ്ത്യൻ ലൈഫ് ക്യാമ്പ്) കുട്ടികൾക്കും; ഏപ്രിൽ 17,18,19 തിയതികളിൽ

അൾത്താരസംഘത്തിന്റെ (ബെർക്കുമെൻസ് ക്യാമ്പ്) കുട്ടികൾക്കായും ക്യാമ്പ് ഉണ്ടായിരിക്കുന്നതാണ്.ഒരു ഇടവകയിൽ നിന്ന് 2 പേർക്കാണ് ക്യാമ്പിൽ പങ്കെടുക്കാൻ കഴിയുക. ആദ്യം ബുക്ക് ചെയ്യുന്ന 50 പേർക്കായിരിക്കും മുൻഗണന.

**തിരുവചന പഠനം:** "ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരുക്കുന്നു.....(ലൂക്കാ 4,18)"

**പരിചയപ്പെടുന്ന വിശുദ്ധ:** വി അഗാത്ത

**സുകൃതജപം:** ഈശോയേ നീയെന്റെ കൂടെയായിരിക്കണമേ

**പ്രാർത്ഥനാ നിയോഗം:**

സാമ്പത്തികമായി പിന്നോക്കമായവർക്ക് വേണ്ടി

കോ.ഓഡിനേറ്റർ
സി റെജി SSPC

ഡയറക്ടർ
ഫാ ജിജോ കപ്പിലാംനിരപ്പേൽ

# അതിരൂപതയിൽ നിന്നുള്ള നവവൈദികർ


Fr. Alappadan Biju OSFS


Fr. Eluvathingal Lijoy CMI


Fr. Kannampuzha Ninto SDV


Fr.Kannanaikal Rony CMI


Fr. Kokkadan Raphael (Lipson) CMI


Fr. Koola Biston CMI


Fr. Koothoor Francis Xavier (Shijo) (Kalyan)


Fr. Kuttukkaran Jinto CMI


Fr. Maliekal Jijo (Paul) MCBS


Fr. Malit Fijo Joseph RCJ


Fr. Mannummel Antony CMI


Fr. Pavarttikaran Sijo O'Carm.


Fr. Thanickal Allwin CMI


Fr. Thattil Kada Reji IC


Fr. Thayyalakkal Sijo CMI


Fr. Thumbamattathil Cebin Mathew SJ


Fr.Vadayaparambil Augustine (Bibin) MST



നവവൈദികർക്ക് ആശംസകൾ

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.01.2017
Feb. 2017



ചങ്ങനാശ്ശേരി അതിരൂപതയുടെ

നിയുക്ത സഹായമെത്രാൻ

## മാർ ടോമി തറയിലിന്

തൃശ്ശൂർ അതിരൂപതയുടെ പ്രാർത്ഥനാ മംഗളങ്ങൾ

Edited, Printed & Published by **Dr. Francis Aloor,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Executive Editor : **Rev. Fr. Dominic Thalakodan** Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005